# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജൂലൈ 2024 | വാല്യം 51 ലക്കം 4 | പേജ് 12 | വില 10.00 രൂപ

UNITY Monthly | July 2024 | Volume 51 Issue 4 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


**പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയത്തിന്റെ കാരണങ്ങൾ കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കാനും യോഗം ചേർന്ന സിപിഐ(എം)ന്റെയും സിപിഐയുടെയും സംസ്ഥാനഘടകങ്ങൾ തിരുത്തലുകൾ ആവശ്യമാണെന്ന് വിലയിരുത്തിയതായി പ്രസ്തുത പാർട്ടികളുടെ നേതാക്കൾ പത്രസമ്മേളനങ്ങളിലൂടെ അറിയിക്കുകയുണ്ടായി. പരാജയ കാരണങ്ങളായി വിലയിരുത്തപ്പെട്ടതിൽ എന്തൊക്കെയാണ് തിരുത്താൻ പോകുന്നതെന്ന് അവർ സൂചിപ്പിക്കുകയുണ്ടായില്ല. എന്നാൽ വോട്ടർമാരുടെ വിശ്വാസം തിരികെപ്പിടിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം പാർലമെന്ററി വിജയം മാത്രം ലാക്കാക്കിയുള്ള, തിരുത്തലുകളും പരിഹാരവുമാണ് അവർ കണക്കുകൂട്ടുന്നതെങ്കിൽ സംസ്ഥാനത്തെ ഇടതുരാഷ്ട്രീയം അപരിഹാര്യമായ തകർച്ചയിലേക്ക് നിപതിക്കുമെന്ന മുന്നറിയിപ്പ് നൽകാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.**

# ഇടതു – ജനാധിപത്യ മനസ്സാക്ഷിയോട് ഒരു അഭ്യർത്ഥന

പാർലമെന്ററി രാഷ്ട്രീയത്തിന്റെ സങ്കുചിതമായ ഗണിതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾകൊണ്ടോ, തൊലിപ്പുറമേയുള്ള ചില പരിഷ്കരണനടപടികൾകൊണ്ടോ പരിഹരിക്കാവുന്നതല്ല ഇടതു രാഷ്ട്രീയം അഭിമുഖീകരിക്കുന്ന ആഴമാർന്ന പ്രതിസന്ധി. ജനങ്ങളുടെ ചിന്താമണ്ഡലത്തെയും ജീവിതവീക്ഷണത്തെയും സ്വാധീനിച്ചിരുന്ന ജനാധിപത്യ - ഇടതു - പുരോഗമന ആശയങ്ങൾ വലിയൊരളവിൽ ചോർന്നതെന്തുകൊണ്ടാണെന്ന സത്യസന്ധമായ ആത്മപരിശോധനയാണ് ഉണ്ടാകേണ്ടത്. അതിനുള്ള രാഷ്ട്രീയകെൽപ്പും ബൗദ്ധികശേഷിയും ഈ പ്രസ്ഥാനങ്ങൾക്കുണ്ടോ എന്നതും ഗൗരവമുള്ള ചോദ്യമാണ്.

### ബിജെപിയുടെ പരിമിത നേട്ടങ്ങൾ വെളിവാക്കുന്നതിനും മേലെയാണ് സംസ്ഥാനത്തിന്റെ സാമൂഹ്യ അപചയം

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഒരു സീറ്റിൽ ബിജെപി വിജയം നേടുകയുണ്ടായി. കേരളത്തിലെ 11 നിയമസഭാമണ്ഡലങ്ങളിൽ ബിജെപി, യുഡിഎഫ് – എൽഡിഎഫ് മുന്നണികളെ പിന്തള്ളി ഒന്നാം സ്ഥാനത്തെത്തുകയും വോട്ട് വിഹിതം 17 ശതമാനമാക്കി ഉയർത്തുകയും ചെയ്തു. ബിജെപി അവതരിപ്പിക്കുന്ന അത്യാപൽക്കരമായ വിഭജനത്തിന്റെ രാഷ്ട്രീയത്തിന് കേരളത്തിന്റെ മണ്ണിൽ ഇടം വർദ്ധിക്കുന്നു എന്നതോടൊപ്പം മറ്റൊരു യാഥാർത്ഥ്യംകൂടി നാം കണ്ടേമതിയാകൂ. രാഷ്ട്രീയ–സാമൂഹ്യ മണ്ഡലങ്ങളിലെ അപചയത്തിന്റെ ആഴം, ബിജെപി നേടുന്ന പരിമിതമായ പാർലമെന്ററി നേട്ടങ്ങൾ അടയാളപ്പെടുത്തുന്നതിനും അപ്പുറത്താണെന്നതാണ് ആ യാഥാർത്ഥ്യം. ആഴത്തിൽ സംഭവിച്ചുകൊണ്ടിരി

(ശേഷം 2–ാം പേജിൽ)

### നാലുവർഷ ബിരുദ ഉദ്ഘാടനം

# എഐഡിഎസ്ഒ പ്രതിഷേധ മാർച്ചിൽ പോലീസ് ബലപ്രയോഗം




നാലുവർഷ ഡിഗ്രികോഴ്സ് നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ഉദ്ഘാടനവേദിയായ തിരുവനന്തപുരം വിമൻസ് കോളജിലേയ്ക്ക് എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടത്തിയ വിദ്യാർത്ഥികളെ പോലീസ് ബലംപ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കുന്നു.

സർവകലാശാലകളെ തകർക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിക്കരുത് എന്നാവശ്യപ്പെട്ട് ഉദ്ഘാടന വേദിയായ തിരുവനന്തപുരം വിമൻസ് കോളേജിലേക്ക് എഐഡിഎസ്ഒ (ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ) യുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധമാർച്ച് പോലീസ് തടഞ്ഞു. വിദ്യാർത്ഥികളെ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്തുനീക്കി. മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ മന്ത്രിയും പങ്കെടുക്കുന്ന നാലുവർഷ ബിരുദത്തിന്റെ സംസ്ഥാനതല ഉദ്ഘാടന വേദിയിലേക്കാണ് പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തിയത്.

പ്രതിഷേധയോഗം സംസ്ഥാന സെക്രട്ടറി സഖാവ് ആർ.അപർണ ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണം ലക്ഷ്യംവെച്ചുകൊണ്ടുള്ള ഘടനയാണ് നാലുവർഷ ബിരുദത്തിനുള്ളത്. വിഷയാധിഷ്ഠിത പഠനത്തെ നിരാകരിച്ചുകൊണ്ട് നൈപുണീ പഠനവും ക്രെഡിറ്റ് സമ്പാദനവും മാത്രമായി ഡിഗ്രി വിദ്യാഭ്യാസത്തെ നാലുവർഷ ഡിഗ്രി അധഃപതിപ്പിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ നാലുവർഷ ഡിഗ്രി നടപ്പിലാക്കിയ സംസ്ഥാനങ്ങളെല്ലാം രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നുണ്ട്.

പ്രൊഫ.ശ്യാം ബി.മേനോൻ കമ്മീഷൻ ശുപാർശ ചെയ്ത നാലുവർഷ ഡിഗ്രിയാണ് കേരളത്തിൽ നടപ്പിലാക്കുന്നത് എന്നാണ് സംസ്ഥാന സർക്കാർ വാദമെങ്കിലും ചില പേരുകളിലൊഴികെ കാര്യമായ വ്യത്യാസം ഒന്നുമില്ലെന്ന് ഇരു രേഖകളിലൂടെയും കടന്നു പോകുന്നവർക്ക് മനസ്സിലാകും. കർണ്ണാടകയിൽ എഐഡിഎസ്ഒയുടെ നേതൃത്വത്തിലുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് നാലുവർഷബിരുദം പിൻവലിച്ചുകൊണ്ട് മെയ് 8ന് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിരുന്നു. കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും സിപിഐ(എം) ഉം എസ്എഫ്ഐയുംനാലുവർഷഡിഗ്രിക്ക് എതിരെ സമരരംഗത്താണ്. ഈ സാഹചര്യത്തിലാണ് കേരളത്തിൽ വളർന്നു വരേണ്ട സമരാന്തരീക്ഷത്തെ ദുർബലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാലു വർഷ ഡിഗ്രിയുടെ നടപ്പിലാക്കൽ ഉത്സവമായി കൊണ്ടാടുന്നത്, ആർ.അപർണ പറഞ്ഞു.

എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അകിൽ മുരളി, കെ.റഹീം സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ ഗോവിന്ദ് ശശി, നിലീന മോഹൻകുമാർ, ആർ.ജതിൻ, സുകന്യ കുമാർ, ആർ.മീനാക്ഷി, രലേഷ് ചന്ദ്രൻ എന്നിവർ മാർച്ചിനുനേതൃത്വം നൽകി. ■

# പുരോഗമന ലേബലണിഞ്ഞ നഗ്നമായ വലതുവൽക്കരണം യഥാർത്ഥ ഇടതുരാഷ്ട്രീയത്തെ ദുർബലപ്പെടുത്തുന്നു

*(1–ാം പേജിൽ നിന്ന്)*

ക്കുന്ന അപകടകരമായ വലതുപക്ഷവൽക്കരണമൊന്നാകെ ബിജെപിക്ക് അനുകൂലമായ വോട്ടായി മാറുന്നില്ല. അതിനിട നൽകാത്ത സവിശേഷമായ സാമൂഹിക ബലാബലത്തിൽ നാളെകളിൽ മാറ്റമുണ്ടായാൽ ഇതായിരിക്കില്ല തിരഞ്ഞെടുപ്പ് ഫലം.

## ജനാധിപത്യ–മതേതര മൂല്യങ്ങൾ അസ്തമിക്കുന്ന കേരളം: ആരാണുത്തരവാദികൾ?

പുരോഗമന- ജനാധിപത്യമൂല്യങ്ങളുടെ പ്രകാശം നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലത്തിൽ ക്രമേണ അണയുകയാണ്. ജാതി-മത-സാമുദായിക വികാരത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രതിലോമ ആശയങ്ങൾ കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ ആപൽക്കരമായ സ്വാധീനം നേടുന്നു എന്നതാണ് ഈ പതനത്തിന്റെ മുഖ്യവശം. വർഗ്ഗീയതയെ മുഖ്യ ആയുധമാക്കി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്കു ള്ളിൽ മാത്രമല്ല, അതിനുപുറത്തും മതാന്ധതയുടെയും അന്യമത ഈറയുടെയും വിദ്വേഷത്തിന്റെയും മനോഭാവം, ഒരു പൊതുബോധമാക്കി മാറ്റാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നു. എതിരഭിപ്രായങ്ങളോട് കാട്ടുന്ന അസഹിഷ്ണുതയും എതിർചേരിയെ കായികമായി നിശബ്ദമാക്കുന്ന ജനാധിപത്യവിരുദ്ധതയും ആരോഗ്യകരമായ സംവാദങ്ങളുടെ ഇടം ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കിക്കഴിഞ്ഞു. അറുവഷളൻ അവസരവാദം, സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടി ഏതുതരം നീചകൃത്യവും ന്യായീകരിക്കപ്പെടുന്ന രാഷ്ട്രീയ അധാർമ്മികത, ശാസ്ത്രീയ ചിന്താഗതിയും യുക്തിബോധവും അതിവേഗം അസ്തമിക്കുന്ന സാമൂഹ്യ അന്തരീക്ഷം, ട്രേഡ്‌യൂണിയൻ സംഘടനകളെ നയിക്കുന്ന വഷളായ സാമ്പത്തികവാദവും നിയമവിധേയവാദവും, അവകാശങ്ങൾക്കുവേണ്ടി വീറോടെ പൊരുതുന്ന സമരപ്രബുദ്ധതയുടെ സ്ഥാനത്ത് യാചനയുടെയും അധികാരവിധേയത്വത്തിന്റെയും സന്ധിമനോഭാവം ഇവയെല്ലാം അനുനിമിഷം പെരുകുന്ന ഈ സംസ്ഥാനം, ഇടതുപക്ഷ കേരളം എന്ന സൽപ്പേര് നഷ്ടപ്പെടുത്തിക്കഴിഞ്ഞു. കേരളം ഇന്ന് പിറകോട്ട് നടക്കുകയാണ്. പേടിപ്പെടുത്തുന്ന വേഗതയിൽ. ഈ സാഹചര്യത്തിന് ആരാണുത്തരവാദികൾ?

ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും യശസ്സാർന്ന ഒരു സാമൂഹ്യപദവി കേരളം നേടിയിരുന്നു. ജനാധിപത്യ-മതേതര-പുരോഗമന-ഇടതു മൂല്യങ്ങളാൽവലിയൊരളവിൽപ്രശോഭിതമായിരുന്ന ഈ കൊച്ചുസംസ്ഥാനത്തിന്റെ സാമൂഹ്യമണ്ഡലം. നവോത്ഥാന മൂല്യങ്ങളാൽ സ്ഫുടം ചെയ്തുവന്ന ജനാധിപത്യ മനസ്സിന് ആഴത്തിൽ വേരുകൾ ഉണ്ടായിരുന്നു. കേരളത്തെ ഏറെക്കുറെ ആധുനികമാക്കിയ നവോത്ഥാനപ്രസ്ഥാനത്തിന്റെ തുടർച്ചയിൽ മതേതരവും അപരനോട് കരുതലുള്ളതുമായ ഒരു പൊതുമനോഭാവം രൂപംകൊണ്ടിട്ടുണ്ട്. വടക്കേഇന്ത്യൻ സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കിയാൽ ജാതി കലഹങ്ങളും വേർതിരിവുകളും ഭേദവിചാരങ്ങളും അന്ധവിശ്വാസങ്ങളും ഗണ്യമായ നിലയിൽ കുഴിവെട്ടിമൂടിയ ഇടം. താരതമ്യേന പുരോഗമന ഉള്ളടക്കമുണ്ടായിരുന്ന നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ കടന്നുവന്നവരിൽ പണിയെടുക്കുന്നവരോടുള്ള അനുഭാവവും വൈജാത്യങ്ങളെ മറികടക്കുന്ന സാഹോദര്യവും മൂലധനത്തിന്റെ സർവ്വാധിപത്യത്തോടുള്ള എതിർപ്പും ജനാധിപത്യമൂല്യങ്ങളോടുള്ള ആദരവും പൊതുവിൽ നിലനിന്നിരുന്നു. തൊഴിലാളികൾ അഭിമാനകരമായ പദവിയും ഉയർന്ന കൂലിയും അവകാശബോധവും നേടിയ മണ്ണ്. ആധുനിക വിദ്യാഭ്യാസവും ഉജ്വലമായ സാഹിത്യസമ്പത്തും കൈവരിച്ച കേരളം. മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സ്ത്രീവിദ്യാഭ്യാസം. വായനശാലകളും വായനാശീലവും മുഖമുദ്രയാക്കിയ കേരളഗ്രാമങ്ങൾ. ഉന്നതമായ സാഹിത്യസൃഷ്ടികളിലൂടെ മനുഷ്യസാഹോദര്യവും പരസ്പരാദരവും ഭേദങ്ങൾക്കതീതമായ സ്നേഹവും വലിയളവിൽ സ്വാധീനം സൃഷ്ടിച്ചിട്ടുള്ള സംസ്ഥാനം. ഇപ്രകാരം ഒട്ടനവധി നേട്ടങ്ങളാൽ വ്യത്യസ്തമായ ഭൂമികയായിരുന്ന സംസ്ഥാനത്തിന്റെ സാമൂഹ്യമണ്ഡലം മനുഷ്യസ്നേഹികളെ വേദനിപ്പിക്കുംവിധമുള്ള ഒരു പതനത്തിന് വേദിയായതെന്തുകൊണ്ടെന്നാണ് നാം പരിശോധിക്കേണ്ടത്; അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കാൻ എന്തുനടപടിയാണ് സ്വീകരിക്കേണ്ടത് എന്നല്ല. ആർക്കും ഭേദിക്കാനാവാത്ത മനുഷ്യസാഹോദര്യവും ജനാധിപത്യമൂല്യങ്ങളുടെ സൗരഭ്യവും ഈ മണ്ണിൽ വീണ്ടെടുക്കാൻ കൈക്കൊള്ളേണ്ടുന്ന കർമ്മപദ്ധതിയെ സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. അത്തരമൊരു ചിന്തപോലും വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽനിന്ന് ഉയരുന്നില്ല.

## അടിമുടി വലതുപക്ഷമായി മാറുന്ന വ്യവസ്ഥാപിത ഇടതുപക്ഷം

ഏറ്റവും ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥിതിയെ സംരക്ഷിക്കുന്ന പാർലമെന്ററി രാഷ്ട്രീയ അധികാരഘടനയുടെ-എസ്റ്റാബ്ലിഷ്മെന്റിന്റെ-അവിഭാജ്യ ഭാഗമായി മാറിക്കൊണ്ട് സിപിഐ-സിപിഐ(എം) കക്ഷികൾ വലതുപക്ഷമായി മാറിയിരിക്കുന്നു എന്നതാണ് സംസ്ഥാനം ദർശിക്കുന്ന അപചയത്തിന്റെ മുഖ്യകാരണം. തിരഞ്ഞെടുപ്പും പാർലമെന്ററി അധികാരവുമല്ലാതെ മറ്റൊരു ലക്ഷ്യവും ഇന്ന് അവർക്കില്ല. ഏതെങ്കിലും ആദർശത്തോടുള്ള പ്രതിബദ്ധതയുടെ കണികപോലും അവരെ നയിക്കുന്നില്ല. അറപ്പുളവാക്കുന്ന അവസരവാദത്തെയും രാഷ്ട്രീയ സദാചാരരാഹിത്യത്തെയും പ്രായോഗിക രാഷ്ട്രീയ കണക്കുകൂട്ടൽകൊണ്ട് ന്യായീകരിക്കുന്നു. ഒരു കക്ഷി എതിർചേരിയിലായിരിക്കുമ്പോൾ ചെകുത്താനും സ്വന്തം ചേരിയിലാകുമ്പോൾ മാലാഖയുമാകുന്ന നിലപാട് ഒന്നോ രണ്ടോ സീറ്റിന്റെ വിജയത്തിനുവേണ്ടി മാത്രമുള്ള ഇരട്ടത്താപ്പാണ്. ദശാബ്ദങ്ങളായി തുടരുന്ന അവസരവാദനിലപാടുകളുടെ ദുർഗന്ധം നിറഞ്ഞ ചരിത്രത്തിന്റെ ഏറ്റവുമൊടുവിൽ, പറഞ്ഞതും ചെയ്തതുമെല്ലാം വിഴുങ്ങി, കേരളാ കോൺഗ്രസ്സിനെ സ്വന്തം പാളയത്തിലെത്തിച്ചു. നിരവധിയായ ഇത്തരം ചെയ്തികൾ രാഷ്ട്രീയമണ്ഡലത്തിലും ജനങ്ങളുടെ മനോഭാവത്തിലും സൃഷ്ടിക്കുന്ന അപചയം നാളെകളിൽ തിരിച്ചടിക്കുമെന്ന ബോധം പോലും ഇക്കൂട്ടർക്ക് ഇല്ലാതായി.

## ഇടതുരാഷ്ട്രീയത്തിന്റെ പ്രാണനായ സമരരാഷ്ട്രീയത്തെ വ്യവസ്ഥാപിത ഇടതുപക്ഷം കൈവെടിഞ്ഞു

നിർദ്ദയമായ ചൂഷണത്തിലും അനീതിയിലും അധിഷ്ഠിതമായിട്ടുള്ള നിലനിൽക്കുന്ന സാമൂഹ്യ-സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാനപരിവർത്തനമാണ് ഇടതുരാഷ്ട്രീയത്തിന്റെ ലക്ഷ്യം. അതിനായി ജനങ്ങളെ വിപുലമായി തയ്യാറെടുപ്പിക്കുന്ന സുപ്രധാനമായ രാഷ്ട്രീയ പ്രക്രിയയാണ് ജനാധിപത്യപ്രക്ഷോഭങ്ങൾ. അതുകൊണ്ടുതന്നെ സമരരാഷ്ട്രീയമാണ് ഇടതുദർശനത്തിന്റെ ജീവനും സത്തയും. മുതലാളിത്ത വ്യവസ്ഥയുടെ നയങ്ങൾക്കെതിരെ നാൾക്കുനാൾ ശക്തിപ്പെട്ടുവരുന്ന അസംതൃപ്തിക്കും പ്രതിഷേധത്തിനും സംഘടിത ജനാധിപത്യ പ്രക്ഷോഭത്തിന്റെ രൂപം നൽകുകയാണ് ഇടതുപക്ഷത്തിന്റെ കടമ. വിജയിച്ചാലും ഇല്ലെങ്കിലും ജനാധിപത്യ സമരങ്ങൾ വഹിക്കുന്ന ഏറ്റവും ഗൗരവപ്പെട്ട ധർമ്മം, അത് ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നു എന്നതാണ്. ജനകീയ സമരങ്ങളും തൊഴിലാളി പ്രക്ഷോഭങ്ങളും ജനങ്ങളുടെ പാഠശാലകളായി മാറും. ജനങ്ങൾ സ്വന്തം സമരാനുഭവങ്ങളിൽ നിന്നും തങ്ങളുടെ ജീവിതദുരിതങ്ങളുടെ മൂലകാരണമെന്തെന്ന് തിരിച്ചറിയും. ഈ ധാരണകൾക്ക് വർഗ്ഗസമരത്തിന്റെ ഉൾക്കാഴ്ചകൂടി ലഭിക്കുന്നതോടെ തങ്ങളുടെ പോരാട്ടത്തിന്റെ വിപ്ലവകരമായ ദിശ തികഞ്ഞ വ്യക്തതയോടെ ജനങ്ങൾ മനസ്സിലാക്കും. ചൂഷകവാഴ്ച നീട്ടിക്കൊണ്ടുപോകാനായി മുതലാളിവർഗ്ഗം ആസൂത്രിതമായി വളർത്തുന്ന കൃത്രിമമായ ഭേദങ്ങളെയും വിഭാഗീയതയെയും ജനങ്ങൾ വലിച്ചെറിയും. സമരത്തിലൂടെ ആർജ്ജിതമാകുന്ന അറിവും പ്രബുദ്ധതയും എല്ലാവിധ ഫ്യൂഡൽ മാലിന്യങ്ങളെയും ആട്ടിയകറ്റും. ഉയർന്ന ജനാധിപത്യമൂല്യങ്ങളും ധാർമ്മികതയും സംസ്കാരവും ശോഭയോടെ സമൂഹത്തെയാകമാനം സ്വാധീനിക്കും. രാജ്യത്തെ മുഴുവൻ ജനങ്ങളും അത്യധികമായ ഇച്ഛാശക്തിയോടെ, ഉൽസാഹപൂർവ്വം ഉണർന്നെഴുന്നേൽക്കും. എല്ലാം കഴുകി വെടിപ്പാക്കാനുള്ള രാഷ്ട്രീയ അഭിവാഞ്ഛ രാജ്യമെമ്പാടും അലയടിക്കും. കഴമ്പുകെട്ട ജീവിതത്തിന്റെ സ്ഥാനത്ത് സാരവത്തായ ജീവിതവർത്തനത്തിന്റെ മഹത്തായ ശൈലിയെ ജനങ്ങൾ പുൽകും. കൊടിയ നിരാശയുടെയും വ്യാമോഹങ്ങളുടെയും സ്ഥാനത്ത് സബോധതയുടെ അടിസ്ഥാനത്തിലുള്ളപ്രതീക്ഷയുംശുഭാപ്തിവിശ്വാസവും ജനങ്ങളെ മുന്നോട്ടു നയിക്കും. ഐക്യപ്പെട്ട ജനത ഒരു പുതുശക്തിയായി ഉയരും. ഒരു പുതുസമൂഹസൃഷ്ടിക്ക് അങ്ങനെ കളമൊരുങ്ങും. മുതലാളിത്തവിരുദ്ധ വിപ്ലവത്തിന് അനുരോധമായി നാം വികസിപ്പിച്ചെടുക്കേണ്ട ജനാധിപത്യപ്രക്ഷോഭ രാഷ്ട്രീയത്തിന്റെ സാരാംശവും ലക്ഷ്യവും ഇതാണ്. ഇടതു-വലതു പ്രസ്ഥാനങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യസ്തത ഇതൊന്നു മാത്രമാണ്. ഇതു നിർവ്വഹിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ഇടതെന്ന മുദ്രയണിയുന്നതിൽ ഒരർത്ഥവുമില്ല. ഈ ദൗത്യം വിസ്മരിക്കുകയോ ബോധപൂർവ്വം കൈവെടിയുകയോ ചെയ്തിട്ട് മറ്റെന്തൊക്കെ ചെയ്തെന്ന് സമർത്ഥിച്ചാലും അത് ഇടതുരാഷ്ട്രീയത്തെ അടയാളപ്പെടുത്തുന്നില്ല.

വ്യവസ്ഥാപിത ഇടതുപക്ഷം സമരപാതയിൽ നിന്ന് എന്നേ വ്യതിചലിച്ചിരിക്കുന്നു എന്നതാണ് വേദനാകരമായ സത്യം. മഹാനായ സ്റ്റാലിന്റെ നിര്യാണത്തിനുശേഷം സോവിയറ്റ് യൂണിയനിൽ പാർട്ടിയിലും ഭരണകൂടത്തിലും അധികാരത്തിലെത്തിയ ക്രൂഷ്ചേവിന്റെ തിരുത്തൽവാദനേതൃത്വമാണ്, ബൂർഷ്വാ പാർലമെന്റിനെ ജനേച്ഛയുടെ ഉപകരണമാക്കാം എന്ന സങ്കല്പമവതരിപ്പിച്ചത്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെആശയപരമായിദുർബ്ബലമാക്കിയ ഈ റിവിഷനിസ്റ്റ് ധാരണ ഇന്ത്യയിലെ സിപിഐ പ്രസ്ഥാനത്തെയും ബാധിച്ചു. അടിസ്ഥാനപരമായി ശരിയായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നില്ലെങ്കിലും ജനസമരത്തിന്റെ പാതയിൽത്തന്നെ നിലനിന്നിരുന്ന അവർ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ അധികാരത്തിലെത്തിയതോടെ പാർലമെന്ററി വ്യാമോഹത്തിലകപ്പെട്ടുപോയി. വിപ്ലവവും സമരങ്ങളുമെല്ലാം അവരുടെ രാഷ്ട്രീയപദാവലിയിൽനിന്നേ ക്രമേണ അപ്രത്യക്ഷമായി. പകരം ജനക്ഷേമം, വികസനം തുടങ്ങിയ പരിഷ്കരണവാദ മുദ്രാവാക്യങ്ങൾ സ്ഥലംപിടിക്കുകയും ചെയ്തു. ജനാധിപത്യസമരങ്ങളുടെ പാതയിൽ ഇടതുപക്ഷം അടിയുറച്ചു നിന്നിരുന്നുവെങ്കിൽ അത് രാജ്യമൊട്ടാകെ ഉണ്ടാക്കുമായിരുന്ന വമ്പിച്ച ചലനത്തിന്റെ സാധ്യത തന്നെ അങ്ങനെ പൊലിഞ്ഞു പോയി.

നമ്മുടെ രാജ്യത്തിന്റെ ഇരുളേറുന്ന വർത്തമാനകാലഘട്ടത്തിൽ ഒരു ശക്തിദുർഗ്ഗമായി ഉയരാനിടയാക്കുന്ന എണ്ണമറ്റ അനുകൂലഘടകങ്ങളുണ്ടായിരുന്ന സംസ്ഥാനം, മുതലാളിവർഗ്ഗ താൽപ്പര്യങ്ങളുമായി അപമാനകരമായ ഒത്തുതീർപ്പ് ഉണ്ടാക്കി, ജനവഞ്ചനയുടെ രാഷ്ട്രീയവേദിയായി മാറി. മറ്റ് ഏതൊരു സംസ്ഥാനത്തേക്കാളും, രാജ്യത്തിനാകെ ഉശിര് പകരുന്ന പോരാട്ടത്തിന്റെ പതാകവാഹകരാകാൻ ഉൾക്കരുത്തുണ്ടായിരുന്ന കേരളത്തിന് എന്തുകൊണ്ട് അത് സാധ്യമാകുന്നില്ല? ഐതിഹാസികമായ കർഷക സമരത്തിന്റെ ശക്തിസ്രോതസ്സാകാൻ പഞ്ചാബിനും ഹരിയാനക്കും പടിഞ്ഞാറൻ യുപിക്കും കഴിഞ്ഞപ്പോൾ കേരളം ചെറുത്തുനിൽപ്പിന്റെ ശക്തമായ ചലനം സൃഷ്ടിച്ചില്ല. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ ചരിത്രദൗത്യം നിറവേറ്റപ്പെടാത്തതെന്തുകൊണ്ട്? ശ്രദ്ധേയമായ ഒരു ജനാധിപത്യ ഉണർവ്വ് രാഷ്ട്രീയമണ്ഡലത്തിൽ ഉയർത്താൻ സത്യസന്ധമായി ശ്രമിക്കുന്ന ജനാധിപത്യ കൂട്ടായ്മകളെയും സമരശക്തികളെയും തളർത്താനും തകർക്കാനും നീക്കങ്ങൾ ഉണ്ടാകുന്നു. സത്യസന്ധമായ ഒരാത്മപരിശോധനയ്ക്ക് നാം ഇടതുപക്ഷ വിശ്വാസികൾ തയ്യാറാകണം. ബിജെപിയെപ്പോലെ ഫാസിസ്റ്റ് ഉള്ളടക്കമുള്ള ഒരു വർഗ്ഗീയപാർട്ടി സാമൂഹികചലനങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽഇടതുപക്ഷമനസ്സിനെകർമ്മോന്മുഖമാക്കേണ്ടത് ജനാധിപത്യത്തിന്റെ ഭാവിയെ സംബന്ധിച്ച് അതീവപ്രാധാന്യമുള്ളതാണ്.

യഥാർത്ഥ ഇടതുമുന്നേറ്റം സൃഷ്ടിക്കപ്പെടണമെങ്കിൽ സമരപാതയിലേക്ക് വ്യവസ്ഥാപിത ഇടതുപാർട്ടികൾ വരണം. തൊഴിലാളിവർഗ്ഗരാഷ്ട്രീയത്തിന്റെ ആധികാരികത പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തിലൂടെ സ്ഥാപിക്കുക എന്ന കടമ ഏറ്റെടുക്കാൻ സിപിഐ,സിപിഐ(എം) പ്രസ്ഥാനങ്ങൾ തയ്യാറാകണം. എന്നാൽ വേദനാകരമെന്നു പറയട്ടെ, ജനാധിപത്യ പ്രക്ഷോഭത്തിന്റെ ചരിത്രപരമായ പങ്ക് നിർവ്വഹിക്കുന്നതിൽ തങ്ങൾക്ക് ഉണ്ടായിട്ടുള്ള അതീവ ഗൗരവതരമായ വീഴ്ചയെപ്പറ്റി ഒരു പരമാ

*(ശേഷം 3–ാം പേജിൽ)*

# ജനാധിപത്യ പ്രക്ഷോഭങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് ഒരു യഥാർത്ഥ ഇടതുപക്ഷ സർക്കാരിന്റെ പ്രഥമ ദൗത്യം

(2–ാം പേജിൽ നിന്ന്)

ർശംപോലും ഇക്കൂട്ടരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

## ജനാധിപത്യപ്രക്ഷോഭങ്ങളുടെ വളർച്ചയ്ക്കായി നിലകൊള്ളുക: ഒരിടതു സർക്കാരിന്റെ പ്രാഥമിക ദൗത്യം

മുതലാളിത്തവ്യവസ്ഥ നിലനില്ക്കുന്ന രാജ്യത്ത് സർക്കാർ രൂപീകരിക്കാൻ അവസരം ലഭിച്ചാൽ ഒരു ഇടതുപക്ഷകക്ഷി എങ്ങനെയാണ് അത് ഉപയോഗിക്കേണ്ടതെന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയത് സഖാവ് ശിബ്ദാസ് ഘോഷാണ്. സാധ്യമാകുന്ന അളവിൽ ജനക്ഷേമകരമായ നടപടികൾ കൈക്കൊള്ളുക എന്നത് തർക്കമറ്റ കാര്യമാണ്. എന്നാൽ അതുകൊണ്ട് ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങൾഅവസാനിക്കില്ല എന്ന ബോധ്യം സ്വയമുണ്ടാകുകയും വ്യാമോഹങ്ങളിൽ ജനങ്ങളെ വീഴ്ത്താതിരിക്കാനുള്ള ജാഗ്രത പുലർത്തുകയും വേണം. എന്നാൽ അതിലേറെ പ്രധാനപ്പെട്ട മറ്റൊരു ദൗത്യമുണ്ട്. മുതലാളിത്തവ്യവസ്ഥിതി സ്വാഭാവികമായും ജനങ്ങളെ സമരരംഗത്തേക്കു തള്ളിവിടുമ്പോൾ, ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളായ പോലീസിനെയും പട്ടാളത്തെയും അതിൽ ഇടപെടാനനുവദിക്കാതിരിക്കുക, അവരെ മാറ്റിനിർത്തുക എന്നതാണ് ഒരു ഇടതുപക്ഷ സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തം.

ജനങ്ങളുടെ സ്വതന്ത്രവും പ്രബുദ്ധവുമായ ജനാധിപത്യ ഉണർവ്വിന് കളമൊരുക്കത്തക്കവിധം ജനസമരങ്ങൾ ജന്മമെടുക്കാനും വികസിക്കാനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഒരു ഇടത് സർക്കാരിന്റെ പരമപ്രധാനമായ കർത്തവ്യം. അതിനാൽ ഭരണകൂടത്തിന്റെ മർദ്ദനകരങ്ങൾക്ക് ശക്തി വർദ്ധിപ്പിക്കുക എന്നതിൽനിന്നും ഒരു ഇടതുപക്ഷ സർക്കാർ പൂർണ്ണമായും വിട്ടുനിൽക്കണം. ജനങ്ങളുടെ സംഘടിതമായ ജനാധിപത്യപ്രവർത്തനങ്ങൾ സ്വതന്ത്രമായി വളർന്നു വികസിച്ചുവരുന്നത് തടയാൻ ഭരണകൂട ശക്തികളെ അനുവദിക്കില്ല എന്നതായിരിക്കണം ഇടതു ഗവൺമെന്റിന്റെ അടിസ്ഥാനനയം. ജനാധിപത്യത്തിന്റെ രാഷ്ട്രീയ ഘടന ആധാരശിലയായി നിലനിൽക്കുന്നുവെന്നത് ഉറപ്പാക്കപ്പെടണം. ജനകീയ സമരങ്ങളിൽ ഇടപെടാൻ പോലീസിനെ അനുവദിക്കില്ല എന്ന മൗലിക നിലപാടിനോടൊപ്പം വിപുലമായ ജനാധിപത്യ അവകാശങ്ങൾ, സർക്കാരിനോട് വിയോജിക്കാനും കലഹിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം, സ്വന്തം അഭിപ്രായങ്ങൾ നിർഭയമായി പ്രകാശിപ്പിക്കാനുള്ള സ്വാഭാവിക സാഹചര്യം ഇവയെല്ലാം ഉറപ്പാക്കപ്പെടണം. ഇക്കാര്യങ്ങളിലെല്ലാം നേർവിപരീതമായാണ് സംസ്ഥാനത്ത് അധികാരത്തിൽ വന്നിട്ടുള്ള ഇടതുസർക്കാരുകൾ പ്രവർത്തിച്ചിട്ടുള്ളത്. മർദ്ദനഭരണത്തിന്റെ കാര്യത്തിൽ നിലവിലുള്ള പിണറായി സർക്കാരാകട്ടെ, മുൻ ഇടതുസർക്കാരുകളെ മുഴുവൻ കടത്തിവെട്ടുകയുംചെയ്തു.

## ജനാധിപത്യ സംസ്കാരവും മൂല്യങ്ങളും കുഴിച്ചുമൂടിയ സിപിഐ(എം) ഇടതുരാഷ്ട്രീയത്തെ നിരായുധീകരിച്ചു

സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന സിപിഐ(എം) മുന്നണി കൈക്കൊള്ളുന്ന തീർത്തും ഇടതുപക്ഷ വിരുദ്ധമായ നയങ്ങൾ, സത്യസന്ധരായ ഇടതുപക്ഷ വിശ്വാസികളെയും പുരോഗമന ചിന്താഗതിക്കാരെയും നിരാശയുടെ ആഴങ്ങളിലേക്ക് തള്ളിയിട്ടിരിക്കുന്നു. എൽഡിഎഫ് സർക്കാരൊന്നാകെയും മുഖ്യമന്ത്രി പ്രത്യേകിച്ചും അനുവർത്തിക്കുന്ന സ്വേച്ഛാപരമായ നയങ്ങളും മർദ്ദനനിലപാടുകളും സംസ്ഥാനത്തിന്റെ ജനാധിപത്യഘടനയ്ക്ക് ഏൽപ്പിച്ചിരിക്കുന്ന ആഘാതം അളവറ്റതാണ്. അവയാകട്ടെ, ആകെത്തുകയിൽ ഫാസിസ്റ്റ് രാഷ്ട്രീയത്തിന് ബലം പകരുകയും ചെയ്യുന്നു. ജനാധിപത്യവിശ്വാസികൾ, ഇടതുഭരണത്തിൽ അക്ഷരാർത്ഥത്തിൽ പകച്ചു നിൽക്കുകയാണ്. ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ അഗാധമായ ചുഴിയിൽനിന്നും രാജ്യത്തെ രക്ഷിക്കേണ്ട അടിയന്തര ഘട്ടത്തിൽ ആ ദൗത്യത്തെ സങ്കുചിതമായ പാർലമെന്ററി ലക്ഷ്യത്തിനുവേണ്ടി വലിച്ചെറിയുകയും മറുവശത്ത് ഭരണനയങ്ങളിലൂടെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നതിൽയഥാർത്ഥ ഇടതുപക്ഷ വിശ്വാസികൾ അതീവ ദുഃഖിതരാണ്. ഇടതുരാഷ്ട്രീയത്തിൽ പ്രതീക്ഷ അർപ്പിച്ചിരുന്ന സാധാരണമനുഷ്യർ നിരായുധരാക്കപ്പെട്ടു. ജനാധിപത്യപ്രസ്ഥാനങ്ങളും മനുഷ്യാവകാശപ്രവർത്തകരും ഉയർത്തിയ പ്രതിഷേധങ്ങളോട് സർക്കാർ കൈക്കൊണ്ട ധാർഷ്ട്യം നിറഞ്ഞ പ്രതികരണങ്ങൾ ഒരു ഇടതുപക്ഷ സർക്കാരിന് തീർത്തും നിരക്കാത്ത സമീപനമായിരുന്നു. കേരളത്തിൽ സിപിഐ–സിപിഐ(എം) അണികളിൽ ഗണ്യമായ ഒരു വിഭാഗത്തെ തിരഞ്ഞെടുപ്പ് പ്രവർത്തന രംഗത്തുനിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചത് മുകളിൽ സൂചിപ്പിച്ച വേദനാകരമായ രാഷ്ട്രീയ സാഹചര്യമാണ്.

**ജനങ്ങളുടെ സംഘടിതമായ ജനാധിപത്യപ്രവർത്തനങ്ങൾ സ്വതന്ത്രമായി വളർന്നു വികസിച്ചു വരുന്നത് തടയാൻ ഭരണകൂട ശക്തികളെ അനുവദിക്കില്ല എന്നതായിരിക്കണം ഇടതു ഗവൺമെന്റിന്റെ അടിസ്ഥാനനയം. ജനാധിപത്യത്തിന്റെ രാഷ്ട്രീയ ഘടന ആധാരശിലയായി നിലനിൽക്കുന്നുവെന്നത് ഉറപ്പാക്കപ്പെടണം. വിപുലമായ ജനാധിപത്യ അവകാശങ്ങൾ, സർക്കാരിനോട് വിയോജിക്കാനും കലഹിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം, സ്വന്തം അഭിപ്രായങ്ങൾ നിർഭയമായി പ്രകാശിപ്പിക്കാനുള്ള സ്വാഭാവിക സാഹചര്യം ഇവയെല്ലാം ഉറപ്പാക്കപ്പെടണം.**

വിമർശനങ്ങളോട് പുലർത്തേണ്ടുന്ന സഹിഷ്ണുത ജനാധിപത്യ ജീവിതശൈലിയുടെ പ്രാണനാണ്. പ്രതിയോഗികളെ അടിച്ചമർത്തിയും വകവരുത്തിയും മുന്നേറുന്ന ഇടതെന്നപേരിലുള്ള രാഷ്ട്രീയ പ്രവർത്തന മാതൃക സഹിഷ്ണുതയുടെ സംസ്കാരത്തെ ഇല്ലാതാക്കുന്നു. എണ്ണമറ്റ ഉദാഹരണങ്ങൾ ഇക്കാര്യത്തിൽ ഇടതുഭരണത്തിൻ കീഴിൽ നാം കണ്ടു. പകൽവെളിച്ചത്തിൽ, നിരവധി ക്യാമറകളുടെ മുമ്പിൽ നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ നിഷ്ഠുരമായി മർദ്ദിച്ചതിനെ ‘ജീവൻരക്ഷാ പ്രവർത്തന’മെന്ന് വിശേഷിപ്പിക്കുകയും അത് ധിക്കാരപൂർവ്വം ആവർത്തിക്കുകയും ചെയ്ത മുഖ്യമന്ത്രി പ്രതിനിധാനം ചെയ്യുന്ന അധമമായ സംസ്കാരമാണ് ഇന്ന് കേരളത്തിൽ ഭരണ ഇടതുപാർട്ടികളുടെ മാതൃക. ഇപ്രകാരം ഇടതെന്ന പേരിൽ നിലകൊള്ളുകയും പൊതുമണ്ഡലത്തിലും വ്യക്തിജീവിതത്തിലും വഷളായ വലതുപക്ഷനിലപാടുകൾ സ്വീകരിക്കുകയും പോരാട്ടത്തിന്റെ രാഷ്ട്രീയം കൈയൊഴിയുകയും ചെയ്യുന്നതുവഴിയാണ് ഇടതുപക്ഷ മനോഘടന സമൂഹത്തിൽനിന്നും അതിവേഗം അപ്രത്യക്ഷമാകുന്നത്.

## ഇടതുമേലങ്കി അണിഞ്ഞ മുതലാളിത്ത മുദ്രാവാക്യങ്ങൾ

തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ മഹത്തായ മുദ്രാവാക്യങ്ങൾ വലിച്ചെറിഞ്ഞ്, മുതലാളിത്തത്തിന്റെ താൽപ്പര്യ സംരക്ഷണം തങ്ങളുടെ ഏകമാത്രമായ അജണ്ടയായി ഇടതു വ്യവസ്ഥാപിത പാർട്ടികൾ കൈക്കൊണ്ടത് ഇടതുവിശ്വാസികളെ വൻതോതിൽ നിരാശയിലാഴ്ത്തിയിരിക്കുന്നു. വലതുസർക്കാരുകളെ പോലെതന്നെമൂലധനശക്തികൾക്ക് ആയാസരഹിതമായി വ്യവസായം നടത്തിക്കൊണ്ടുപോകാൻ വേണ്ട ഒത്താശകൾ നിർവ്വഹിക്കുക എന്നതുമാത്രമായി ഇടതുസർക്കാരുകളുടെ കടമ മാറി. അതിനാൽ അവർ ഏറ്റവും ആവേശപൂർവ്വം പ്രചരിപ്പിക്കുന്ന മുദ്രാവാക്യം ‘വികസന’ത്തിന്റേതാണ്. അധികാരഘടനയുടെ ഭാഗമായി നിലനിൽക്കുന്ന എല്ലാ മുന്നണികൾക്കും കക്ഷികൾക്കും ഒരുപോലെ ഈ മുദ്രാവാക്യമാണ് ഇന്ന് സ്വീകാര്യമായിട്ടുള്ളത്. അറുപിന്തിരപ്പൻ വലതു രാഷ്ട്രീയ ചേരികൾ വീറോടെപ്രചരിപ്പിക്കുന്ന ‘രാജ്യത്തിന്റെ വികസനം’ എന്ന മുദ്രാവാക്യം വള്ളിപുള്ളി ഭേദങ്ങളില്ലാതെ ഇടതുപക്ഷം എന്ന സ്വയം സാക്ഷ്യപ്പെടുത്തുന്നവർ ഏറ്റുപറയുകയും അത് നടപ്പാക്കാൻ ഏതറ്റംവരെ പോകാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയാണ്.

പുറമേയ്ക്ക് അരാഷ്ട്രീയ സ്വഭാവമുള്ള വികസനമെന്ന വിഷയം യഥാർത്ഥത്തിൽ വളരെ ആസൂത്രിതമായ ഒരു വലതുപക്ഷ അജണ്ടയാണ്. ഖജനാവിലെ പണമോ സർക്കാരുകളെ പണയപ്പെടുത്തി കൈപ്പറ്റുന്ന കൂറ്റൻ വിദേശവായ്പകളോ ഉപയോഗപ്പെടുത്തി, മെഗാ നിർമ്മാണ പ്രോജക്ടുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ രംഗത്തും കോർപ്പറേറ്റ് കമ്പനികൾക്ക് മൂലധനനിക്ഷേപം നടത്താനുള്ള സാധ്യതയെയാണ് വികസനം എന്നതുകൊണ്ട് മുതലാളിത്ത ഭരണകൂടങ്ങൾ അർത്ഥമാക്കുന്നത്. അതിനു സാധാരണമനുഷ്യരുടെ ജീവിതാഭിവൃദ്ധിയുമായി യാതൊരു ബന്ധവുമില്ല. ഭക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, കൂലി, ചികിൽസ, പാർപ്പിടം, പൗരത്വം, സ്വതന്ത്രവും അന്തസ്സാർന്നതുമായ മനുഷ്യജീവിതം, ജനാധിപത്യപരമായ നിലനിൽപ്പ് തുടങ്ങി, ഈ രാജ്യത്തെ പൗരസഞ്ചയത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെയെല്ലാം സ്ഥാനഭ്രഷ്ടമാക്കികൊണ്ട് അടിച്ചേൽപ്പിച്ചിട്ടുള്ള വികസനം എന്ന അജണ്ട നവലിബറൽ കാലഘട്ടത്തിൽ മുതലാളിമാരുടെ കണക്കറ്റ വളർച്ചക്കുവേണ്ടിയുള്ളതാണ്. ആറുവരിയോ പന്ത്രണ്ടു വരിയോ ഉള്ള ആധുനിക റോഡുകൾ, എക്സ്പ്രസ്സ് ഹൈവേകൾ, വികസന ഇടനാഴികൾ, കൂറ്റൻ നിർമ്മിതികൾ, രാജ്യമെമ്പാടും മെട്രോ റെയിലുകൾ, സിൽവർലൈൻ പദ്ധതി തുടങ്ങിയവയെല്ലാം ഈ വികസനത്തിന്റെ പ്രതീകങ്ങളാണ്. അവയെല്ലാം ബൃഹത് മൂലധനനിക്ഷേപത്തിന്റെ ഇടങ്ങളാണ്. മുതലാളിവർഗ്ഗ ഉള്ളടക്കമുള്ള ഇത്തരമൊരു വിഷയത്തെ തുറന്നുകാണിക്കാനും സാധാരണമനുഷ്യന്റെ ജീവിതപ്രശ്നങ്ങളുടെ മൂലകാരണമായ നിലനിൽക്കുന്ന ഈ വ്യവസ്ഥിതിയെ സ്ഥാനഭ്രഷ്ടമാക്കാതെ മനുഷ്യന്റെ സർവ്വതോമുഖമായ വികസനം അസാധ്യമാണെന്നുമുള്ള വിലപ്പെട്ട രാഷ്ട്രീയ പാഠം പകർന്നു നൽകാനും ബാധ്യതപ്പെട്ടവർ ഇടതുപക്ഷമാണ്. നാടിന്റെ വികസനമെന്ന വർഗ്ഗാതീത സംജ്ഞയുടെ പിറകിലെ അപകടകരമായ രാഷ്ട്രീയത്തിന്റെ വൻ പ്രചാരകരായി അവർ തന്നെ മാറിയിരിക്കുന്നു.

## സങ്കുചിതമായ നേട്ടങ്ങൾക്കായി ജാതി–മത ശക്തികളെ പ്രീണിപ്പിക്കുന്ന ഇടതു പ്രസ്ഥാനങ്ങൾ പുരോഗമന രാഷ്ട്രീയത്തിന് കനത്ത ആഘാതം ഏൽപ്പിക്കുന്നു

ഉന്നതമായ മതേതര–ജനാധിപത്യ മൂല്യങ്ങൾ വ്യക്തിതലത്തിലും സാമൂഹ്യമണ്ഡലത്തിലും അചഞ്ചലം അനുഷ്ഠിക്കാനുള്ള സമരത്തിന് നേതൃത്വം നൽകേണ്ടുന്നവർ, തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി ജാതി–മത വികാരങ്ങളുമായി സന്ധിചെയ്യുമ്പോൾ അത് നൽകുന്ന പാഠവും സന്ദേശവും ഏറ്റവും അപകടകരമായിരിക്കുമെന്ന് സംസ്ഥാനത്തിന്റെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യം വ്യക്തമാക്കുന്നു. ബിജെപി കൈവരിക്കുന്ന രാഷ്ട്രീയ നേട്ടം ചൂണ്ടിക്കാട്ടി നിലവിളിക്കുന്ന സിപിഐ(എം) സ്വന്തം ചെയ്തികൾ സൃഷ്ടിച്ചതാണ് ഈ സാഹചര്യമെന്നത് ബോധപൂർവ്വം മറച്ചുവയ്ക്കുന്നു. കഴിഞ്ഞ നിയമസഭാകാലത്ത് ഭൂരിപക്ഷ വർഗ്ഗീയ വികാരത്തെ പരമാവധി പ്രീണിപ്പിക്കാനായിരുന്നു അവർ ശ്രമിച്ചത്. നാമജപഘോഷയാത്രയുടെ പേരിൽ എടുത്തിരുന്ന 2600 കേസുകൾ റദ്ദാക്കിയും അമ്പലങ്ങളായ അമ്പലങ്ങളിലെല്ലാം ഫോട്ടോഗ്രാഫറെയും കൂട്ടി തൊഴാൻപോയും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തെ തള്ളിപ്പറഞ്ഞും ഒടുവിൽ അയ്യപ്പനും ദേവഗണങ്ങളും എൽഡിഎഫിൽ ചേർന്നു എന്നു പ്രഖ്യാപിച്ചും ഭൂരിപക്ഷ വികാരത്തെ സാന്ത്വനിപ്പിക്കാൻ അന്ന് ശ്രമിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വികാരത്തെ ജ്വലിപ്പിക്കുന്നതാണ് പ്രയോജനകരമെന്നു വിലയിരുത്തിക്കൊണ്ട് അതിനായുള്ള നീക്കങ്ങൾ നടത്തി. സംസ്ഥാനത്തെ ജനാധിപത്യ- മതേതര ശക്തികളെയും മുഴുവൻ മനുഷ്യസ്നേഹികളെയും ഒരുമിപ്പിച്ചുകൊണ്ട് പൗരത്വ നിയമത്തിനെതിരെ ഒരു ജനകീയപ്രക്ഷോഭം വളർത്തിയെടുക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്താൻ തുനിയാതിരുന്ന സിപിഐ(എം), തിരഞ്ഞെടുപ്പ് അടുത്തപ്പോൾ പൊടുന്നനെ സിഎഎ വിരുദ്ധരായതിന്റെ ലക്ഷ്യം വളരെ വ്യക്തമായിരുന്നു. ഇക്കൂട്ടരുടെ ന്യൂനപക്ഷപ്രേമം വോട്ട് നേടാനുള്ള സങ്കുചിതനീക്കം മാത്രം.

ജനങ്ങളുടെ താണരാഷ്ട്രീയ ബോധനിലവാരത്തെ മുതലെടുത്തുകൊണ്ട് ഏറ്റവും നിന്ദ്യമായ വർഗ്ഗീയ കണക്കുകൂട്ടലുകളോ

(ശേഷം 4–ാം പേജിൽ)

*പ്രസ്താവനകൾ*

# കുതിച്ചുയരുന്ന വിലക്കയറ്റം തടയാൻ സമ്പൂർണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തുക

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ജൂൺ 15 ന് പുറപ്പെടുവിച്ച പ്രസ്താവന

**ഭ**ക്ഷ്യവസ്തുക്കൾക്കടക്കം മുഴുവൻ അവശ്യസാധനങ്ങൾക്കും അനിയന്ത്രിതമായി വില കുതിച്ചുയരുന്നത് ജനജീവിതം താറുമാറാക്കിയിരിക്കുകയാണ്. രണ്ടുനേരത്തെ ആഹാരത്തിന് വകയില്ലാത്ത സാധാരണക്കാർക്ക് മാത്രമല്ല, ഇടത്തരക്കാർക്കു പോലും താങ്ങാവുന്നതിനും അപ്പുറമാണ് വിലവർദ്ധന.



ചില്ലറ വ്യാപാരവിലകൾ മാത്രമല്ല, മൊത്തവ്യാപാരവിലകളും വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കരിഞ്ചന്തക്കാർ, പൂഴ്ത്തിവയ്പുകാർ, ഭക്ഷ്യധാന്യങ്ങളുടെ മേഖലയിൽ അടക്കം അവധിവ്യാപാരം നടത്തുന്നവർ, ഓഹരികമ്പോളത്തിലെ ഊഹക്കച്ചവടക്കാർ, പോലീസിലെയും ഉദ്യോഗസ്ഥ സംവിധാനത്തിലെയും അഴിമതിക്കാർ, സ്ഥാപിത താല്പര്യക്കാർ, ഭരണകക്ഷികളുടെ തണലിൽ വിലസുന്ന ഇടനിലക്കാർ തുടങ്ങിയവരൊക്കെ ചേർന്ന ഒരു അവിശുദ്ധ സംഘമാണ് ഈ ദുരവസ്ഥയ്ക്ക് കാരണക്കാർ. ചരക്ക് കടത്തുകൂലി വർദ്ധനയ്ക്ക് ഇടയാക്കുന്ന കുത്തനെയുള്ള പെട്രോളിയം വിലവർദ്ധനവും വിലക്കയറ്റത്തിന് ആക്കം വർദ്ധിപ്പിക്കുകയാണ്.

വിലക്കയറ്റം തടഞ്ഞു നിർത്താനും ഭക്ഷ്യവസ്തുക്കൾ അടക്കം ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും മൊത്തവ്യാപാരം മാത്രമല്ല, ചില്ലറ വ്യാപാരവും സ്വകാര്യനിയന്ത്രണത്തിൽനിന്ന് മുക്തമാകേണ്ടതുണ്ട്. കർഷകർക്ക് താങ്ങുവില നൽകി ഗവൺമെന്റ് ഉൽപന്നങ്ങൾ സംഭരിക്കുകയും ജനങ്ങൾക്ക് താങ്ങാവുന്ന വിലയ്ക്ക് അവ ലഭ്യമാക്കുകയും വേണം. ഇതിനായി ന്യായവില ഷോപ്പുകൾ വ്യാപകമാക്കണം. നമ്മുടെ പാർട്ടി 1950 മുതൽ ആവശ്യപ്പെടുന്ന സമ്പൂർണ സ്റ്റേറ്റ് ട്രേഡിംഗ് ഇതാണ്. ഈ ഡിമാന്റ് ഉയർത്തിക്കൊണ്ട് വിലക്കയറ്റത്തിന് ഇരയാകുന്ന മുഴുവൻ ജനങ്ങളും മുന്നോട്ടുവരികയും സംഘടിതവും ശക്തവുമായ ഒരു പ്രക്ഷോഭം രാജ്യത്ത് വളർത്തിയെടുക്കുകയും ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## സയണിസ്റ്റ് ഇസ്രയേലിന് രഹസ്യമായി ആയുധം എത്തിക്കുന്ന ഇന്ത്യാഗവൺമെന്റ് നടപടി അപലപനീയം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**ഇ**സ്രയേലിലേയ്ക്ക് ഇന്ത്യയിൽ നിന്ന് 26.8 ടൺ സ്ഫോടകവസ്തുക്കൾ കൊണ്ടുപോയ ഡെന്മാർക്കിന്റെ കപ്പലിന് നങ്കൂരമിടാനുള്ള അനുമതി സ്പെയിൻ നിഷേധിച്ചതായി മെയ് 17ന് വാർത്ത വന്നിരുന്നു. റോക്കറ്റുകൾ, റോക്കറ്റ് എഞ്ചിനുകൾ, യന്ത്രഭാഗങ്ങൾ, പീരങ്കിയുടെ അനുബന്ധ സംവിധാനങ്ങൾ എന്നിവയൊക്കെ കപ്പലിലുണ്ടായിരുന്നു. പൂനയിലുള്ള ഒരു ഇന്ത്യൻ കമ്പനിയാണ് ഇത് കയറ്റി അയച്ചിരിക്കുന്നത്.

ഗാസയുദ്ധംതുടങ്ങിയതിനുശേഷം കഴിഞ്ഞ നവംബർ 20നും ജനുവരി ഒന്നിനും സ്ഫോടകവസ്തുക്കൾ ഇസ്രയേലിലേയ്ക്ക് അയക്കുവാൻ പ്രീമിയർ എക്സ്പ്ലോസീവ്സ് ലിമിറ്റഡ് എന്ന സ്വകാര്യകമ്പനിക്ക് അനുമതി നൽകിയിരുന്നു. അമേരിക്കയുമായി ധാരണയുണ്ടാക്കി വിനാശകരമായ ഗാസ യുദ്ധത്തിൽ ഇസ്രയേലിന് ശക്തി പകരുംവിധം യുദ്ധസാമഗ്രികൾ ഇന്ത്യാഗവൺമെന്റ് എത്തിച്ചുകൊടുക്കുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്.

കഴിഞ്ഞമാസം ഇസ്രയേലിനുമേൽ ആയുധ നിരോധനം ഏർപ്പെടുത്തുന്നതും ഗാസയിൽ ഉടനടി യുദ്ധം നിർത്തണമെന്നും ആവശ്യപ്പെടുന്നതുമായ പ്രമേയം ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിൽ വോട്ടിനിട്ടപ്പോൾ വോട്ടിംഗിൽ നിന്ന് വിട്ടുനിന്നതിലൂടെയും ഇന്ത്യാഗവൺമെന്റിന്റെ ഇസ്രയേൽ അനുകൂല നിലപാട് വ്യക്തമാക്കപ്പെട്ടതാണ്. മാനവികതയുടെയും നാഗരികതയുടെയും എല്ലാ മൂല്യങ്ങളും കാറ്റിൽപ്പറത്തി സയണിസ്റ്റ് ഇസ്രയേൽ ഗാസയിൽ നടത്തുന്ന കൂട്ടക്കൊലയ്ക്ക് ഇന്ത്യ മനപൂർവം കൂട്ടുനിൽക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്.

ഇന്ത്യയിലെ ജനങ്ങൾ ദുരിതമനുഭവിക്കുന്ന ഗാസയിലെ ജനങ്ങളോടൊപ്പം ഉറച്ച് നിലകൊള്ളുകയാണ്. ഗാസയിലെ കൂട്ടക്കൊലയ്ക്ക് ആക്കം വർദ്ധിപ്പിക്കുംവിധം ഇസ്രയേലിലേയ്ക്ക് ആയുധ സാമഗ്രികൾ കയറ്റി അയയ്ക്കുന്ന നടപടി ഉടൻ നിർത്തണമെന്ന് ഞങ്ങൾ ഇന്ത്യാഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. ■

## ഇടതു-ജനാധിപത്യ മനസ്സാക്ഷിയോട് ഒരു അഭ്യർത്ഥന

# ഉന്നതമായ ജനാധിപത്യ-മതേതര മൂല്യങ്ങൾക്കായി അചഞ്ചലം പൊരുതുക

*(3-ാം പേജിൽ നിന്ന്)*

ടെ പ്രചാരണവിഷയങ്ങൾ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട മണ്ഡലങ്ങളിലെ സിഎഎ വിരുദ്ധ റാലിയുടെയും കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ പൗരത്വനിയമം പിൻവലിക്കുമെന്ന് വ്യക്തമാക്കയിട്ടില്ല എന്ന പ്രചാരണത്തിന്റെയും ലക്ഷ്യം, ബിജെപിയുടെ വേട്ടയാടലിനെതിരെ ന്യൂനപക്ഷങ്ങൾ ക്കിടയിലുള്ള ആശങ്കകളെയും വികാരത്തെയും മുതലെടുക്കുക എന്നതുമാത്രമായിരുന്നു. കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ ബിജെപി പാളയത്തിലേക്ക് കൂറുമാറുമെന്ന് പ്രചരിപ്പിച്ച്, ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തി വോട്ട് നേടാൻ ശ്രമിക്കുന്നത് എന്തുതരം ജനാധിപത്യബോധത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. നാണംകെട്ട ഇത്തരം വർഗ്ഗീയക്കളികൾ ഇടതുരാഷ്ട്രീയത്തിന്റെ മഹത്വത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന സത്യസന്ധരായ മനുഷ്യർക്ക് ഒരു വിധത്തിലും അംഗീകരിക്കാനാകില്ല. സിപിഐ(എം) എന്നെന്നേക്കുമായി വെടിയേണ്ടത് ജാതി-മത പ്രീണനത്തിന്റെ ഈ മാർഗ്ഗങ്ങളാണ്.

ഏതാനും വോട്ടുകൾക്കുവേണ്ടി ഇക്കൂട്ടർ നടത്തുന്ന നീചമായ ഈ രാഷ്ട്രീയം ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ജനാധിപത്യഘടനയ്ക്ക് ഏൽപ്പിക്കുന്ന ആഘാതം അളക്കാനാവാത്തതാണ്. ഇത്തരം കുൽസിത നീക്കങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യ അന്തരീക്ഷം നാളെ ഫാസിസ്റ്റ് ശക്തികൾ കൂടുതൽ കൗശലപൂർവ്വം ഉപയോഗിക്കുകതന്നെ ചെയ്യും. ഹ്രസ്വകാല നേട്ടങ്ങൾക്കായി ദീർഘകാല വിപത്തുകളെ കുടിയിരുത്തുന്ന ഈ രാഷ്ട്രീയമാണ് ബിജെപിയുടെ തിരഞ്ഞെടുപ്പ് നേട്ടത്തിന്റെ ആണിക്കല്ലായി പ്രവർത്തിച്ചിട്ടുള്ളത്.

### മാനവരാശിയുടെ മുന്നേറ്റത്തിന്റെ പാത കാട്ടുന്ന മാർക്സിസ്റ്റ് ദർശനത്തെ മുറുകെപ്പിടിക്കുക

ഇടതുരാഷ്ട്രീയത്തിന്റെ ചരിത്രപരമായ ഉണ്മയിൽ ബോധ്യമുള്ള സത്യസന്ധരായ അണികൾ എത്ര ചെറുതെങ്കിലും ഇന്നും ഇടതുപാർട്ടികളിൽ അവശേഷിക്കുന്നു. അതോടൊപ്പം വിട്ടുവീഴ്ചയില്ലാത്ത ഇടതുപക്ഷ മനോഭാവവുമായി ഈ പാർട്ടികൾക്കു വെളിയിൽ നിലകൊള്ളുന്ന ഗണ്യമായ ഒരു വിഭാഗം ജനങ്ങളും രാഷ്ട്രീയമണ്ഡലത്തിൽ അധികാരഘടനയോട് കലഹിച്ചുകൊണ്ട് ഇടതുപക്ഷ മനോഭാവത്തോടൊപ്പം നിലകാള്ളുന്ന, ജനസാമാന്യത്തിന്റെ അഭിപ്രായങ്ങളെ സ്വാധീനിക്കാൻ ശേഷിയുള്ള ഒരു സ്വതന്ത്ര ബുദ്ധിജീവി വിഭാഗവുമൊക്കെ ചേരുന്നതാണ് സംസ്ഥാനത്തെ യഥാർത്ഥ ഇടതുചേരി. സിപിഐ, സിപിഐ(എം) നേതൃത്വത്തിന്റെ ചെയ്തികൾവഴി പിന്നോട്ടടിക്കപ്പെടുന്ന നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗമന രാഷ്ട്രീയത്തിന്റെ ദുരവസ്ഥയിൽ നിരാശരാകരുതെന്നും ചരിത്രപാഠങ്ങളിൽ നിന്ന് ഊർജ്ജം നേടി ശിരസ്സുയർത്തി നിന്ന് പൊരുതാനും കേരള സംസ്ഥാനത്തെ ഈ യഥാർത്ഥ ഇടതുപക്ഷചേരിയോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

സിപിഐ, സിപിഐ(എം) പാർട്ടികൾ അനുവർത്തിക്കുന്നത് ഇടതുപക്ഷ രാഷ്ട്രീയമല്ല. നഗ്നമായ വലതുപക്ഷ നയങ്ങൾ സ്വീകരിച്ച്, മുതലാളിത്ത പാതയിൽ നിലകൊള്ളുന്ന ഇക്കൂട്ടരുടേത് തൊഴിലാളികളെയും പണിയെടുക്കുന്നവരെയും അപമാനിക്കുന്ന ഇരട്ടത്താപ്പാണ്. ലേബർ കോഡാണെങ്കിലും ദേശീയ വിദ്യാഭ്യാസ നയമാണെങ്കിലും പങ്കാളിത്ത പെൻഷനാണെങ്കിലും ജിഎസ്ടിയാണെങ്കിലും അവയെ അപ്പടി പിന്തുടരുന്ന കേരള ഭരണത്തിന്റെ നയങ്ങളെ പ്രകീർത്തിക്കാൻ ഇവർ സാധാരണ അണികളെ നിർബ്ബന്ധിക്കുകയാണ്. നാണംകെട്ട അഴിമതിയെയും സ്വജനപക്ഷപാതത്തെയും വെള്ളപൂശുന്നത് ഇനിയും തുടരാനാകുമോ? ഈ പാർട്ടികൾ കാട്ടുന്ന നിന്ദ്യമായ അവസരവാദത്തെയും രാഷ്ട്രീയ സദാചാരശൂന്യതയെയും ഇനിയും പിന്തുണയ്ക്കാനാവുമോ? ഇപ്രകാരം ആത്മവഞ്ചന നടത്താൻ ഇനിയും തങ്ങൾക്കാവില്ലെന്ന് ഇടതുപക്ഷ അണികൾ നിലപാട് കൈക്കൊള്ളണം. അല്ലെങ്കിൽ ഈ നയങ്ങൾക്കെതിരായ പ്രക്ഷോഭത്തിന്റെ മാർഗ്ഗം അവലംബിക്കാൻ അവർ നേതൃത്വത്തെ പ്രേരിപ്പിക്കണം.

സിപിഐ, സിപിഐ(എം) പാർട്ടികൾ മഹത്തായ കമ്മ്യൂണിസ്റ്റ് ദർശനത്തെ പൂർണ്ണമായും കൈവെടിഞ്ഞിരിക്കുന്നു. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ഇന്ത്യയിൽ പ്രായോഗികമല്ല എന്ന പ്രഖ്യാപനം യാദൃശ്ചികമല്ല. പാർലമെന്ററി രാഷ്ട്രീയത്തിന്റെ സങ്കുചിതനേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കിയാണ് ആ പ്രസ്താവന വന്നിട്ടുള്ളത്. മാർക്സിസത്തെ ജീവിതത്തിന്റെ വഴികാട്ടിയായി കാണുന്ന സത്യസന്ധരായ ഇടതുപക്ഷവിശ്വാസികളിൽ അത് വേദനയും ഞെട്ടലും സൃഷ്ടിച്ചുവെങ്കിലും കമ്മ്യൂണിസ്റ്റെന്ന പേരിൽ അറിയപ്പെടുന്ന ഈ പാർട്ടികളുടെ വർഗ്ഗസ്വഭാവം ഉദാത്തമായ മാർക്സിസ്റ്റ് ദർശനത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിഞ്ഞിട്ടുള്ള എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ന് ഒരുത്ഭുതവും തോന്നിയില്ല. ഈ പാർട്ടികളുടെ പതനത്തെ സംബന്ധിച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ്ഘോഷ് നൽകിയിട്ടുള്ള മുന്നറിയിപ്പുകൾ എത്രമേൽ ശരിയാണെന്ന് വീണ്ടും തെളിയുകയാണ്. ചൂഷകവാഴ്ചയുടെ വിപ്ലവപരിവർത്തനമെന്ന ലക്ഷ്യം ഇന്ന് അവരുടെ വാക്കുകളിൽ പോലുമില്ലാതായിരിക്കുന്നു. മൂലധനത്തിന്റെ നിക്ഷേപം ശക്തിപ്പെടുത്തി, വ്യവസായം സ്ഥാപിച്ച് രാജ്യത്തെ വികസിപ്പിക്കാമെന്ന സിദ്ധാന്തം മാത്രമാണ് ഇന്ന് അവരുടെ മുമ്പിലുള്ളത്. മാർക്സിസം അനാവരണം ചെയ്ത ചരിത്രപാഠത്തെ സ്വന്തം പ്രവർത്തനങ്ങളിലൂടെ കുഴിച്ചുമൂടിയവർ, ഇന്ന് വാക്കുകളിലൂടെ അത് പ്രഖ്യാപിച്ചി രിക്കുന്നു.

മുതലാളിത്തത്തെ മാനവരാശിയുടെ കൊടിയശത്രുവായി ജനങ്ങൾ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞ് പൊട്ടിത്തെറിക്കുന്ന ഈ നാളുകളിൽ, നമ്മുടെ പോരാട്ടവീഥിയിൽ മാനവരാശിയുടെ മുന്നേറ്റത്തിന്റെ ദീപശിഖയായ മാർക്സിസം വെളിച്ചം പകരും. ഭയാനകമായ സാമ്പത്തിക അസമത്വവും ദാരിദ്ര്യവും തൊഴിലില്ലായ്മയും മാത്രം സൃഷ്ടിക്കുന്ന, ഇതഃപര്യന്തം മനുഷ്യൻ നേടിയെടുത്ത സമസ്ത മൂല്യങ്ങളുടെയും കുഴിമാടം ഒരുക്കുന്ന മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള വിപ്ലവമുന്നേറ്റത്തിൽ മാർക്സിസം-ലെനിനിസം മാത്രമാണ് അപരാജിതമായ ആയുധം. ഒരു മുൻകൂർ പ്രതിവിപ്ലവമെന്ന നിലയിൽ ഫാസിസത്തിൽ അഭയം പ്രാപിക്കുന്ന മുതലാളിത്തം മനുഷ്യനെയും മനുഷ്യഗുണങ്ങളെയുമാണ് ഇല്ലാതാക്കുന്നത്. മാർക്സിസം-ലെനിനിസം പകർന്നു നൽകുന്ന ചരിത്രബോധ്യം കൊണ്ടുമാത്രമേ ഫാസിസത്തിനെതിരായ പോരാട്ടത്തെ നയിക്കാനാവൂ. ഉദാത്തമായ കമ്മ്യൂണിസ്റ്റ് ദർശനത്തിന്റെ പതാകവാഹകരായിക്കൊണ്ട് ചരിത്രം ഭരമേൽപ്പിക്കുന്ന ഏതൊരു ദൗത്യവും ഏറ്റെടുക്കാൻ മുന്നോട്ടുവരണമെന്ന് എല്ലാ മനുഷ്യസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# മാനവരാശിയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന കാലാവസ്ഥാ വ്യതിയാനം

**ഏതാനും വർഷങ്ങളായി ലോകമെമ്പാടുമുള്ള ജനങ്ങൾ കാലാവസ്ഥയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഭീഷണമായ മാറ്റങ്ങൾ നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇംഗ്ലണ്ടിന്റെ ചരിത്രത്തിലെ ഏറ്റവും ചൂടുകൂടിയ ദിവസമായിരുന്നു 2022 ജൂലൈ 19. 40.3 ഡിഗ്രി സെൽഷ്യസാണ് ലിങ്കൺഷെയറിൽ അന്നേദിവസം രേഖപ്പെടുത്തിയത്. പാരീസിൽ 2019ൽ പകൽസമയം ചൂട് 45.9ഡിഗ്രി വരെപോയി. കഴിഞ്ഞമാസമാണ് ഡൽഹിയിൽ 50.5ഡിഗ്രി രേഖപ്പെടുത്തിയത്. രാജസ്ഥാനിലെ ചുറുവിലും ഇതേ ചൂട് രേഖപ്പെടുത്തുകയുണ്ടായി. ഉത്തരേന്ത്യമുഴുവൻ ഇതുവരെ കണ്ടിട്ടില്ലാത്ത ഉഷ്ണവാതത്തിൽ വേവുകയാണ്. ഹിമാചൽപ്രദേശിലെ മലനിരകളിൽ, ഉനയിൽ 44 ഡിഗ്രി രേഖപ്പെടുത്തിയത് നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.**



സമാനമായ ഉഷ്ണവാതങ്ങൾ ബംഗ്ലാദേശിലും മ്യാൻമറിലും ദുരിതം വിതച്ചുകൊണ്ടിരിക്കുന്നു. ആഫ്രിക്കയിലെ ഉഷ്ണവാതം ഒട്ടനവധി മരണങ്ങൾക്ക് കാരണമായി. അതേ സമയം മരുപ്രദേശമായ ദുബായിയിൽ ഏപ്രിൽ 19ന് അപ്രതീക്ഷിതമായി എത്തിയ മഴ വെള്ളപ്പൊക്കത്തിന് കാരണമായി. ഒമാനിലും മഴയും വെള്ളപ്പൊക്കവും മൂലം ഇരുപതുപേരോളം മരിച്ചു. ഇത്തരം വെള്ളപ്പൊക്കങ്ങൾ ചെന്നൈയിലും മുംബൈയിലും കേരളത്തിലും നാം കാണുകയുണ്ടായി.

സമുദ്രത്തിന്റെ ഉപരിതല ഊഷ്മാവ് വളരെ പെട്ടെന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭൂഗോളത്തിലെ സമുദ്രത്തിന്റെ ഉപരിതല ഊഷ്മാവ് നില, വ്യവസായവത്ക്കരണത്തിന് മുമ്പുണ്ടായിരുന്ന ശരാശരിയെക്കാൾ 0.6 ഡിഗ്രി മുതൽ 1.01ഡിഗ്രി വരെ വർദ്ധിച്ചിരിക്കുന്നു. ഉപരിതല ഊഷ്മാവ് വർദ്ധിക്കുന്നത് വെള്ളം നീരാവിയാകുന്നതിന്റെ നിരക്ക് വർദ്ധിപ്പിക്കുകയും വായുവിലെ നീരാവിയുടെ അളവ് ക്രമാതീതമായി കൂട്ടുകയും ചെയ്യും. അന്തരീക്ഷത്തിൽ ചൂട് കൂടുമ്പോൾ അവിടെ കൂടുതൽ നീരാവി ശേഖരിക്കപ്പെടും. അറബിക്കടലിന്റെ ഓരങ്ങളിൽ അനിതരസാധാരണമായ മഴയ്ക്കും ചുഴലിക്കാറ്റിനും കാരണമാകുന്നത് ഇങ്ങനെ ശേഖരിക്കപ്പെടുന്ന നീരാവിയാണ്.

ഇന്ത്യൻ കാലാവസ്ഥാവകുപ്പിന്റെ മുന്നറിയിപ്പ് പ്രകാരം ഏപ്രിൽ മുതൽ ജൂൺവരെയുള്ള കാലയളവിൽ അത്യുഷ്ണമുള്ള ദിവസങ്ങളുടെ എണ്ണം പതിവിലും കൂടുതലാണ്. അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവാണ് ഇതിന്റെ ഒരു കാരണം. അത്യുഷ്ണ സാധ്യതയുള്ള പ്രദേശങ്ങളുടെ വിസ്തീർണത്തിൽ കഴിഞ്ഞ എഴുപത് വർഷത്തിനിടയിൽ 30–40% വർദ്ധനയുണ്ടായിട്ടുണ്ട്. വരും നാളുകളിൽ ഉഷ്ണവാതത്തിന്റെ തീക്ഷ്ണതയും ഇനിയും കൂടുമെന്ന് കരുതപ്പെടുന്നു. ഇതിന്റെ ദുരിതഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കാൻ പോകുന്നത് സാധാരണക്കാരാണ്. ഉഷ്ണവും വെള്ളപ്പൊക്കവും ചുഴലിക്കാറ്റും സമൂഹത്തിലെ അരികുവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെയും ചേരിനിവാസികളെയും ദുരിതത്തിലാക്കും. അത്യുഷ്ണംമൂലം പടരുന്ന കാട്ടുതീയെക്കുറിച്ചുള്ള വാർത്തകൾ കാനഡ, ആസ്ത്രേലിയ, അമേരിക്ക, സ്പെയിൻ, പോർച്ചുഗൽ, ഗ്രീസ് എന്നിവിടങ്ങളിൽനിന്നൊക്കെ നാം കേൾക്കുന്നു. ഇന്ത്യയുടെ പലഭാഗങ്ങളിലും കാട്ടുതീ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്നത്തെ നിർണായകമായ പ്രശ്നങ്ങളിൽ ഒന്നാണ് കാലാവസ്ഥാ വ്യതിയാനം എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

## എന്താണ് ഇത്രയും രൂക്ഷമായ കാലാവസ്ഥാവ്യതിയാനത്തിന് കാരണം

അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കാനുള്ള പ്രധാന കാരണം അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളപ്പെടുന്ന ഹരിതഗൃഹവാതകങ്ങളാണ് എന്നത് തെളിയിക്കപ്പെട്ട കാര്യമാണ്. കാർബൺഡൈഓക്സൈഡ്, മീഥേൻ, ഹൈഡ്രോക്ലോറോ കാർബണുകൾ തുടങ്ങിയവ ചൂടിനെ പുറത്തുവിടാതെ ഭൗമാന്തരീക്ഷത്തിൽത്തന്നെ പിടിച്ചുവയ്ക്കുന്നു. ഇക്കാര്യം പകൽപ്പോലെ വ്യക്തമാണെങ്കിലും ചില സംശയാലുക്കൾ -മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെപ്പോലെയുള്ളവർ- ഇത് നിഷേധിക്കുന്നുണ്ട്. നീണ്ട കാലയളവിൽ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെയാണ് നാം കാലാവസ്ഥാ വ്യതിയാനം എന്നു പറയുന്നത്. മുപ്പത് വർഷത്തെ കാലയളവാണ് സാധാരണയായി ഇതിന് കണക്കാക്കുന്നത്. ഭൗമാന്തരീക്ഷത്തിലെ ഊർജ ചംക്രമണമാണ് കാലാവസ്ഥ നിശ്ചയിക്കുന്നത്. അന്തരീക്ഷ ഊർജ്ജത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചിക താപനിലയാണ്. അതുകൊണ്ടാണ് കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള ചർച്ചകളിലെല്ലാം അന്തരീക്ഷോഷ്മാവ് പ്രധാനവിഷയമായി കടന്നുവരുന്നത്. അതുകൊണ്ടാണ് കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും ഏതാണ്ട് ഒരേ അർത്ഥത്തിൽ ആളുകൾ ഉപയോഗിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വശം മാത്രമാണ് ആഗോളതാപനം. കാലാവസ്ഥാവ്യതിയാനം കൃത്യമായി തിരിച്ചറിയുന്നതിനുള്ള തടസ്സം കാലാവസ്ഥയിൽ സ്വാഭാവികമായി ഉണ്ടാകാറുള്ള മാറ്റങ്ങളാണ്. ദിനരാത്രങ്ങൾ മാറുന്നതിന് അനുസരിച്ചും, ഋതുക്കൾക്ക് അനുസരിച്ചും വർഷങ്ങളുടെ ഇടവേളയിലും കാലാവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ്. ചില വർഷങ്ങളിൽ വേനൽക്കാലം വളരെ രൂക്ഷമായിരിക്കും. മറ്റ് ചില വർഷങ്ങളിൽ അത് വളരെ സൗമ്യമായിരിക്കും. ആയതിനാൽത്തന്നെ കാലാവസ്ഥയിൽ സ്ഥായിയായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നോ എന്ന് തിട്ടപ്പെടുത്താനും അതിന്റെ പ്രകൃതം വിലയിരുത്താനും അത്ര എളുപ്പമല്ല.

## ആഗോളതാപനം

ആഗോളതാപനത്തെക്കുറിച്ച് ഒരു അടിസ്ഥാന ധാരണയില്ലാതെ കാലാവസ്ഥാ വ്യതിയാനത്തെ മനസ്സിലാക്കാനാകില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് വിശ്വാസയോഗ്യമായ രീതിയിൽ ഊഷ്മാവും ഈർപ്പനിലയും മറ്റ് അന്തരീക്ഷസൂചികകളും വ്യാപകമായി അളക്കാനും രേഖപ്പെടുത്താനും തുടങ്ങിയത്. ഇന്ന് ലോകമെമ്പാടുംപടർന്നു കിടക്കുന്ന ആയിരക്കണക്കിന് കാലാവസ്ഥാ കേന്ദ്രങ്ങൾ സദാ സമയവും അന്തീക്ഷ ഊഷ്മാവും മർദ്ദവും ഈർപ്പനിലയുമെല്ലാം സ്വയം അളന്ന് അത് ഒരു കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് സംപ്രേഷണം ചെയ്യുന്നു. ഈ ബൃഹത്തായ വസ്തുതാ ശേഖരത്തെ സ്റ്റാറ്റിസ്റ്റിക്കലായി വിശകലനംചെയ്തുകൊണ്ട് ലോകത്തിന്റെ മൊത്തമായോ ഓരോ പ്രദേശത്തിന്റെയും പ്രത്യേകമായോ ശരാശരി താപനില കണ്ടെത്താൻ സാധിക്കും. താപനില എപ്രകാരം മാറിക്കൊണ്ടിരിക്കുന്നു എന്നത് ഇങ്ങനെ മനസ്സിലാക്കാം. ഈ മാറ്റം പഠിക്കുമ്പോൾ മനസ്സിലാകുന്നത് 1850–1900 കാലത്തെ ശരാശരി താപനിലയുമായി തട്ടിച്ചുനോക്കുമ്പോൾ 2011–20കാലത്തെ ശരാശരി താപനിലയിൽ 1.09ഡിഗ്രി സെൽഷ്യസിന്റെ വർദ്ധനവ് ഉണ്ട് എന്നാണ്. ഈ കാലയളവിലെല്ലാം ചൂട് സാവധാനം വർദ്ധിക്കുന്നതായി ഈ വിശകലനത്തിൽനിന്നും മനസ്സിലാക്കാം. 1876 മുതൽ 1900വരെയുള്ള കാലത്ത് ചെറിയ കുറവ് ഉണ്ടായെങ്കിലും പൊതുവേ ചൂട്(താപനില) വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നുമാത്രമല്ല, വർദ്ധനവിന്റെ തോത് കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കിടയിൽ വല്ലാതെ കൂടിയിരിക്കുന്നു. ഭൂമിക്ക് ചൂടുപിടിക്കുന്നു എന്നു മാത്രമല്ല, അത് മറ്റെല്ലാ കാലത്തെ അപേക്ഷിച്ചും വല്ലാതെ കൂടിയിരിക്കുന്നു, ഇത് വളരെ ആശങ്ക ഉളവാക്കുന്നതാണ്.

കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ ഏറ്റവും കൂടിയ ആഗോള ശരാശരി താപനിലയായിരുന്നു 2023ലേത്. അത് വ്യവസായവത്ക്കരണത്തിന് മുമ്പുണ്ടായിരുന്നതിനെക്കാൾ(1859–1900) 1.4 ഡിഗ്രി സെൽഷ്യസ് കൂടുതലും ഇരുപതാം നൂറ്റാണ്ടിലെ ശരാശരി താപനിലയെക്കാൾ 1.18 ഡിഗ്രി കൂടുതലുമാണ്. 2023 ജൂൺ മുതൽ ഡിസംബർവരെയുള്ള ഓരോ മാസവും മുൻ വർഷങ്ങളിലെ സമാന സമയത്തെക്കാൾ ചൂട് കൂടുതലായിരുന്നു. ഉപകരണങ്ങളിൽ രേഖപ്പെടുത്തിയ ഡാറ്റ അനുസരിച്ച് കഴിഞ്ഞ 9 വർഷങ്ങൾ ഏറ്റവും ചൂട് കൂടിയ 9 വർഷങ്ങൾ എന്ന നിലയിൽ വേറിട്ടുനിൽക്കുന്നു. 2024ലെ ആഗോള ശരാശരി താപനില 2023നെക്കാൾകൂടുതലായിരിക്കാനുള്ള സാധ്യത പകുതിയിലധികമാണ്. ഇന്ത്യയിലാകട്ടെ 2023ലെ ശരാശരി താപനില 1850കളെ അപേക്ഷിച്ച് 1.18 ഡിഗ്രി കൂടുതലാണ്. ചൂട് കൂടുന്നത് ലോകത്തെല്ലായിടത്തും ഒരുപോലെയല്ല. കരഭാഗങ്ങളിൽ കടലിനെക്കാൾ വേഗത്തിൽ ചൂട് കൂടിക്കൊണ്ടിരിക്കുന്നു. ആർട്ടിക്കും മറ്റ് ഉയർന്ന ഭ്രപ്രദേശങ്ങളും മറ്റ് ഭാഗങ്ങളെക്കാൾ വേഗത്തിൽ ചൂടായിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം ലോകകാലാവസ്ഥയെ കാതലായി ബാധിക്കാൻ പോകുകയാണ്. നമ്മുടെ കൈവശമുള്ള വസ്തുതകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ആഗോളതാപനമെന്നത് ഒരു യാഥാർത്ഥ്യമാണ് എന്നതാണ്. അത് ശാസ്ത്രീയമായി നിഷേധിക്കാനാവില്ല.

## കാലാവസ്ഥാവ്യതിയാനത്തിന് പിന്നിൽ

കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ ഇതിന് മുമ്പും ഉണ്ടായിട്ടുണ്ട്. അക്കാലത്ത് മനുഷ്യരുണ്ടായിരുന്നില്ല. മനുഷ്യരുണ്ടായിരുന്നില്ല എന്നതിനാൽ പ്രകൃത്യാ ഉണ്ടായ കാലാവസ്ഥാ വ്യതിയാനങ്ങൾ ആയിരുന്നു അവ എന്നത് വ്യക്തമാണ്. ലക്ഷക്കണക്കിനോ ദശലക്ഷക്കണക്കിനോ വർഷങ്ങൾ കൊണ്ടായിരുന്നു ആ വ്യതിയാനങ്ങൾ സംഭവിച്ചത്. എന്നാൽ ഇപ്പോഴത്തെ കാലാവസ്ഥാ വ്യതിയാനങ്ങൾ സംഭവിക്കുന്നത് ഒന്നോ രണ്ടോ നൂറ്റാണ്ടുകൾക്കുള്ളിലാണ്. മനുഷ്യരുണ്ടാക്കുന്ന മാറ്റങ്ങൾ, പ്രകൃത്യാ ഉണ്ടാകുന്ന മാറ്റങ്ങളെക്കാൾ വളരെ ദ്രുതഗതിയിലാണ്. ശാസ്ത്രജ്ഞരുടെ സുചിന്തിതമായ അഭിപ്രായം മനുഷ്യനിർമ്മിതമായ ഹരിതഗൃഹവാതകങ്ങളാണ് ഈ കാലാവസ്ഥാവ്യതിയാനത്തിന് കാരണം എന്നാണ്. കൽക്കരി, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവ കത്തിക്കുന്നതിലൂടെയാണ് പ്രധാനമായും ഈ വാതകങ്ങൾ ഉണ്ടാകുന്നത്. സൂര്യനിൽ നിന്നുവരുന്ന ചൂട് ഭൂമിയിൽത്തന്നെ തടഞ്ഞുനിർത്തുന്നത് ഈ ഹരിതഗൃഹവാതകങ്ങളാണ്. നമ്മുടെ അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള ഹരിതഗൃഹവാതകം കാർബൺ ഡൈഓക്സൈഡ് ആണ്(76%). തൊട്ടുപിന്നിൽ മീഥേനും(16%), നൈട്രസ് ഓക്സൈഡും(6%). ഹാലോകാർബൺ ഇനത്തിൽപെട്ട വാതകങ്ങൾ രണ്ടുശതമാനം വരും. ഇക്കൂട്ടത്തിൽത്തന്നെ ചൂട് തടഞ്ഞുനിർത്താനുള്ള വാതകങ്ങളുടെ കഴിവുനോക്കുകയാണെങ്കിൽ മീഥേൻ, കാർബൺ ഡൈഓക്സൈഡിനെക്കാൾ മുപ്പത് മടങ്ങ് കൂടുതൽ അപകടകാരിയാണ്. നൈട്രസ് ഓക്സൈഡ് ആകട്ടെ 270മടങ്ങ് അപകടകാരിയാണ്.

കാർബൺ ഡൈഓക്സൈഡ് പ്രധാനമായും വരുന്നത് ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതുവഴിയാണ്. ഗതാഗതത്തിനും വൈദ്യുതോൽപ്പാദനത്തിനും ഉൽപ്പാ

(ശേഷം 6–ാം പേജിൽ)

# അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ വലിയൊരു പങ്കിനും ഉത്തരവാദികൾ മുതലാളിത്ത സാമ്രാജ്യത്വ രാജ്യങ്ങൾ

(5–ാം പേജിൽ നിന്ന്)

ദന പ്രക്രിയയിലും വ്യാപകമായി ജൈവ ഇന്ധനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതുവഴി കാർബൺ ഡൈഓക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ വർദ്ധിക്കുന്നു. കന്നുകാലികളും മലിനജലവുമാണ് മീഥേൻ പുറത്തുവിടുന്നത്. കൽക്കരി ഖനനം, നെല്ലുൽപാദനം, മാലിന്യം എന്നിവയിൽനിന്നും മീഥേൻ വരും. വ്യവസായശാലകൾ പുറത്തുവിടുന്ന സൂക്ഷ്മകണികകൾക്ക് അന്തരീക്ഷ ഊഷ്മാവിനെ സ്വാധീനിക്കാൻ കഴിയും. കാർബൺ ഡൈഓക്സൈഡിന്റെ അളവ് പ്രകാശസംശ്ലേഷണത്തിലൂടെ കുറയ്ക്കാൻ മരങ്ങൾക്ക് കഴിയും. വനങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് കാർബൺ ഡൈഓക്സൈഡിന്റെ അളവ് വർദ്ധിക്കാൻ ഇടവരുത്തുന്നു. ഭൂമിയിലേയ്ക്ക് വരുന്ന സൂര്യകിരണങ്ങളിൽ വലിയൊരു ഭാഗം ഐസ് പാളികളിൽത്തട്ടി പ്രതിഫലിച്ച് പോകുമായിരുന്നു. എന്നാൽ ഐസ് പാളികൾ ഉരുകുന്നതോടെ ഈ സാധ്യതയും കുറയുന്നു. ഫാക്ടറികളിൽനിന്ന് പുറത്തുവിടുന്ന വിഷവാതകങ്ങൾ അന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കാൻ ഇടവരുത്തുന്നു. മാത്രവുമല്ല, വ്യവസായശാലകൾ മാലിന്യം സംസ്കരിക്കാതെ പുറത്തുവിടുന്നതും ആഗോള താപനത്തിന് ആക്കം വർദ്ധിപ്പിക്കും. ചെലവ് കുറച്ച് പരമാവധി ലാഭം ഉറപ്പാക്കാൻ വേണ്ടി മാലിന്യസംസ്കരണ പ്രക്രിയയിൽ വെള്ളം ചേർക്കുന്ന വൻ വ്യവസായികളും അവർക്ക് മൗനാനുവാദം നൽകുന്ന സർക്കാരുകളുമാണ് ഇവിടെ കുറ്റവാളികൾ. അനിയന്ത്രിതമായ വനനശീകരണം, യാതൊരു ആസൂത്രണവുമില്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നടക്കുന്ന നഗരവത്ക്കരണം, അതുവഴി ജലാശയങ്ങളും കണ്ടൽക്കാടുകളും ഇല്ലാതെയാകുന്നത്, ദുർവ്യയം നിറഞ്ഞ ടൂറിസം തുടങ്ങി വൻമുതലാളിമാരും ബൂർഷ്വാ ഗവൺമെന്റുകളും ലാഭംമാത്രം ലാക്കാക്കി നടത്തുന്ന പ്രോജക്ടുകളെല്ലാം തന്നെ കാലാവസ്ഥയെ ഹാനികരമായി ബാധിക്കുന്നതാണ്. ഉയർന്ന പ്രദേശങ്ങളിൽ നടക്കുന്ന ലക്കും ലഗാനുമില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ പ്രദേശത്തെ ലോലമായ പരിസ്ഥിതി സന്തുലിതാവസ്ഥയെ ആകെ തകിടം മറിക്കുന്നു. കാലവസ്ഥാവ്യതിയാനംമൂലം മഴയുടെ അളവ് കൂടുന്നത് മലവെള്ളപ്പാച്ചിലിനും ഉരുൾപൊട്ടലിനും വെള്ളപ്പൊക്കത്തിനും കാരണമാകും. ഉത്തരാഖണ്ഡിലെ കേദാർനാഥിൽ നാം ഈയിടെ കണ്ടത് ഇതാണ്.

## സമുദ്രനിരപ്പ് ഉയരുന്നു

ലോകമെമ്പാടും സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇതിന് പ്രധാനമായും രണ്ട് കാരണങ്ങൾ ഉണ്ട്. ഒന്ന്, താപനില വർദ്ധിക്കുന്നതിനനുസരിച്ച് വെള്ളം അൽപ്പം വികസിക്കുന്നു. രണ്ട്, മലമ്പ്രദേശങ്ങളിലും അന്റാർട്ടിക്കയിലും ഗ്രീൻലാൻഡിലും മഞ്ഞു പാളികൾ ഉരുകി ആ വെള്ളം കടലിൽ ചേരുന്നു. 1980നുശേഷം ലോകമെമ്പാടും സമുദ്രനിരപ്പ് ശരാശരി 250മില്ലീമീറ്റർ വർദ്ധിച്ചിരിക്കുന്നു. ഏഷ്യയിലെ വർദ്ധന ആഗോളശരാശരിയിലും കൂടുതലാണ്. ചില ചെറിയ ദ്വീപുരാഷ്ട്രങ്ങൾ പൂർണമായും കടലിന് അടിയിലാകാൻ പോകുന്നു. ഇന്ത്യയിലെ കടൽത്തീര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സുന്ദർബനും കിഴക്കൻ കടൽത്തീരവും ഇതുമൂലം വലിയ ഭീഷണിയിലാണ്. കടൽ സാവധാനം കരകൈയേറിക്കൊണ്ടിരിക്കുന്നു. കൃഷിയെ ഇത് സാരമായി ബാധിച്ചിരിക്കുന്നു. ഒട്ടനവധി ആളുകൾക്ക് കിടപ്പാടം നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

## അന്തരീക്ഷത്തിലുണ്ടാകുന്ന അപ്രതീക്ഷിത മാറ്റങ്ങൾ

ഭൗമാന്തരീക്ഷത്തിലും കടലിലും വലിയതോതിൽ ഊർജ്ജം സംഭരിക്കപ്പെടാൻ ആഗോളതാപനം ഇടയാക്കുന്നുണ്ട്. പൊടുന്നനെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭം, ചുഴലിക്കാറ്റുകൾ, ഉഷ്ണവാതം, മേഘവിസ്ഫോടനം, വെള്ളപ്പൊക്കം, വരൾച്ച എന്നിവയിലേയ്ക്ക് നയിക്കുന്നത് ഈ അധികഊർജ്ജമാണ്. സമുദ്രത്തിൽ ചൂട് കൂടുമ്പോഴാണ് ഉഷ്ണമേഖലാപ്രദേശങ്ങളിലെ ചുഴലിക്കാറ്റുകളുടെ ശക്തിയും എണ്ണവും വർദ്ധിക്കുന്നത്. ബംഗാൾ ഉൾക്കടൽ ചുഴലിക്കാറ്റുകൾക്ക് കുപ്രസിദ്ധമാണ്. അടുത്തകാലത്തായി അവിടെനിന്നുള്ള ചുഴലിക്കാറ്റുകളുടെ എണ്ണവും നശീകരണശക്തിയും വർദ്ധിച്ചിരിക്കുന്നതായി കാണാൻ കഴിയും. 1999ലെ ഒഡീഷ സൂപ്പർ സൈക്ലോൺ, 2008ലെ നർഗീസ് ചുഴലിക്കാറ്റ്, 2009ലെ അയ്‌ല, 2019ലെ ഫാനി, 2020ലെ ആംഫൻ എന്നിവ അവിടെനിന്നായിരുന്നു.

അന്തരീക്ഷത്തിൽ കാർബൺ ഡൈഓക്സൈഡിന്റ അളവ് കൂടിയാൽ കടലിന് അമ്ലസ്വഭാവം വരും. ആഗോളതാപനം വർദ്ധിക്കുമ്പോൾ സമുദ്രത്തിന്റെ വലിയൊരു ഭാഗത്ത് ഓക്സിജന്റെ അളവ് കുറയാനും സാധ്യതയുണ്ടെന്ന് പഠനങ്ങൾ പറയുന്നു. സമുദ്രങ്ങളുടെ അടിത്തട്ടിലുള്ള മീഥേൻ ഹൈഡ്രേറ്റുകൾ ചൂടുകാരണം വിഘടിക്കാനും അതിൽനിന്നും മീഥേൻ അന്തരീക്ഷത്തിൽ എത്താനും സാധ്യതയുണ്ട്. ഇത് ചൂട് വീണ്ടും കൂടാൻ ഇടയാക്കും. ഇങ്ങനെ ചൂടും തത്ഫലമായുണ്ടാകുന്ന രാസമാറ്റങ്ങളും സമുദ്രങ്ങളിലെ ആവാസവ്യവസ്ഥയെയും കടലിന്റെ ചംക്രമണത്തെയും ആഗോളകാലാവസ്ഥാ ഘടനയെയും അപ്പാടെ തകിടം മറിക്കും.

വായുവിൽ ഈർപ്പം കൂടുന്നതിനനുസരിച്ച് അന്തരീക്ഷത്തിലെ ജലാംശം വർദ്ധിക്കുകയാണ്. ഇത് കടുത്ത മഴയ്ക്ക് കാരണമാകും. ലോകത്തിന്റെ പലഭാഗങ്ങളിലും ഇങ്ങനെ ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുള്ള കനത്ത മഴ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുമൂലം വീടുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കാര്യമായ കേടുപാടുകൾ വരികയും ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ നീണ്ടുനിൽക്കുന്ന വരൾച്ചയും ജലദൗർലഭ്യവും അനുഭവപ്പെടുന്നു. ഇത്തരം അസാധാരണമായ കാലാവസ്ഥാ വ്യതിയാനങ്ങൾ കൃഷി നശിക്കാനും കന്നുകാലികൾ വെള്ളവും തീറ്റയും ലഭിക്കാതെ ചത്തുപോകുന്നതിനും ഇടയാക്കുന്നു. ചെറുകിട കർഷകരെ ഇത് സമ്പൂർണമായി തകർക്കും.

മനുഷ്യരുടെ ആരോഗ്യത്തെയും കാലാവസ്ഥാ വ്യതിയാനം പ്രതികൂലമായി ബാധിക്കും. ഉഷ്ണവാതം അതോടനുബന്ധിച്ച രോഗങ്ങൾക്കുംസൂര്യാഘാതത്തിനും ഇടയാക്കുന്നു. ഒട്ടനവധി ആളുകൾ ഇങ്ങനെ മരിക്കുന്നു. ഒരുവശത്ത് വെള്ളപ്പൊക്കം ജലജന്യമായ പകർച്ചവ്യാധികൾ പടർത്തുമ്പോൾ മറുവശത്ത് വരൾച്ച പോഷകാഹാരക്കുറവിനും ജന്തുജന്യമായ രോഗങ്ങൾ പടരാനും കാരണമാകുന്നു. ഇങ്ങനെ പൊതുജനാരോഗ്യം തകരാനും കാലാവസ്ഥാ വ്യതിയാനം ഇടവരുത്തും.

ജൈവ ആവാസവ്യവസ്ഥയെ ഒന്നാകെ കാലാവസ്ഥാവ്യതിയാനം തകിടം മറിക്കും. ഋതുക്കളുടെ സമയംതെറ്റുന്നത് ചെടികളിൽ ഇലവളരുന്നതിനെയും പക്ഷികളുടെ ദേശാടനം, പ്രജനനം എന്നിവയും അവതാളത്തിലാക്കും. ചെടികളും മൃഗങ്ങളും മുമ്പ് വളരാതിരുന്ന ധ്രുവമേഖലകളിലേയ്ക്ക് പടരാൻ തുടങ്ങും. ഒട്ടനവധി ജീവിവർഗ്ഗങ്ങൾ നശിക്കാനും പുതിയതരം ജീവികൾ ഉടലെടുക്കാനും വഴിയൊരുക്കും. സാവധാനമുള്ള ആഗോളതാപനംപോലും പൊടുന്നനെയുള്ള വലിയ കാലാവസ്ഥാമാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ലോകത്തിന്റെ ചിലഭാഗങ്ങൾ ഏതാനും വർഷങ്ങളുടെ ഇടവേളയിൽ വല്ലാതെ ചൂടുപിടിക്കാനും മറ്റ് ഭാഗങ്ങൾ വല്ലാതെ തണുക്കാനും സാധ്യതയുണ്ട്. വിഭവസമാഹരണത്തെയും ഉൽപ്പാദനക്ഷമതയെയും അതുവഴി രാജ്യങ്ങളുടെ സമ്പദ്ഘടനയെയും ബാധിക്കും. ഇന്ത്യയിൽ നടന്ന ഒരു പഠനപ്രകാരം, “താപനിലയിലുണ്ടായിട്ടുള്ള ഓരോ ഡിഗ്രിവ്യത്യാസവും സംസ്ഥാനങ്ങളുടെ സാമ്പത്തിക വളർച്ചയിൽ ശരാശരി 3.89ശതമാനം കുറവുണ്ടാക്കിയിട്ടുണ്ട്”.

## ഭാവിയിൽ എന്തു സംഭവിക്കും

ഭൂമിക്ക് ചൂടേറി കൊണ്ടിരിക്കുകയും അതുമൂലം കാലാവസ്ഥാ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതുവരെയുള്ള ശാസ്ത്രീയ തെളിവുകൾ പറയുന്നത് വ്യാവസായിക വിപ്ലവത്തിനുശേഷമാണ് ഇന്നത്തെ രീതിയിൽ ഭൗമാന്തരീക്ഷത്തിന് ചൂടുപിടിക്കാൻ തുടങ്ങിയത് എന്നാണ്. മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ ഹരിതഗൃഹവാതകങ്ങൾ അന്തരീക്ഷത്തിൽ എത്തിയതാണ് ഇതിന് കാരണമെന്നും നാം കണ്ടു. ഇതിൽനിന്നും ശരിയായ പാഠമുൾക്കൊണ്ട് എന്തുപരിഹാര നടപടികളാണ് ത്വരിതഗതിയിൽ നാം കൈക്കൊള്ളാൻ പോകുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ഭാവി നിർണയിക്കപ്പെടുക. ഹരിതഗൃഹവാതകങ്ങൾ പുറത്തുവിടുന്നത് തടയാൻ യുദ്ധകാലാ ടിസ്ഥാനത്തിൽ നടപടികൾ കൈക്കൊണ്ടേതീരൂ. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള അന്തർദ്ദേശീയ പാനൽ ഹരിതഗൃഹവാതകങ്ങൾ എത്രമാത്രം നമുക്ക് നിയന്ത്രിക്കാൻ കഴിയും എന്നതിന്റെ തോതനുസരിച്ച് 2100 എഡിയിൽ എന്ത് സംഭവിക്കാം എന്നതിന്റെ വ്യത്യസ്തമായ സാധ്യതകൾ പഠിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| | ഹരിതഗൃഹവാതക ബഹിർഗമനം | പ്രതീക്ഷിക്കുന്ന താപനം 2041–2060 | പ്രതീക്ഷിക്കുന്ന താപനം 2100 | സമുദ്ര നിരപ്പിൽ പ്രതീക്ഷിക്കുന്ന ഉയർച്ച |
|---|---|---|---|---|
| SSP 1–1.9 | വളരെ കുറഞ്ഞ ബഹിർഗമനം. 2050ഓടെ പൂജ്യത്തിലേക്കെത്തുന്നു. | 1.6°C | 1.4°C | 0.38 m |
| SSP 1–2.6 | കുറഞ്ഞ ബഹിർഗമനം. 2075ഓടെ പൂജ്യത്തിലേക്കെത്തുന്നു. | 1.7°C | 1.8°C | 0.44 m |
| SSP 2–4.5 | ഇടത്തരം ബഹിർഗമനം. 2050 വരെ തൽസ്ഥിതി തുടരുന്നു. പിന്നെ താഴുന്നു. പൂജ്യത്തിലേക്ക് എത്തുന്നില്ല | 2.0°C | 2.7°C | 0.56 m |
| SSP 3–7 | ഉയർന്ന ബഹിർഗമനം. 2100ഓടെ ഇരട്ടിയാകുന്നു. | 2.1°C | 3.6°C | 0.68 m |
| SSP 5–8.5 | വളരെ ഉയർന്ന ബഹിർഗമനം. 2075ഓടെ മൂന്ന് ഇരട്ടിയാകുന്നു. | 2.4°C | 4.4°C | 0.77 m |

ഈ പട്ടികപ്രകാരം, നാം ഒന്നും ചെയ്യാതെ ഇന്നത്തെ സ്ഥിതിയിൽ തുടരുകയാണെങ്കിൽ 2100എഡിയിൽ ആഗോളതാപനില ശരാശരി 4ഡിഗ്രി സെൽഷ്യസ് വരെ ഉയരാം. അങ്ങനെയെങ്കിൽ മനുഷ്യവംശത്തിന്റെതന്നെ അതിജീവനം ദുഷ്കരമായിരിക്കും. 1.5ഡിഗ്രി മുതൽ 2ഡിഗ്രി വരെയാണ് നമുക്ക് സഹിക്കാവുന്നതിന്റെ പരിധി. ശരാശരി താപനിലയിൽ 1.5ഡിഗ്രി സെൽഷ്യസിന്റെ വർദ്ധനവുണ്ടായാൽത്തന്നെ നിലനിൽപ്പ് വളരെയേറെ അനിശ്ചിതത്വത്തിലാകും. തീവ്രമായ പ്രകൃതിക്ഷോഭങ്ങൾ, വരൾച്ച, കടുത്ത ഉഷ്ണവാതം, കാട്ടുതീ, ചുഴലിക്കാറ്റുകൾ എന്നിവ പെരുകും. ആർട്ടിക് മഞ്ഞുപാളികൾ ഉരുകും, സമുദ്രനിരപ്പ് ഉയരും. കാലാവസ്ഥ അനിയന്ത്രിതമായി മാറുന്നത് ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം അവതാളത്തിലാക്കും. പ്രകൃതിയുടെ സന്തുലിതാവസ്ഥ ആകെ തകിടം മറിയും. ആവാസവ്യവസ്ഥകൾ നശിക്കും. ആഗോളതാപനം 1.5 ഡിഗ്രി–2ഡിഗ്രി സെൽഷ്യസിനകത്ത് നിർത്തണമെങ്കിൽ ഹരിതഗൃഹവാതകങ്ങൾ പുറത്തുവിടുന്നത് 2010ലേതിനെ അപേക്ഷിച്ച് പകുതിയോളം കുറയ്ക്കേണ്ടതുണ്ട്. 2030നകം അത് സാധിക്കണം. 2050ആകുമ്പോഴേയ്ക്കും മൊത്തം ഹരിതഗൃഹവാതകങ്ങൾ നാം പുറത്തുവിടുന്നത്, മരങ്ങൾ വഴിയും മറ്റും ആഗീരണം ചെയ്യുന്നതിന് തുല്യമായി മാറണം. നാം ബഹിർഗമനം നിർത്തിയാലും ഭൗമാന്തരീക്ഷത്തിൽ നിലവിലുള്ള ഹരിതഗൃഹവാത

(ശേഷം 7–ാം പേജിൽ)

# വികസനത്തിന്റെപേരിൽ നടക്കുന്ന പ്രകൃതിചൂഷണവും കൈയേറ്റങ്ങളും കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകുന്നു

(6–ാം പേജിൽ നിന്ന്)

കങ്ങൾ അവിടെത്തന്നെ നിലനിൽക്കും എന്നോർക്കണം. അതുകൊണ്ടുതന്നെ താപനില കുറെക്കാലത്തേയ്ക്ക് ഉയർന്നുകൊണ്ടിരിക്കും.

## കാലാവസ്ഥാവ്യതിയാനത്തെ നിയന്ത്രിക്കുന്നത് എങ്ങനെ

ആഗോള ശരാശരി താപനിലയും അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവും തമ്മിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുകയാണ്. കാർബൺഡൈഓക്സൈഡിന്റെ ശരാശരി സാന്ദ്രത 507പിപിഎം ആണെങ്കിൽ താപനിലയിൽ ശരാശരി 1.5ഡിഗ്രിയുടെ വർദ്ധനയുണ്ടാകും. അത് 608 പിപിഎം ആകുന്നതോടെ വർദ്ധന 2 ഡിഗ്രിയാകും. 2023ലെ കണക്കുപ്രകാരം അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ സാന്ദ്രത 420 പിപിഎം ആണ്. അതായത് അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ അളവ് ഇപ്പോഴുള്ളതിൽനിന്നും വർദ്ധിച്ച് 507 പിപിഎംന്റെ മുകളിൽ പോകാതെ നോക്കിയാൽ താപനില 1.5ഡിഗ്രിയിൽ കൂടുതൽ ഉയരുന്നത് തടയാൻ സാധിക്കും.

നിലവിലുള്ള താപനില കുറയ്ക്കാൻ പരിശ്രമിക്കുക, കാലാവസ്ഥാവ്യതിയാനത്തോട് സമരസപ്പെട്ടുപോകുന്ന രീതിയിൽ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുക എന്ന ഒരു ദ്വിമുഖ പദ്ധതിയാണ് നാ സ്വീകരിക്കേണ്ടത്. പുറത്തുവിടുന്ന കാർബൺ ഡൈഓക്സൈഡിന്റെ അളവ് കുറയ്ക്കുക വളരെ പ്രധാനമാണ്. ഇന്ന് ഏറ്റവും കൂടുതൽ കാർബൺ ഡൈഓക്സൈഡ് പുറത്തുവിടുന്നത് വൈദ്യുതി ഉൽപാദിപ്പിക്കുമ്പോഴും പെട്രോളിയം ഉൽപ്പന്നങ്ങൾ കത്തിക്കുമ്പോഴും ആണ്. കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനം പൂർണമായും ഒഴിവാക്കി ചെറിയ ജലവൈദ്യുതി നിലയങ്ങൾ, സൗരോർജ്ജം, കാറ്റിൽനിന്നുള്ള വൈദ്യുതി എന്നിവ കൂടുതലായി ഉപയോഗിക്കണം. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന രീതിയിൽ കെട്ടിടങ്ങളും ഉപകരണങ്ങളും രൂപകൽപ്പന ചെയ്യണം. യാത്ര കുറയ്ക്കുന്ന തരത്തിൽ നഗരങ്ങൾ ആസൂത്രണം ചെയ്യണം. നിലവിലുള്ള കാർബൺ ഡൈഓക്സൈഡിന്റെ അളവ് കുറയ്ക്കാൻ വനവിസ്തൃതി വർദ്ധിപ്പിക്കണം. ഇത്തരം നടപടികൾ പ്രോത്സാഹിപ്പിക്കാൻ ഒരു കാർബൺ നികുതി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ വരുമാനം കൂടുതൽ പരിസ്ഥിതി സൗഹൃദ നയങ്ങൾ സ്വീകരിക്കാൻ കുറഞ്ഞ വരുമാനക്കാരെ സഹായിക്കാൻ ഉപയോഗിക്കണം എന്നായിരുന്നു നിർദ്ദേശം.

കാലാവസ്ഥാവ്യതിയാനം ഉണ്ടാക്കുന്ന കേടുപാടുകൾ മറികടക്കാനുതകുന്ന സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക നയങ്ങൾ രൂപപ്പെടുത്തുകയാണ് ഇതിന്റെ രണ്ടാമത്തെ വശം. തീവ്രമായ കാലാവസ്ഥാവ്യതിയാനം മുൻകൂട്ടി കണ്ടുകൊണ്ട് കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആസൂത്രണം ചെയ്യുക, പ്രകൃതിക്ഷോഭങ്ങൾ നേരത്തെ അറിയാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുക, സമുദ്രനിരപ്പ് ഉയരുന്നതിനനുസരിച്ച് കാര്യങ്ങൾ ആസൂത്രണം ചെയ്യുക, ഊർജ്ജക്ഷമതയുള്ളതും വെള്ളപ്പൊക്കത്തെ പ്രതിരോധിക്കാൻ കഴിയുന്നതുമായ തരത്തിൽ കെട്ടിടനയം മാറ്റുക, പ്രകൃതി ദുരന്തങ്ങൾ നേരിടാനുള്ള സാമ്പത്തിക സ്രോതസ്സ് ഉണ്ടാക്കിയെടുക്കുക, പുതിയ കൃഷിരീതികൾ സ്വീകരിക്കുക, കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുതകുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക–ഇതൊക്കെയാണ് നമുക്ക് ചെയ്യാനുള്ളത്. കോൺക്രീറ്റ് സമുച്ചയങ്ങളും ടാർ റോഡുകളും പെട്ടെന്ന് ചൂട് പിടിക്കുന്നവയാണ്. എന്നുമാത്രമവുമല്ല, തണുക്കാനും സമയമെടുക്കും. ഇതുകൊണ്ടാണ് നഗരപ്രദേശങ്ങളിൽ ചൂട് കൂടുന്നത്. അവിടെ പാർക്കുകൾ, കുട്ടിവനങ്ങൾ, ധാരാളം മരങ്ങൾ എന്നിവ ഉണ്ടാകണം. ആകെ വിസ്തൃതിയുടെ ഇരുപത് ശതമാനമെങ്കിലും മരങ്ങൾ നിറഞ്ഞതായിരിക്കണം. നഗരത്തിനുള്ളിലെ ജലാശങ്ങൾ സംരക്ഷിക്കുകയും വിസ്തൃമാക്കുകയും ചെയ്യണം. കെട്ടിടങ്ങളെ ചൂടിൽനിന്ന് സംരക്ഷിക്കണം, ഊർജ്ജക്ഷമതയുള്ള ശീതീകരണ സംവിധാനങ്ങൾ കണ്ടെത്തണം.

## കാലാവസ്ഥാവ്യതിയാനവും മുതലാളിത്ത രാഷ്ട്രീയവും

കാലാവസ്ഥാവ്യതിയാനം ഒരു ആഗോള പ്രശ്നമാണ്. അതിനെ ചെറുക്കാനുള്ള നടപടികളും ആഗോളമായിരിക്കണം. അതിനായുള്ള അന്താരാഷ്ട്ര പരിശ്രമങ്ങൾക്ക് നേതൃത്വം നൽകാനാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക് കൺവൻഷൻ ഫോർ ക്ലൈമറ്റ് ചേഞ്ച്(യുഎൻഎഫ്സിസിസി) സംഘടിപ്പിച്ചത്. ഇതിന്റെ വാർഷിക സമ്മേളനം– ആനുവൽ കോൺഫറൻസ് ഓഫ് പാർട്ടീസ്– സിഒപി ആണ് അന്താരാഷ്ട്രതലത്തിൽ കാലാവസ്ഥാവ്യതിയാനത്തിനെതിരെ നടപടികളെടുക്കുന്ന പരമോന്നത സമിതി.

കാലങ്ങളായി വൻതോതിൽ ജൈവ ഇന്ധനങ്ങൾ ഉപയോഗിക്കുന്നവരും വൻ വ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരും എന്ന നിലയിൽ അന്തരീക്ഷത്തിൽ സമാഹരിച്ചിരിക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ വലിയൊരു പങ്കം വികസിത രാജ്യങ്ങളുടേതാണ്. എന്നാൽ കാലാവസ്ഥാവ്യതിയാനത്തിന്റെ തിക്തഫലങ്ങൾ കൂടുതലായി അനുഭവിക്കുന്നത് താരതമ്യേന കുറഞ്ഞ ഉപഭോഗങ്ങളുള്ള വികസ്വര രാജ്യങ്ങളാണുതാനും. വികസ്വരരാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻവേണ്ടി കൂടുതൽ വ്യവസായവത്ക്കരണത്തിന് മുതിരുമ്പോൾ അതും ഹരിതഗൃഹവാതകങ്ങൾ വർദ്ധിക്കാൻ ഇടവരുത്തുന്നുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് കാലാവസ്ഥാവ്യതിയാനത്തിന്റെ പൊതുവായതെങ്കിലും ഏറ്റക്കുറച്ചിലോടെ ഉത്തരവാദിത്തങ്ങൾ രാജ്യങ്ങൾക്ക് വീതിക്കാൻ 1992ലെ റിയോ ഉച്ചകോടിയിൽ ധാരണയായിരുന്നു. ഇതുപ്രകാരം കാർബൺ ബഹിർഗമനം കുറയ്ക്കേണ്ടതിന്റെ പ്രധാന ഉത്തരവാദിത്തം വികസിത രാജ്യങ്ങൾക്കായിരിക്കും. മാത്രവുമല്ല, കാർബൺ ബഹിർഗമനം കുറയ്ക്കാനാവശ്യമായ സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും വികസ്വര രാജ്യങ്ങൾക്ക് നൽകാനും അവർ ബാദ്ധ്യസ്ഥരാണ്. എന്നാൽ തങ്ങളുടെ ഉപഭോഗം കുറയ്ക്കാനോ വികസ്വരരാജ്യങ്ങളെ സഹായിക്കാനോ ഒന്നും തന്നെ വികസിത രാജ്യങ്ങൾ ഇതുവരെ ചെയ്തിട്ടില്ല.

വ്യവസായവല്ക്കരണത്തിന്റെ എല്ലാ ഗുണഫലങ്ങളും അനുഭവിച്ചത് വികസിത രാജ്യങ്ങളാണെന്ന് അവർ ഓർക്കേണ്ടതാണ്. അവരുടെ ആഡംബരം നിറഞ്ഞ ജീവിത ശൈലിയാണ് അന്തരീക്ഷത്തിലെ ഹരിത ഗൃഹവാതകങ്ങളുടെ അളവ് ഇത്രമേൽ വർദ്ധിക്കാനിടയാക്കിയത്. ഇതിൽ അവികസിത രാജ്യങ്ങളുടെ പങ്ക് നിസ്സാരമാണ്. എന്നിട്ടും കാലാവസ്ഥാ വ്യതിയാനത്തിന് വലിയ വില കൊടുക്കേണ്ടിവരിക ഈ നാടുകളിലെ സാധാരണക്കാരാണ്. എല്ലാ രാജ്യങ്ങളിലെയും ദരിദ്രരും അരികുവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങൾ കലാവാസ്ഥാ വ്യതിയാനത്തിന് ഉത്തരവാദികളല്ല. എന്നാൽ ഉഷ്ണവാതവും വെള്ളപ്പൊക്കവും ചുഴലിക്കാറ്റും ഏറ്റവും കൂടുതൽ ബാധിക്കുന്നതും ഇവരെത്തന്നെയാണ്. കാലാവസ്ഥാ വ്യതിയാനത്തിനെതിരെ എടുക്കുന്ന ഏതു നയവും ഈ വിവേചനം കണക്കിലെടുക്കുകയും നീതിയും ന്യായവും ഉറപ്പുവരുത്തുകയും വേണം.

പിന്നീട് 1997 ൽ ജപ്പാനിലെ ക്യോട്ടോയിൽ നടന്ന ഉച്ചകോടിയിൽ വികസിത രാജ്യങ്ങൾ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനാവശ്യമായ ചില നടപടികൾ കൈക്കൊള്ളണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. എന്നാൽ ഇതൊക്കെ നിസ്സാരഫലമേ ഉളവാക്കുമായിരുന്നുള്ളൂ. എന്നിട്ടുപോലും ഈ മാനദണ്ഡങ്ങൾ അംഗീകരിക്കാൻ അമേരിക്ക തയ്യാറായില്ല. ഏറ്റവും കൂടുതൽ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളുന്നവരാണ് അവർ. തുടർന്നും നിരവധി ഉച്ചകോടികൾ നടന്നെങ്കിലും ധാരണകളൊന്നുമുണ്ടാകുന്നില്ല. ഇവകൊണ്ട് പ്രയോജനമില്ലെന്നായിട്ടുണ്ട്. ബഹിർഗമനം കുറയ്ക്കുന്ന കാര്യത്തിൽ വികസിത രാജ്യങ്ങൾ ഒട്ടും വഴങ്ങുന്നില്ല എന്നുമാത്രവുമല്ല, അമേരിക്ക, കാനഡ, ആസ്ട്രേലിയ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള ബഹിർഗമനം1990മുതൽകൂടിക്കൊണ്ടിരിക്കുകയാണ്. കാർബൺഡൈഓക്സൈഡ് പുറം തള്ളുന്നതിന്റെ അളവ് 1990 ല് 22 ഗിഗാ ടൺ ആയിരുന്നത് 2023 ൽ 33.55 ആയി. കാലാവസ്ഥാവ്യതിയാനത്തിന് തടയിടുന്നതിന്റെ കാര്യത്തിലും പിന്നാക്ക രാജ്യങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന്റെ കാര്യത്തിലും വലിയ തർക്കം നടക്കുകയാണ്. ഇന്ത്യയ്ക്കും ചൈനയ്ക്കും തങ്ങളുടെ വ്യവസായങ്ങൾ വികസിപ്പിക്കണമെന്നുണ്ട്. അവയെല്ലാം കല്ക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയുടെയും ചൈനയുടെയും കാർബൺബഹിർഗമനത്തിൽ വലിയ വർദ്ധനയുണ്ട്. എന്നിട്ടും ഈ രാജ്യങ്ങൾ അമേരിക്കയ്ക്കും കാനഡയ്ക്കും വളരെ പിറകിലാണ്. 2009 ലെ കോപ്പൻഹേഗൻ ഉച്ചകോടിയായപ്പോഴേയ്ക്കും കാലാവസ്ഥാ വ്യതിയാനത്തിന്റെ ചരിത്രപരമായ ഉത്തരവാദിത്തം, നീതി, തുല്യത എന്നീ അടിസ്ഥാന മൂല്യങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടു. 2015 ലെ കോപ്പൻ ഹേഗൻ ഉച്ചകോടി ചൂടുകൂടുന്നത് 1.5 ഡിഗ്രി C താഴെയാകണമെന്ന ഉദ്ദേശത്തോടെ ത്വരിതഗതിയിൽ നടപടികളെടുക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. കാർബൺ ബഹിർഗമനത്തിൽ 2030 ഓടെ 45 ശതമാനം കുറവ് വരുത്തുക, 2050 ആകുമ്പോഴേയ്ക്ക് ബഹിർഗമനം(പുറത്തേയ്ക്ക് വിടുന്നതിൽ നിന്ന് വനവൽക്കരണം വഴി ആഗിരണം ചെയ്യുന്നത് കുറച്ചാൽ കിട്ടുന്നത്) പൂജ്യമാക്കണം എന്നുമായിരുന്നു നിലപാട്. ഓരോ രാജ്യവും സ്വമേധയാ തന്നെ ബഹിർഗമനത്തിന്റെ അളവ് മുൻകൂട്ടി പ്രഖ്യാപിക്കണമെന്ന് പാരീസ് ഉച്ചകോടിയിൽ തീരുമാനമെടുത്തു. എന്നാൽ ഇതെല്ലാം ഇപ്പോഴും കടലാസ്സിൽ ഒതുങ്ങുന്നു. വൻസാമ്രാജ്യത്വ ശക്തികൾ ഈ തീരുമാനങ്ങൾക്കൊക്കെ പുല്ലുവിലയാണ് കല്പ്പിക്കുന്നത്. അന്താരാഷ്ട്ര സമ്മേളനങ്ങൾ കാലാവസ്ഥാ വ്യതിയാനം തടയാൻ മൂർത്തമായ നടപടികൾ കൈക്കൊള്ളുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണെന്നുവ്യക്തം. ന്യായമായും നീതിയുക്തമായും മാനദണ്ഡങ്ങൾക്ക് രൂപം കൊടുക്കാൻ സാധിച്ചിട്ടില്ല. അവികസിത രാജ്യങ്ങൾക്ക് കാർബൺ മുക്ത വ്യവസായത്തിലേയ്ക്ക് മാറാനാവശ്യമായ സാമ്പത്തിക സഹായത്തിന്റെ കാര്യത്തിലും ഒരു നടപടിയുമില്ല.

## ഇന്ത്യയിലെ സാഹചര്യം

കാലാവസ്ഥാവ്യതിയാനം ഏറ്റവും കൂടുതൽ ബാധിക്കുന്ന രാജ്യങ്ങളിൽ 7–ാം സ്ഥാനത്താണ് ഇന്ത്യ. കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിക്കാൻ ഒരു ദേശീയ പദ്ധതി 2008 ജൂണ് 30 ന് പ്രഖ്യാപിച്ചിരുന്നു. ദേശീയ സൗരോർജ്ജ പദ്ധതി, ദേശീയ ജലപദ്ധതി, ഹരിതഭാരതത്തിനായുള്ള ദേശീയ പദ്ധതി, സുസ്ഥിര ആവാസവ്യവസ്ഥയ്ക്കായുള്ള ദേശീയ പദ്ധതി തുടങ്ങിയവ ഇതിന്റെ ഭാഗമായി വന്നതാണ്. തുടർന്ന് 2020 ൽ ഗ്ലാസ്ഗോയിൽ നടന്ന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇവ പ്രഖ്യാപിക്കുകയുണ്ടായി. 2030 ആകുമ്പോഴേയ്ക്കും കാർബൺ ബഹിർഗമനം പകുതിയായി കുറയ്ക്കുക, ഊർജ്ജാവശ്യത്തിന്റെ പകുതിയും, പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽനിന്ന് കണ്ടെത്തുക, ആഭ്യന്തരമായി ഉപയോഗിക്കുന്ന കാർബണിന്റെ അളവ് 45 ശതമാനമെങ്കിലും കുറയ്ക്കുക, 2070ൽ പൂജ്യത്തിലെത്തിക്കുക എന്നൊക്കെയായിരുന്നു പ്രഖ്യാപനം. യാഥാർത്ഥ്യവുമായി ഇവയ്ക്ക് യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ഇതേ കാലയളവിൽ കല്ക്കരിയുടെ ഇറക്കുമതി 209 MTയിൽ നിന്നും 261 MT ആയി വർദ്ധിക്കുകയാണുണ്ടായത്. സൗരോർജ്ജത്തിലേയ്ക്കുള്ള മാറ്റവും വെറും വാചക കസർത്തായിരുന്നു.

മൊത്തം കാർബൺ ബഹിർഗമനം പൂജ്യത്തിലെത്തിക്കണമെങ്കിൽ വനങ്ങൾ സംരക്ഷിക്കുകയും അവയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും വേണം. അതിന് വ്യാപകമായി മരങ്ങൾ വെച്ചുപിടിപ്പിക്കുയും വനവൽക്കരണം നടത്തുകയും വേണം. എന്നാൽ ഇതേ ഗവണ്മെന്റുതന്നെ 2023ൽ കൊണ്ടുവന്ന വനനിയമം വാണിജ്യ ആവശ്യങ്ങൾക്കായി വനങ്ങൾ ഉപയോഗിക്കാൻ അനുമതി നല്കുന്നതാണ്. വ്യാപകമായ വനനശീകരണത്തിനാണ് ഇത് ഇടവരുത്തുക. അനവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി സർട്ടിഫിക്കറ്റ് ഒഴിവാക്കിക്കൊടുക്കുന്നതും മൃഗശാലകൾ, ഇക്കോ ടൂറിസം പദ്ധതികൾ എന്നിവ വനത്തിനുള്ളിൽ നടപ്പാക്കാൻ അനുമതി കൊടുക്കുന്നതുമാണ് ഈ നിയമം. ഗവണ്മെന്റിന്റെ ചെയ്തികൾ ഗ്ലാസ്ഗോ പ്രഖ്യാപനത്തിന് ഘടകവിരുദ്ധമാണെന്നർത്ഥം.

## കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് തിരഞ്ഞെടുപ്പുകാലത്ത് ചർച്ചയുണ്ടായില്ല

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടു

(ശേഷം 8–ാം പേജിൽ)

# വ്യാജ എക്സിറ്റ്പോൾ കുംഭകോണം: സമഗ്രാന്വേഷണം നടത്തുക

**പ**തിനെട്ടാമത് ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി വൻ ഭൂരിപക്ഷത്തോടെ ജയിക്കുമെന്നും, ഓഹരി വിലകളിൽ വലിയ മുന്നേറ്റം സൃഷ്ടിക്കുമെന്നും തോന്നലുളവാക്കുന്ന വ്യാജ എക്സിറ്റ് പോൾ പ്രവചനത്തിലൂടെ നിക്ഷിപ്ത കേന്ദ്രങ്ങൾ ഓഹരികളും അനുബന്ധ ധനസാമഗ്രികളും നിർലോഭം വാങ്ങാൻ ജനങ്ങളെ പ്രേരിപ്പിച്ചു എന്ന് പ്രതിപക്ഷം ആരോപണം ഉന്നയിച്ചിരിക്കുന്നു. ധാരാളം ചെറുകിട നിക്ഷേപകർ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന്റെ തലേദിവസം ഓഹരികൾ വാങ്ങിക്കൂട്ടി. വൻകിട വിദേശ സ്ഥാപന നിക്ഷേപകരും (എഫ്ഐഐ) ഭീമമായ തോതിൽ ഇന്ത്യൻ ഓഹരികളിൽ ഫണ്ടൊഴുക്കിയതായാണ് റിപ്പോർട്ടുകൾ. ഓഹരിവിലകൾ പൊടുന്നനെ അസ്വാഭാവികമായി വർദ്ധിക്കുകയും ജൂൺ 3ന് ഓഹരിവിപണി സൂചികകൾ ഇന്നോളം കണ്ടിട്ടില്ലാത്തത്ര ഉയരത്തിലെത്തുകയും ചെയ്തു. ബിജെപിയ്ക്ക് തിരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടാവുകയും ലോക്സഭയിൽ ഒറ്റയ്ക്ക് കേവല ഭൂരിപക്ഷം ലഭിക്കാതെ വരികയും ചെയ്തപ്പോൾ, വൻകിട നിക്ഷേപകർ ലാഭമുറപ്പാക്കാനായി തങ്ങളുടെ പക്കലുള്ള ഓഹരികൾ വൻതോതിൽ വിറ്റഴിക്കുകയും അതേത്തുടർന്ന് ഓഹരിക്കമ്പോളം തിരിച്ചടി നേരിടുകയും ചെയ്തു.

ഓഹരിക്കമ്പോളങ്ങൾ രണ്ടുണ്ട്. ഒന്നാമത്തേത്, പ്രാഥമിക കമ്പോളം. ഇവിടെ, ഫണ്ട് കണ്ടെത്താനായി ഒരു കമ്പനി പുതുതായി ഓഹരികൾ പുറപ്പെടുവിക്കുന്നു. രണ്ടാമത്തേത്, ദ്വിതീയ കമ്പോളം. പ്രാഥമിക കമ്പോളത്തിൽ ഓഹരികൾ വിതരണം ചെയ്തതിനുശേഷം സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യുന്ന ഓഹരികളുടെ വിൽപ്പനയും വാങ്ങലും നടക്കുന്നത് ഇവിടെയാണ്. ഒരു ഓഹരിയുടെ കമ്പോള മൂലധനവൽക്കരണം (മാർക്കറ്റ് ക്യാപ്പിറ്റലൈസേഷൻ അഥവാ മാർക്കറ്റ് ക്യാപ്പ്) എന്ന പറയുന്നത്, ഒരു നിശ്ചിത ദിവസത്തെ ഓഹരികളുടെ മൂല്യമാണ് (ലിസ്റ്റ് ചെയ്യപ്പെട്ട ഓഹരികളുടെ മൊത്തം എണ്ണത്തെ ഓരോ ഓഹരിയുടെയും കമ്പോള വിലകൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുക; അതായത്, A എന്ന കമ്പനിയുടെ മൊത്തം ഓഹരികൾ 1000 എണ്ണവും ഓരോ ഓഹരിയുടെയും വാങ്ങൽ വില 10 രൂപയും ആണെങ്കിൽ, മാർക്കറ്റ് ക്യാപ്പ് 10,000 രൂപയായിരിക്കും). ഓഹരിക്കമ്പോള സൂചിക (Stock Market Index) എന്നത്, തിരഞ്ഞെടുക്കപ്പെട്ട ചില ഓഹരികളുടെ വിലകൾ ഗണിച്ചുകൊണ്ട് നിർണ്ണയിക്കുന്ന ഒന്നാണ്. ഉദാഹരണത്തിന്, സെൻസെക്സ് എന്നറിയപ്പെടുന്ന ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചിക നിർണ്ണയിക്കപ്പെടുന്നത് 30 കമ്പനികളുടെ ഷെയറുകൾ അടങ്ങുന്ന ഒരു ബാസ്ക്കറ്റിനെ ആധാരമാക്കിയാണ്. മാർക്കറ്റ് ക്യാപ്പിന്റെ ഉയർച്ച-താഴ്ചകൾ ഈ സൂചികകൾ വച്ചുകൊണ്ട് സംഗ്രഹിച്ചെടുക്കുന്നു. ദ്വിതീയ കമ്പോളത്തിലെ ഈ വാങ്ങലിനും വിൽക്കലിനും രാജ്യത്തെ സമ്പദ് വ്യവസ്ഥയുമായി ഒരു ബന്ധവുമില്ല എന്നതും മനസ്സിലാക്കണം. ഓഹരി അവകാശത്തിന്റെ കൈമാറ്റം നടക്കുന്നത് ഒരു അടഞ്ഞ അറയ്ക്കുള്ളിലാണ്. ഉൽപ്പാദനപരമായ നിക്ഷേപവുമായോ, തൊഴിൽ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുന്നതുമായോ ജനക്ഷേമ പദ്ധതികൾക്കുള്ള സാമ്പത്തികവുമായോ ഇതിന് യാതൊരു ബന്ധവുമില്ല. ഓഹരികളുടെ കമ്പോള വിലയെ (ദ്വിതീയ കമ്പോളത്തെ) അധികരിച്ച് വലിയ ഒച്ചപ്പാട് ഉണ്ടാക്കുന്നത്, ജനങ്ങളെ കബളിപ്പിക്കാനുള്ള മുതലാളിത്തത്തിന്റെ ഒരു തന്ത്രമാണ്.

സെൻസെക്സ് പോലുള്ള ഓഹരി സൂചികകളുടെ ഉയർച്ച-താഴ്ചകളിലൂടെ പ്രതിഫലിക്കുന്ന ദ്വിതീയ കമ്പോളത്തിലെ ചാഞ്ചാട്ടങ്ങൾ, ഭാവിയിൽ ഏതൊക്കെ ഓഹരിവിലകൾ കുതിച്ചുയരാം ഏതൊക്കെ കൂപ്പുകുത്താം എന്ന ഊഹക്കണക്കുകൂട്ടലുകളാൽ പൂർണ്ണമായും നയിക്കപ്പെടുന്നതാണ്. അടുത്ത വിഷയം, ഉയർന്ന വിലയ്ക്ക് ഓഹരികൾ കരസ്ഥമാക്കുന്നതിലൂടെ കൂടുതൽ പണം ദ്വിതീയ കമ്പോളത്തിലേക്ക് കുത്തിനിറയ്ക്കുകയാണെങ്കിൽ ധാരാളം പണം ഒരു നിശ്ചിത എണ്ണം ഓഹരികളുടെ പിന്നാലെ പായുകയും അതുമൂലം ശരാശരി വിലയോ, നേരത്തെ പ്രസ്താവിച്ചതുപോലെ, മാർക്കറ്റ് ക്യാപ്പോ കുതിച്ചുയരുകയോ ചെയ്യും എന്നതാണ്. ഇതുനിമിത്തം, പെട്ടെന്നുള്ള ഒരു വളർച്ച ഉണ്ടാകുന്നു. അതുപോലെ, വൻതോതിൽ ഓഹരികൾ വിറ്റഴിക്കപ്പെടുകയാണെങ്കിൽ, വില ഇടിയുകയും കമ്പോളം തകരുകയും ചെയ്യും. ഇന്ന്, ഊഹക്കച്ചവടക്കാരുടെ കമ്പോള അനുമാനങ്ങൾ പൊതുവെ രാഷ്ട്രീയ സംഭവവികാസങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, യുദ്ധങ്ങളുടെ പൊട്ടിപ്പുറപ്പെടൽ തുടങ്ങിയവയെ ആശ്രയിച്ചാണ്. ബിജെപി കണ്ണഞ്ചിപ്പിക്കുന്ന ഭൂരിപക്ഷത്തോടെ അധികാരത്തിൽ തിരിച്ചുവരുമെന്നും അതുകൊണ്ട് സാമ്പത്തിക പരിഷ്കാരങ്ങൾക്ക് (അതായത് വൻതോതിലുള്ള സ്വകാര്യവൽക്കരണവും ബിസിനസ്സ് ഭീമന്മാർക്ക് കൂടുതൽ ആനുകൂല്യങ്ങളും തുടങ്ങിയവയ്ക്ക്) ആക്കം കൂടും എന്നുമാണ് ഇവിടെയുള്ള കണക്കുകൂട്ടൽ. കൂടാതെ, ബാങ്കുകൾ പലിശനിരക്ക് കുറയ്ക്കുകയാണെങ്കിൽ, സാധാരണക്കാർ പണം ബാങ്കിൽ നിക്ഷേപിക്കുന്നതിന്റെ സ്ഥാനത്ത് ഓഹരി വാങ്ങുന്നതിന് മുൻഗണന നൽകും. അക്കാരണത്താൽ, മാർക്കറ്റ് ക്യാപ്പ് വർദ്ധിക്കുകയും ദ്വിതീയ കമ്പോളം അഭിവൃദ്ധിപ്പെടുകയും ചെയ്യും.

ഓഹരികളിലെ ഊഹക്കച്ചവടം മുതലാളിത്തത്തിന് ഒഴിച്ചുകൂടാനാകാത്ത വ്യാപാരമായിരിക്കുന്നു. മുതലാളിത്തം അതിന്റെ ആന്തരിക നിയമം (വർദ്ധിക്കുന്ന പാപ്പരീകരണംമൂലം ഉൽപ്പന്നങ്ങൾ വാങ്ങാൻ കഴിയാനാകാത്ത വിധം സാധാരണ ജനങ്ങളെ പിഴിഞ്ഞൂറ്റിക്കൊണ്ട് മുതലാളിമാരുടെ ലാഭം പരമാവധിയാക്കുന്ന സമ്പ്രദായം ഉളവാക്കുന്ന കമ്പോള പ്രതിസന്ധി) മൂലം കൂടുതൽ പ്രതിസന്ധി ഗ്രസ്തമാകുന്നതോടെ, ഉൽപ്പാദനപരമായ വ്യവസായങ്ങളിൽ മുതൽമുടക്കാൻ മുതലാളിമാർ കൂടുതൽ വിമുഖരാവുന്നു. അവരുടെ പക്കലുള്ള നിഷ്ക്രിയ മൂലധനം, ഊഹക്കച്ചവടപരമായ ഓഹരിക്കമ്പോളത്തിലേക്ക് വഴിതിരിച്ചുവിടുന്നു. ലോകത്തെ വിവിധ ഓഹരിക്കമ്പോളങ്ങളിൽ നിക്ഷേപിക്കുന്നതിനുവേണ്ടിയുള്ള, വൻകിട കുത്തക കുടുംബങ്ങളുടെയും ബഹുരാഷ്ട്ര കമ്പനികളുടെയും അതുപോലെ അവയുടെ ഷെൽ (അംഗീകൃത വ്യാജ) കമ്പനികളുടെയും ഇടനിലക്കാരാണ് വിദേശ സ്ഥാപന നിക്ഷേപകർ (എഫ്ഐഐ). ഇന്ത്യൻ ഓഹരിക്കമ്പോളം അവർക്ക് കൂടുതൽ നേട്ടങ്ങൾ പ്രദാനം ചെയ്യുമെങ്കിൽ, അവർ ഇവിടെ വരും. മെച്ചപ്പെട്ട സാദ്ധ്യതകൾ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ആണെങ്കിൽ, അവർ അങ്ങോട്ടു പറക്കും.

വ്യാജവാർത്തകൾ പ്രചരിപ്പിച്ച് കമ്പോളത്തെ കൃത്രിമമായി ഉത്തേജിപ്പിക്കുകയാണ് ഊഹക്കച്ചവടം ചെയ്യുന്നത്. കമ്പോളത്തിലെ സാധാരണ നിക്ഷേപകരുടെ പണം അവർ കെണിയൊരുക്കി പിടിക്കുന്നു. ഊഹക്കച്ചവടക്കാർ കൂടുതൽ പണമൊഴുക്കി കമ്പോളത്തെ ഏറ്റവും ഉയരത്തിലെത്തിക്കുകയും തുടർന്ന് പൊടുന്നനെ വൻതോതിലുള്ള വിറ്റഴിക്കലിന്റെ ബട്ടണമർത്തുകയും ചെയ്യുമ്പോൾ, അവർക്ക് ലാഭമുണ്ടാകുന്നു, പക്ഷെ, സാധാരണക്കാരായ ചെറുകിട നിക്ഷേപകരാകട്ടെ, അവരുടെ ഓഹരികളുടെ മൂല്യം ഗണ്യമായ തോതിൽ ഇടിയുന്നതാണ് കാണുന്നത്. ഓഹരിയുടെ വില ഒരു മാസത്തിനുള്ളിൽ ഇരട്ടിയാകുമെന്ന പ്രതീക്ഷയിൽ ഒരാൾ ഒരു ഓഹരി 50 രൂപയ്ക്ക് വാങ്ങുകയും എന്നാൽ പിന്നീട് ഓഹരി വില 15 രൂപയിലേക്ക് താഴുകയും ചെയ്യുമ്പോൾ, ഊഹക്കച്ചവടക്കാരുടെ തന്ത്രങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മമൂലം, അയാൾക്കുണ്ടാകുന്ന നഷ്ടം 35 രൂപയാണ്.

ഈ പശ്ചാത്തലത്തിലാണ്, ഭരിക്കുന്ന ബിജെപിയുമായി ബന്ധമുള്ള കേന്ദ്രങ്ങൾ കരുതിക്കൂട്ടി കമ്പോളത്തെ ഊർജ്ജസ്വലമാക്കിയെന്ന ആരോപണത്തിന്റെ പ്രസക്തി. ബിജെപിയുടെ മിന്നുംവിജയം പ്രവചിച്ച്, തത്ഫലമായി കമ്പോളത്തിലുണ്ടാകുന്ന കുതിച്ചുകയറ്റം അവതരിപ്പിച്ചുകൊണ്ട്, പ്രധാനമന്ത്രി മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ധനമന്ത്രി നിർമ്മല സീതാരാമനും 'ജൂൺ 4ന് മുമ്പ് ഓഹരികൾ വാങ്ങണം' എന്ന് ജനങ്ങളെ ഉപദേശിച്ചു. മേയ് മാസത്തിൽ, എൻഡിടിവി ന്യൂസ് ചാനലുമായുള്ള അഭിമുഖത്തിൽ അമിത് ഷാ പറഞ്ഞത്: 'ഓഹരിക്കമ്പോളത്തിലെ തകർച്ചകളെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തരുത്. എന്നാൽ അത്തരം കിംവദന്തികൾ പരന്നാലും, ജൂൺ 4ന് മുമ്പ് നിങ്ങൾ (ഓഹരികൾ) വാങ്ങണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. അത് കുതിച്ചുയരുക തന്നെ ചെയ്യും'.

എക്സിറ്റ് പോൾ ഫലങ്ങൾ തെറ്റായി മാറിയപ്പോൾ, വിദേശ നിക്ഷേപകർ ഉൾപ്പെടെയുള്ള ഊഹക്കച്ചവടക്കാർ പെട്ടെന്ന് തങ്ങളുടെ പേരിലുള്ള ഓഹരികൾ വിൽക്കുകയും അതേത്തുടർന്ന് മാർക്കറ്റ് ക്യാപ്പിലെ 31 ലക്ഷം കോടി രൂപയോളം ആവിയാക്കിമാറ്റിക്കൊണ്ട് ഓഹരികളുടെ വില ഇടിയുകയുംചെയ്തു. പ്രത്യാഘാതം നേരിടേണ്ടിവന്നത് ചെറുകിട നിക്ഷേപകർക്കാണ്. അതുകൊണ്ട്, തൽപ്പരകക്ഷികൾ ബോധപൂർവ്വം വ്യാജ എക്സിറ്റ് പോൾ ഫലങ്ങൾ പ്രചരിപ്പിച്ച് ഓഹരിക്കമ്പോളത്തിൽ കൃത്രിമ ഉണർച്ച് സൃഷ്ടിച്ചുവെന്നും പിന്നീട് യഥാർത്ഥ ഫലങ്ങൾ പുറത്തുവന്നപ്പോൾ ചെറുകിട നിക്ഷേപകരെ തട്ടിപ്പിനിരയാക്കിയെന്നുമുള്ള ആരോപണം അടിസ്ഥാനരഹിതമല്ല, സമഗ്രമായ ഒരു അന്വേഷണം ആവശ്യമാണ്. ■

# കാലാവസ്ഥാ വ്യതിയാനം ആവാസവ്യവസ്ഥയെയും വിഭവസമാഹരണത്തെയും ഉൽപാദനക്ഷമതയെയും പ്രതികൂലമായി ബാധിക്കും

*(7–ാം പേജിൽ നിന്ന്)*

പ്പിൽ ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് മൗനം പാലിച്ചു. എവ്വിധവും വോട്ട് നേടാൻ കഴിയുന്ന വിഷയങ്ങൾ മാത്രമാണ് അവർ ഉയർത്തിയത്. ജനങ്ങളെ വിഭജിക്കുന്ന രാംമന്ദിർ പോലുള്ള വിഷയങ്ങളായിരുന്നു ബിജെപി ക്ക് പ്രധാനം. എന്നാൽ ഈ യുഗത്തിലെ മഹാനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ് ദാസ് ഘോഷിന്റെ ചിന്തകളാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഈ വിഷയം വളരെ ഗൗരവമായി ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് തയ്യാറാക്കിയ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: “എന്തുകൊണ്ടാണ് കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ കാണുന്നത്? ചുഴലിക്കാറ്റുകളും പ്രകൃതിക്ഷോഭങ്ങളും പതിവായിരിക്കുന്നു. ആഗോളതാപനം മൂലമെന്ന് ശാസ്ത്രജ്ഞർ പറയുന്നു. അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവ വർദ്ധിക്കുന്നതായി ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നു. ഇതാണ് ആഗോള താപനത്തിന് കാരണം. ഇതുമൂലം ധ്രുവപ്രദേശങ്ങളിലും മഞ്ഞുപാളികൾ ഉരുകിക്കൊണ്ടിരിക്കുന്നു. സമുദ്രനിരപ്പ് ഉയരാൻ ഇടയാക്കുന്നു. ഒട്ടനവധി പ്രദേശങ്ങൾ വെള്ളത്തിനടിയിലായിക്കൊണ്ടിരിക്കുന്നു. ലോകമെങ്ങും കാലാവസ്ഥ മാറുകയാണ്. ചിലടിയങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു, മറ്റുചിലയിടങ്ങളിൽ മഴ പെയ്യുന്നതേയില്ല, വരൾച്ചയാണ്. ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നത് നിയന്ത്രിക്കാൻ മുതലാളിമാർ തയ്യാറല്ല. വികസനത്തിന്റെ പേരിൽ വടക്ക് കിഴക്ക് സംസ്ഥാനങ്ങളിലെയും ഉത്തരാഖണ്ഡിലെയും കാശ്മീരിലെയും ലോലമായ സംതുലിതാവസ്ഥ തകിടം മറിക്കുകയാണ്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നു. ആദിവാസികളെ ആവാസവ്യവസ്ഥയിൽനിന്ന് ആട്ടിയോടിക്കുന്നു. ആൻഡമാനിലാകട്ടെ, സുന്ദർബനിലാകട്ടെ എവിടെയും ജൈവവൈവിധ്യം നശിപ്പിച്ച് പ്രകൃതിയുടെ സംതുലിതാവസ്ഥ തകർക്കുകയാണ്. വനമേഖലകളിലാണ് റോഡുകളും വ്യവസായങ്ങളും ഖനികളും നിർമ്മിക്കുന്നത്. മുതലാളിമാർക്ക് ലാഭം വർദ്ധിപ്പിക്കാനാണ് ഇതെല്ലാം. ലോകമാകെ നശിച്ചാലും മനുഷ്യസംസ്കൃതിതന്നെ തകർന്നാലും വേണ്ടില്ല, മുതലാളിമാർക്ക് പരമാവധി ലാഭംകിട്ടണം.”

എല്ലാ രാജ്യങ്ങളിലും ജനങ്ങൾ കാലാവസ്ഥാവ്യതിയാനത്തിനെതിരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളാൻ ഗവണ്മെന്റുകളെ നിർബന്ധിക്കുന്ന തരത്തിൽ ഒരു കരുത്തുറ്റ ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കണം. നമ്മുടെ രാജ്യത്തും ഇത്തരമൊരു പ്രസ്ഥാനം താഴേത്തട്ടിൽനിന്നും വളർത്തിയെടുക്കണം. മനുഷ്യരാശി നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന നിലയിൽ കാലാവസ്ഥാ വ്യതിയാനത്തിന് തടയിടുന്ന മൂർത്തമായ നടപടികൾ കൈക്കൊള്ളണമെങ്കിൽ ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ. ■

# കൊച്ചിയിലെ കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കാൻ എഡിബിയുടെ കൈകൾ

# ശുദ്ധജല വിതരണ ചുമതലയൊഴിയുന്ന കേന്ദ്ര–സംസ്ഥാന സർക്കാർ നയങ്ങൾക്കെതിരെ പ്രക്ഷോഭം പടുത്തുയർത്തുക

**ജലസ്രോതസ്സുകളാൽ സമ്പന്നമായ കേരളത്തിൽ, ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പൊതുസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുപകരം കുടിവെള്ളവിതരണരംഗം പൂർണ്ണമായി സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ സിപിഐ(എം) നേതൃത്വംകൊടുക്കുന്ന ഇടതുസർക്കാരിന്റെ കാർമ്മികത്വത്തിൽ മുന്നോട്ടുനീങ്ങുകയാണ്. 2023ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതുപോലെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ കുടിവെള്ള വിതരണസംവിധാനം സ്വകാര്യ കമ്പനിക്ക് വിട്ടുകൊടുക്കാനുള്ള നീക്കമാണ് തകൃതിയായി പുരോഗമിക്കുന്നത്.**

**മോ**ദി സർക്കാരിന്റെ പുതിയ കേന്ദ്ര ജലനയത്തിന്റെ ചുവടുപിടിച്ച് ജനങ്ങൾക്ക് കുടിവെള്ളം നൽകാനുള്ള ഭരണഘടനാപരമായ ബാധ്യതയിൽനിന്ന് സർക്കാർ പിൻമാറുന്നതിന്റെ ഭാഗമാണിത്. ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കി(എഡിബി)ന്റെ വായ്പയും നിബന്ധനകളും സ്വീകരിച്ച്, കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച 'വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ടി'ന്റെ ഭാഗമാണ് ഈ സ്വകാര്യവൽക്കരണ നടപടി.

കൊച്ചിയിൽ വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ 50 ശതമാനത്തിനും യാതൊരു വരുമാനവും ലഭിക്കുന്നില്ലത്രേ. പൊതുടാപ്പുകൾ, സൗജന്യ കുടിവെള്ള സ്കീമുകൾ, സബ്സിഡികൾ എന്നിവയെല്ലാം വരുമാന നഷ്ടമാണ് സൃഷ്ടിക്കുന്നതെന്ന ജനദ്രോഹ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് എഡിബിയുടെ ഈ കണ്ടെത്തൽ. അത് അപ്പടി സ്വീകരിച്ച് വിദേശ കമ്പനിയെ കൊച്ചിയിൽ കുടിയിരുത്താനാണ് പിണറായി സർക്കാർ ശ്രമിക്കുന്നത്.

## വിദേശ കമ്പനി വരുന്നു

വാട്ടർ അതോറിട്ടിയുടെ കൊച്ചിയിലെയും തിരുവനന്തപുരത്തെയും സമീപത്തെ മറ്റ് 19 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും 140 എംഎൽഡി ജലവിതരണത്തിനുള്ള 2511 കോടിരൂപയുടെ പദ്ധതി എഡിബി നിർദ്ദേശപ്രകാരം ഒരു വിദേശ കമ്പനിയെയാണ് ഏൽപ്പിക്കുന്നത്. അതിനുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു. അതിൽ 30 ശതമാനം അഥവാ 750 കോടി രൂപ സംസ്ഥാനസർക്കാർ വിഹിതമായി നൽകും.

എന്നാൽ, എസ്റ്റിമേറ്റിനേക്കാൾ 21 ശതമാനം അധികതുക വകയിരുത്തി ഈ പദ്ധതിക്ക് കരാർ നൽകാനാണ് സർക്കാരിന്റെ പുതിയ നീക്കം. ജലവിതരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല ഉദ്യോഗസ്ഥരുടെ എംപവേർഡ് കമ്മിറ്റി ഇതിന് അംഗീകാരം നൽകിക്കഴിഞ്ഞു. മന്ത്രിസഭയുടെ അംഗീകാരം കൂടെ കിട്ടിയാൽ അത് അന്തിമമാകും. നിലവിലുള്ള പഴയ പൈപ്പ്ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, പമ്പ്ഹൗസുകളും പ്ലാന്റും പരിഷ്ക്കരിക്കുക, ഗുണനിലവാരം ഉയർത്തുക തുടങ്ങിയ നടപടികളെല്ലാം 8 വർഷംകൊണ്ട് പൂർത്തിയാക്കണം എന്നാണ് പെർഫോമൻസ് കരാറിൽ (Performance Contract) പറയുന്നത്. തുടർന്ന് 2 വർഷത്തേയ്ക്കുള്ള പരിപാലന ചെലവും സംസ്ഥാന സർക്കാർ വഹിക്കണം തുടങ്ങിയ വ്യവസ്ഥകളുമുണ്ട്. 70 ശതമാനം തുക കേന്ദ്ര സർക്കാരും (അത് എഡിബി നൽകുന്ന ലോൺ) ബാക്കി 30 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് പദ്ധതിക്കുവേണ്ടി മുടക്കുന്നത്. സത്യത്തിൽ സംസ്ഥാന സർക്കാർ മുടക്കുന്ന 750 കോടിരൂപ മതിയാകും കൊച്ചിയിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ. സ്വകാര്യവൽക്കരണത്തിലൂടെ നിത്യദുരിതങ്ങളിലേയ്ക്ക് നാടിനെ തള്ളിവിടാതിരിക്കുന്നതിനും അതുവഴി കഴിയും.

കൊച്ചി കോർപ്പറേഷനിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള വിതരണത്തിനായി പെരിയാറിൽനിന്നും 190 എംഎൽഡി ജലം ലഭ്യമാക്കാൻ 2019ൽ വാട്ടർ അതോറിട്ടി സമർപ്പിച്ച പദ്ധതിപ്രകാരം 190 കോടി രൂപ ചെലവിൽ ആലുവയിൽ നിർമ്മാണ നടപടികളിലേയ്ക്ക് കടന്ന പ്ലാന്റിന്റെയും പമ്പുഹൗസിന്റെയും നിർമ്മാണം ഇതോടെ അസ്തമിച്ച അവസ്ഥയിലാണ്. വാട്ടർ അതോറിട്ടിയുടെ അമ്പതോളം ക്വാർട്ടേഴ്സുകൾ പൊളിച്ച് തയ്യാറാക്കിയ നിർദ്ദിഷ്ട പദ്ധതിപ്രദേശം കാടുപിടിച്ചുകിടക്കുന്നു. ശുദ്ധജലവിതരണരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ദീർഘകാലത്തേയ്ക്ക് ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിച്ചിരുന്ന സർക്കാർ പദ്ധതി ഇത്രമാത്രം പണം ചെലവഴിച്ച് മുന്നേറിയതിനുശേഷമാണ് അത് ഉപേക്ഷിച്ച് തിടുക്കപ്പെട്ട് ഈ സ്വകാര്യവൽക്കരണ നടപടികളിലേയ്ക്ക് സർക്കാർ ഇപ്പോൾ കടന്നിരിക്കുന്നത്. ഇത് സംസ്ഥാനസർക്കാരിന്റെ ജനവിരുദ്ധ മനോഭാവമാണ് വ്യക്തമാക്കുന്നത്. എന്നാൽ, വാട്ടർ അതോറിട്ടി വീണ്ടും അതേ പദ്ധതിയുടെ ചെലവ് 504 കോടി രൂപയായി വർദ്ധിപ്പിച്ച് അനുമതിക്കായി കാത്തിരിക്കുകയുമാണ്.

## വാട്ടർ അതോറിട്ടിയെ തകർക്കാൻ പദ്ധതി

ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിട്ടിയുടെ കെടുകാര്യസ്ഥതയ്ക്കും മെല്ലെപ്പോക്കിനുമെതിരെ ജനങ്ങളുടെ ഇടയിൽ നിന്നുയരുന്ന പ്രതിഷേധങ്ങൾക്ക് കാരണം ഇത് പൊതുമേഖലയിൽ നിലനിൽക്കുന്നതാണെന്നുള്ള പ്രചാരണം ചില കേന്ദ്രങ്ങൾ നടത്തുന്നത് ആസൂത്രിതമാണ്. ഭീമമായ ചാർജ്ജ് വർദ്ധനവും ഇപ്പോൾ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇത് കുടിവെള്ള വിതരണ രംഗത്തെ സ്വകാര്യവൽക്കരണത്തിനു മുന്നോടിയായിട്ടുള്ള നീക്കമാണെന്ന് ആരോപണമുയർന്നിരുന്നു. ജലസംഭരണവും സംസ്കരണവും വിതരണവും ബില്ലിംഗുംവരെ സ്വകാര്യകമ്പനിയ്ക്ക് വിട്ടുകൊടുക്കുന്നതോടെ വാട്ടർ അതോറിട്ടിയുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ആയിരക്കണക്കിന് ജീവനക്കാരുടെ തസ്തികകൾ ഫലത്തിൽ ഇല്ലാതാകും. ശുദ്ധജലത്തിന് വർഷംതോറും ഭീമമായി ചാർജ് വർദ്ധിപ്പിക്കണമെന്ന് കമ്പനിക്ക് ആവശ്യപ്പെടാൻ കഴിയുന്ന സ്ഥിതിവരും; പെട്രോളിയം വില നിയന്ത്രണം കമ്പനികൾക്ക് കൈവന്നതുപോലെ.

ലഭിക്കുന്ന വരുമാനത്തിനുമേൽ ഭാവിയിൽ വാട്ടർ അതോറിട്ടിയ്ക്ക് അവകാശമുണ്ടാകുമോ? അധികൃതരുടെ സമ്പൂർണ്ണ മൗനമാണ് അതിനുള്ള ഉത്തരം. വിശാലകൊച്ചി പ്രദേശത്തേയ്ക്കുള്ള കുടിവെള്ളവിതരണം പ്രധാനമായും ആലുവ ജലശുദ്ധീകരണശാല വഴി പെരിയാർനദിയിൽനിന്നും പിറവം പാഴൂരിലെ പ്ലാന്റുവഴി മൂവാറ്റുപുഴ ആറിൽനിന്നുമാണ് എടുക്കുന്നത്. ഈ നദികളിൽനിന്ന് ഇതിനകം സ്വകാര്യകമ്പനികൾ ജലമൂറ്റാനുള്ള വൻനീക്കം നടത്തുന്നുണ്ട്. വാട്ടർ അതോറിട്ടി പ്രഖ്യാപിച്ച പുതിയ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ അതിനെ തുരങ്കം വയ്ക്കുന്നവിധം ആലുവ ജലശുദ്ധീകരണശാലയുടെ പ്ലാന്റിനു മുകൾഭാഗത്ത് തോട്ടുമുഖത്ത് പുതുതായി കിൻഫ്രാ പദ്ധതിയുടെ പേരിൽ 45 എംഎൽഡി ജലം കാക്കനാട് കിൻഫ്രാ പാർക്കിലേയ്ക്ക് കൊണ്ടുപോകാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചിരുന്നു. തദ്ദേശവാസികളുടെ ശക്തമായ ജനകീയ ചെറുത്തുനിൽപ്പിനെത്തുടർന്ന് ജനസാന്ദ്രതയേറിയ തിരക്കേറിയ റോഡിലൂടെ വൻ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ശ്രമം ഇതുവരെ വിജയിച്ചിട്ടില്ലെന്ന് മാത്രം. ഈ പദ്ധതിപൂർത്തിയാക്കപ്പെട്ടാൽ വാട്ടർ അതോറിട്ടിയുടെ നിലവിലുള്ള ജലവിതരണത്തിനുപോലും വേനൽക്കാലത്ത് ദൗർലഭ്യം നേരിടും. അവർ പുതുതായി സ്ഥാപിക്കാൻ ശ്രമിക്കുന്ന പ്ലാന്റിന്റെ കാര്യം പറയാനുമില്ല. സ്വകാര്യവൽക്കരണത്തോടെ കുടി വെള്ളമേഖലയിൽ വരാൻപോകുന്ന വലിയ കച്ചവട സാധ്യതകളെ മുൻകൂട്ടി കണ്ട് വൻ ഇടപാടുകൾ പിന്നിൽ നടക്കുന്നുണ്ടെന്നുവേണം അനുമാനിക്കാൻ.



## കുടിവെള്ളത്തിന് ഭീമമായ ചാർജ് കൊടുക്കേണ്ടി വരും

മധ്യകേരളത്തിലെ ദശലക്ഷക്കണക്കിനാളുകളുടെ ശുദ്ധജലസ്രോതസ്സായ പെരിയാർ നദിയുടെ മലിനീകരണം വലിയതോതിൽ വർദ്ധിച്ചിരിക്കുന്നത് സംശയാസ്പദമാണ്. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്നറിയപ്പെടുന്ന ആലുവ മേഖലയിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ പുറത്തേയ്ക്കൊഴുക്കുന്ന മാരക രാസമാലിന്യങ്ങൾ പെരിയാർ നദിയിൽ കലരുന്നതും വലിയതോതിൽ മത്സ്യങ്ങൾ ചത്തുപൊന്തുന്നതും സ്ഥിരമായി സംഭവിക്കുന്നു. സർക്കാർ സംവിധാനങ്ങളെല്ലാം ഫലത്തിൽ നിഷ്ക്രിയമോ തൽപ്പരകക്ഷികളുടെ താളത്തിന് തുള്ളുന്നതോ ആയി മാറിയിരിക്കുന്നു. ഇതെല്ലാം ഭാവിയിൽ ശുദ്ധജലലഭ്യതയുടെ കാര്യത്തിൽ വലിയ ആശങ്കകളാണ് സൃഷ്ടിക്കുന്നത്. ഈ സമയത്ത് സർക്കാർ ഈ മേഖലയെ കൈയൊഴിയുന്നത് കാര്യങ്ങൾ ഗുരുതരമാക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഇതേ പദ്ധതി പ്രകാരം ശുദ്ധജലവിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ച കോയമ്പത്തൂർ നഗരത്തിൽ വേനൽകാലത്ത് ജലദൗർലഭ്യം അതിരൂക്ഷമായത് ഓർക്കുക. രാവിലെ 6 മുതൽ 3 മണിവരെ മാത്രം പൈപ്പിൽ എത്തുന്ന വെള്ളത്തിനുവേണ്ടി അവർക്ക് കാത്തിരിക്കേണ്ടിവരുന്നു. മഴക്കാലത്ത് അത് അഞ്ച് ദിവസത്തിൽ ഒരിക്കൽ എന്ന നിലയിലാണ്. മുമ്പ് സർക്കാർ വിതരണം നടത്തിയിരുന്നപ്പോൾ മൂന്നംഗ കുടുംബത്തിന് കുടിവെള്ളത്തിനായി മുടക്കേണ്ടിയിരുന്നത് 6 മാസത്തേയ്ക്ക് ഏകദേശം 200 രൂപയാണ്. എന്നാൽ, ഇപ്പോൾ പ്രതിമാസം മിനിമം ചാർജ്ജ് 200 രൂപ കൊടുക്കണം. ജനങ്ങൾ ഫലത്തിൽ വലിയ ദുരിതമാണ് അനുഭവിക്കുന്നത്. സമാനമായ അവസ്ഥയാണ് കുടിവെള്ള വിതരണമേഖല സ്വകാര്യവൽക്കരിക്കപ്പെട്ട എല്ലാ നഗരങ്ങളിലും അടുത്തയിടെ എറണാകുളം ജില്ലയിലെ വേങ്ങൂർ പഞ്ചായത്തിൽനൂറുകണക്കിനാളുകൾക്ക് മഞ്ഞപ്പിത്തബാധ പടർന്നുപിടിച്ചത് കുടിവെള്ളത്തിലൂടെയായിരുന്നു. കാക്കനാട് ഡിഎൽഎഫ് ഫ്ലാറ്റ് സമുച്ചയങ്ങളിൽ ലോറിയിൽ എത്തിച്ചിരുന്ന കുടിവെള്ളത്തിൽ നിന്നുമാണത്രേ അഞ്ഞൂറോളം പേർക്ക് വയറിളക്കവും മറ്റ് അസ്വസ്ഥതകളും സൃഷ്ടിക്കപ്പെട്ടത്. കെട്ടിക്കിടക്കുന്ന മലിനജലംപോലും ഇത്തരത്തിൽ കുടിവെള്ള കച്ചവടസംഘങ്ങൾ വിതരണം ചെയ്യാറുണ്ടെന്ന പരാതി പലപ്പോഴും ഉയരുന്നുണ്ട്. ഇതെല്ലാം ശുദ്ധജല വിതരണ കാര്യത്തിൽ നാം സ്വീകരിക്കേണ്ട സമീപനം എന്താവണമെന്ന് മുന്നറിയിപ്പ് നൽകുന്നുണ്ട്.

## കുടിവെള്ള സംരക്ഷണ സമരത്തിന് സമയമായി

സമൂഹത്തെ സംബന്ധിച്ച് ശുദ്ധജല വിതരണരംഗത്ത് സ്വകാര്യമൂലധനതാൽപ്പര്യങ്ങൾ കടന്നുവരുന്നത് വലിയ അപകടം വരുത്തിവയ്ക്കും. പൊതുജനാരോഗ്യത്തെക്കരുതി ശുദ്ധജലലഭ്യത ജനങ്ങൾക്ക് ഉറപ്പുവരുത്താനുള്ള ബാദ്ധ്യത ജനാധിപത്യ സർക്കാരുകൾക്കുണ്ട്. ഫ്ലാറ്റുകളിലും മറ്റ് ജനവാസകേന്ദ്രങ്ങളിലും വെള്ളം വിതരണംചെയ്യാൻ സ്വകാര്യസംവിധാനത്തെ ഏർപ്പെടുത്തുന്നതിന്റെ പിന്നിലുള്ള അപകടം കണ്ടറിഞ്ഞ് ശുദ്ധ ജല വിതരണം മികച്ച പൊതുസംവിധാനത്തിന് കീഴിൽ സംരക്ഷിക്കുക ജീവൽ പ്രധാനമാണ്. അത്തരമൊരു പ്രാഥമിക ഉത്തരവാദിത്തം പോലും നിർവഹിക്കാത്ത ആധുനിക മുതലാളിത്ത ഭരണകൂടങ്ങളുടെ ജനദ്രോഹ നയം ഇടതുപക്ഷ ലേബൽ അണിഞ്ഞ സിപിഐ(എം) സർക്കാരും പിന്തുടരുന്നതിനാൽ ജനകീയ പ്രക്ഷോഭമല്ലാതെ മറ്റ് വഴികളില്ല. അതിന് ആദ്യം കൊച്ചിയിൽ, കുടിവെള്ള സംരക്ഷണ ജനകീയ സമര പ്രസ്ഥാനത്തിന് രൂപം നൽകി സമരം ആരംഭിക്കാൻ എറണാകുളം നിവാസികൾ മുന്നോട്ട് വരണം. ■

# അന്താരാഷ്ട്ര നീതിന്യായ കോടതിവിധി ധിക്കരിച്ചുകൊണ്ട് ഇസ്രയേൽ പലസ്തീനുനേരെ ആക്രമണം തുടരുന്നു

ഹമാസിനെതിരെന്നപേരിൽ ഇസ്രയേൽ പലസ്തീനിൽ നടത്തുന്നത് വംശഹത്യയാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ദക്ഷിണാഫ്രിക്ക അന്താരാഷ്ട്ര നീതിന്യായ കോടതിയെ (ഐസിജെ)സമീപിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അംഗീകരിച്ച "വംശഹത്യ കൺവെൻഷൻ"പോലെ, രാജ്യങ്ങൾ തമ്മിലുള്ള അന്തർദ്ദേശീയ നിയമവുമായി ബന്ധപ്പെട്ട് ലോകരാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിനാണ് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിൽ അന്താരാഷ്ട്ര നീതിന്യായ കോടതി രൂപീകരിച്ചത്. വംശഹത്യ കൺവെൻഷൻ ഇത്തരം കൂട്ടക്കൊല തടയാൻ ശ്രമിക്കുവാനാണ് സംഘടിപ്പിക്കപ്പെട്ടത്. സയണിസ്റ്റ് ഇസ്രയേലാകട്ടെ, ദക്ഷിണാഫ്രിക്കയുടെ കേസിനെ "തികച്ചും അടിസ്ഥാനരഹിതവും" "ധാർമ്മികമായി വെറുപ്പുളവാക്കുന്നതുമാണ്" എന്ന് വിശേഷിപ്പിക്കുകയും ദക്ഷിണാഫ്രിക്ക "പക്ഷപാതപരവും തെറ്റായതുമായ അവകാശവാദങ്ങൾ" ഉന്നയിക്കുന്നുവെന്ന് ആരോപിക്കുകയും ചെയ്തു. ജനുവരിയിൽ ഐസിജെ പുറപ്പെടുവിച്ച ഇടക്കാല വിധി, "കോടതിയുടെ വീക്ഷണത്തിൽ, വസ്തുതകളും സാഹചര്യങ്ങളും... ദക്ഷിണാഫ്രിക്ക അവകാശപ്പെടുന്നതും സംരക്ഷണം തേടുന്നതുമായ ചില അവകാശങ്ങളെങ്കിലും വിശ്വസനീയമാണെന്ന് നിഗമനം ചെയ്യാൻ പര്യാപ്തമാണ്." എന്ന് ചൂണ്ടിക്കാട്ടി.

സൈനിക ആക്രമണവും, റാഫ ഗവർണറേറ്റിലെ പലസ്തീനിയൻ ജനവിഭാഗത്തിന്റെ ജീവിതത്തിനുള്ള ഭൗതികസാഹചര്യങ്ങൾക്ക് പൂർണ്ണമോ ഭാഗികമോ ആയ വിനാശം വരുത്തുന്ന മറ്റെല്ലാ നടപടികളും ഇസ്രയേൽ ഉടൻ നിർത്തണമെന്ന് അന്താരാഷ്ട്ര നീതിന്യായ കോടതി മെയ് അവസാനം പ്രസ്താവിച്ചു. രണ്ടിനെതിരെ 13 വോട്ടുകൾക്ക് ഉത്തരവ് പാസ്സായി. ഉത്തരവിനെക്കുറിച്ച് ആംനസ്റ്റി ഇന്റർനാഷണലിലെ ഹെബ മൊറായ്ഫ് പറഞ്ഞത്: "സാധാരണ പൗരരുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് വെടിനിർത്തൽ. ഇത് ഹമാസിന്റെയും മറ്റ് സായുധ ഗ്രൂപ്പുകളുടെയും ബന്ദികളെ ഉടനടി നിരുപാധികം മോചിപ്പിക്കുന്നതിനുള്ള ആഹ്വാനമുൾപ്പെടെയുള്ള ഐസിജെ നടപടികൾ ഉറപ്പാക്കും. പലസ്തീനികൾക്കെതിരായ വംശഹത്യ തടയാനും ഇതിലൂടെ കഴിയും." എന്നാണ്.

അന്താരാഷ്ട്ര കോടതി വിധിയെ മറികടന്നും ആഗോള പൊതുജനാഭിപ്രായം അവഗണിച്ചും ഇസ്രയേലിന് എങ്ങനെയാണ് സ്വേച്ഛാധിപത്യം നടത്താൻ കഴിയുന്നത്? മധ്യപൂർവ്വേഷ്യയിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും സഖ്യകക്ഷികളുടെയും മുഖമാണ് ഇസ്രയേൽ. 1967മുതൽ പലസ്തീൻ പ്രദേശങ്ങൾ കൈവശപ്പെടുത്തുന്ന ഇസ്രയേലിന് അമേരിക്ക നിരുപാധികമായ സാമ്പത്തിക, സൈനിക, രാഷ്ട്രീയ പിന്തുണ നൽകുന്നുണ്ട്. ഇസ്രയേൽ ഒരു അപ്രഖ്യാപിത ആണവശക്തിയാണ്. എന്നാൽ അമേരിക്കയുടെ സംരക്ഷണംമൂലം ഇസ്രയേൽ ഒരിക്കലും ആഗോള പരിശോധനയോ തടസ്സമോ നേരിട്ടിട്ടില്ല. അമേരിക്കയുടെ ഏറ്റവും വലിയ സഹായ സ്വീകർത്താവ് കൂടിയാണ് അവർ. രണ്ടാം ലോകയുദ്ധത്തിനൊടുവിൽ രൂപീകൃതമായതിനുശേഷം 158 ബില്യൺ ഡോളറിന്റെ സഹായം ഇസ്രയേൽ അമേരിക്കയിൽ നിന്ന് സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, ഇസ്രയേലിന്റെ മൊത്തം സൈനിക ബജറ്റിന്റെ 16%വരുന്ന, 3.8 ബില്യൺ ഡോളർ സൈനിക സഹായം അമേരിക്കയിൽ നിന്ന് ഇസ്രയേലിന് ഓരോ വർഷവും ലഭിക്കുന്നു.

2023 ഒക്ടോബർ 7ന്, ഇസ്രയേലിനെതിരെ പ്രത്യാക്രമണം നടത്താൻ ഹമാസ് നിർബന്ധിതരായപ്പോൾ, അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ സയണിസ്റ്റ് രാഷ്ട്രത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ഇസ്രയേലിലേക്ക് കുതിച്ചെത്തി. "കലർപ്പില്ലാത്ത തിന്മ" എന്ന് ഹമാസിനെ ബൈഡൻ വിശേഷിപ്പിക്കുകയും അമേരിക്ക "ഇസ്രയേലിനൊപ്പം നിൽക്കുന്നു" എന്ന് പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ ഇസ്രയേൽ ഗാസയിൽ നിരന്തരം ബോംബാക്രമണം നടത്തുകയും നിലവിൽ കരയാക്രമണം നടത്തുകയും ചെയ്യുന്നു. 35,000ത്തിലധികം നിരപരാധികളായ പലസ്തീനികൾ ഇതിനകം കൊല്ലപ്പെട്ടു കഴിഞ്ഞു. പലസ്തീൻ ഭൂമിയിലെ 2.3 ദശലക്ഷം ആളുകൾ താമസിക്കുന്ന ഗാസയിലെയും റാഫയിലെയും ചെറിയ പ്രദേശങ്ങൾക്കുനേരെ നടത്തുന്ന ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ പോലും ഇസ്രയേലിനെ വിമർശിക്കാതിരിക്കാൻ അമേരിക്ക ശ്രദ്ധിച്ചു. മാനുഷിക വശം പരിഗണിച്ച് ഇസ്രയേലിന്റെ ആക്രമണങ്ങൾ നിർത്തണമെന്ന് ആവശ്യപ്പെടുന്ന യുഎൻ രക്ഷാസമിതി പ്രമേയവും അമേരിക്ക വീറ്റോ ചെയ്തു, യുഎൻ പൊതുസഭയിൽ മാനുഷിക പരിഗണനയിൽ വെടിനിർത്തൽ ആവശ്യപ്പെടുന്ന പ്രമേയത്തിനെതിരെ വോട്ട് ചെയ്തു. പ്രമേയം ഭൂരിപക്ഷത്തോടെ പാസായി. പിന്നീട്, ഇസ്രയേലി ക്രൂരത എല്ലാ പരിധികളും മറികടന്നപ്പോൾ, തെക്കൻ ഗാസ നഗരമായ റാഫയിൽ ഇസ്രയേൽസൈന്യം നടത്തിയ ആക്രമണത്തോടുള്ള എതിർപ്പ് നടിക്കാൻ അമേരിക്കൻ ഭരണകൂടം കഴിഞ്ഞ മെയ് മാസത്തിൽ ഇസ്രയേലിലേക്കുള്ള ആയുധങ്ങളുടെ കയറ്റുമതി താൽക്കാലികമായി നിർത്തി. എന്നാൽ ആയുധ കയറ്റുമതിയിലെ ഈ താൽക്കാലിക വിരാമം ഇസ്രയേലിന് വാഷിംഗ്ടൺ നൽകുന്ന ആയുധങ്ങളുടെ മൊത്തത്തിലുള്ള അളവിന്റെ വളരെ ചെറിയ ശതമാനമാണ്. മാത്രവുമല്ല, റാഫയിൽ വെടിനിർത്തലിനും കൂട്ടക്കൊല ഉടൻ അവസാനിപ്പിക്കുന്നതിനും വേണ്ടിയുള്ള അമേരിക്കൻ പ്രസിഡന്റിന്റെ ആഹ്വാനവും ഗാലറിക്കുവേണ്ടിയുള്ള കളിയാണ്.

യുഎൻ, ഐസിജെ, കുറ്റകൃത്യങ്ങൾക്ക് വ്യക്തികളെ പ്രോസിക്യൂട്ട് ചെയ്യുന്ന ഇന്റർനാഷണൽ ക്രിമിനൽ കോടതി (ഐസിസി) എന്നിവയും യുഎസിന്റെ തിട്ടൂരങ്ങൾക്ക് വിധേയമാണ്. അമേരിക്കയുടെ നിർദ്ദേശങ്ങൾക്ക് മുന്നിൽ നട്ടെല്ല് വളയ്ക്കാൻ വിസമ്മതിച്ച ഐക്യ സുഡാനിലെ പ്രസിഡന്റായിരുന്ന ഒമർ അൽ ബഷീറിന്റെ കാര്യം പ്രസ്താവ്യമാണ്. സുഡാന്റെ പടിഞ്ഞാറൻ ഭാഗമായ ഡാർഫറിൽ സൈന്യത്തിന്റെ അതിരുകടന്ന കൈയേറ്റങ്ങളുടെ റിപ്പോർട്ടുകൾ സൃഷ്ടിച്ച് അമേരിക്കയും സഖ്യകക്ഷികളും അവിടെ നടക്കുന്ന മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചുള്ള വ്യാപകമായ പ്രചാരണം നടത്തുകയും യുദ്ധക്കുറ്റങ്ങളും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങളും ചുമത്താൻ ഐസിസിയെ പ്രേരിപ്പിക്കുകയും ചെയ്തു. ഐസിസി, വിനീതമായ അനുസരണയോടെ, പ്രസിഡന്റ് ഒമർ അൽ ബഷീറിനെതിരെ 2009 മാർച്ച് 4ന് അറസ്റ്റ് വാറണ്ടും 2010 ജൂലൈ 12ന് രണ്ടാമത്തെ വാറണ്ടും പുറപ്പെടുവിച്ചു. ഒടുവിൽ, അദ്ദേഹത്തെ പുറത്താക്കി, സുഡാൻ രണ്ട് ഭാഗങ്ങളായി വിഭജിക്കപ്പെട്ടു. സ്വതന്ത്ര പരമാധികാര രാഷ്ട്രമായിരുന്ന ഇറാഖിന്റെ പ്രസിഡന്റ് സദ്ദാം ഹുസൈൻ കൂട്ടനശീകരണ ആയുധങ്ങൾ (ഡബ്ല്യുഎംഡി) കൈവശം വച്ചിരിക്കുന്നു എന്ന വ്യാജആരോപണമുയർത്തി ആ രാജ്യത്തെ ആക്രമിക്കുകയും അധിനിവേശപ്പെടുത്തുകയും ചെയ്ത അതേ രീതിയിലാണ് ഇതും ചെയ്തത്.

നിരപരാധികളായ പൗരന്മാർക്കെതിരായ യുദ്ധങ്ങൾക്ക് ഇന്ധനം നൽകുന്നതും പലസ്തീൻപോലുള്ള രാഷ്ട്രങ്ങളുടെ അവകാശവാദത്തെ അടിച്ചമർത്തുന്നതും വിവിധ രാജ്യങ്ങളിൽ വംശീയവും വർഗ്ഗീയവുമായ യുദ്ധങ്ങൾ വളർത്തിയെടുക്കുന്നതും മനുഷ്യാവകാശങ്ങളെ ശിക്ഷാനടപടികളില്ലാതെ അട്ടിമറിക്കുന്നതും സാമ്രാജ്യത്വതന്ത്രമാണ്.

സോഷ്യലിസ്റ്റ് ചേരി നിലനിന്നിരുന്ന കാലത്ത് സാമ്രാജ്യത്വ സ്രാവുകൾക്ക് ഇത്തരം ജനവിരുദ്ധ, നാഗരികതവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യാൻ ധൈര്യമുണ്ടായില്ല. സോഷ്യലിസ്റ്റ് ചേരിയുടെ അഭാവത്തിൽ, ലോകമെമ്പാടുമുള്ള ഒരു ശക്തമായ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തിന് മാത്രമേ സാമ്രാജ്യത്വത്തിന്റെ കുത്സിതനീക്കങ്ങളെ തടയാൻ കഴിയൂ.

## ഇന്ത്യാഗവൺമെന്റിന്റെ ഇരട്ടത്താപ്പ്

നരേന്ദ്രമോദി സർക്കാർ രഹസ്യമായും, പലപ്പോഴും പരസ്യമായും ഇസ്രയേലിന് അനുകൂലമായ നിലപാടാണ് കൈക്കൊണ്ടുവരുന്നത്. ഇസ്രയേലിനെതിരെയുള്ള ഹമാസിന്റെ ഭീകരാക്രമണത്തെ ഇന്ത്യ അപലപിച്ചു. എന്നാൽ ഇസ്രയേൽ ഗാസക്കുമേൽ ആക്രമണം നടത്തുമ്പോൾ മൗനം പാലിച്ചു. ഐക്യരാഷ്ട്ര സംഘടനയിൽ ഇസ്രയേലിന്റെ ആക്രമണത്തിനെതിരെ നടന്ന വോട്ടെടുപ്പുകളിൽ പലപ്പോഴും ഇന്ത്യ ഇസ്രയേലിന് അനുകൂലമായി വിട്ടുനിന്നു. ഗാസയിലെ മരണങ്ങൾക്ക് ഇസ്രയേലിനെ നേരിട്ടു കുറ്റപ്പെടുത്താതിരിക്കാൻ ഇന്ത്യയുടെ വിദേശകാര്യമന്ത്രാലയം പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. നരേന്ദ്ര മോദി പ്രധാനമന്ത്രിയായശേഷം, ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിയായി ഇസ്രയേൽ മാറി. ഇന്ത്യൻ മുതലാളിത്തത്തിന്റെ താത്പര്യാർത്ഥമാണിത്. അമേരിക്കയുടെ സാമ്രാജ്യത്വ നിലപാടുകളോടു ചേർന്നു പോകുന്നതാണ് ഇന്ത്യയുടെ നിലപാടുകൾ. ഇസ്രയേൽ ഗാസയിൽ നടത്തുന്ന കൂട്ടക്കുരുതി മനുഷ്യത്വത്തിന്റെ എല്ലാ സീമകളും ലംഘിക്കുകയും, യൂറോപ്പിൽ നിന്നടക്കം വിവിധ രാജ്യങ്ങൾ ഇസ്രയേലിനെ തള്ളിപ്പറഞ്ഞ് പലസ്തീനെ സ്വതന്ത്രരാഷ്ട്രമായിത്തന്നെ അംഗീകരിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ മാത്രമാണ്, യുഎൻ വോട്ടെടുപ്പുകളിലെങ്കിലും ഇന്ത്യ ഇസ്രയേലിനെതിരെ വോട്ടു ചെയ്തത്. ഇന്ത്യ രഹസ്യമായി ഈ യുദ്ധത്തിൽ ഒരു നിഴൽ പങ്കാളിയാകുന്നു എന്ന റിപ്പോർട്ടുകൾ അന്താരാഷ്ട്ര മാധ്യമങ്ങളിൽ വരുന്നു. ഗാസയിലേക്ക് ദുരിതാശ്വാസ സാമഗ്രികളയച്ചു എന്നു പറയുന്ന ഇന്ത്യയിൽനിന്നുതന്നെ, ഇസ്രയേലിനുള്ള ആയുധങ്ങളും എത്തുന്നു എന്ന വാർത്തകളും വരുന്നു. ഇന്ത്യയുടെ തീരത്തുനിന്നും ഇസ്രയേലിനുള്ള പടക്കോപ്പുകളുമായി പുറപ്പെട്ട കപ്പൽ സ്പെയിനിന്റെ തീരത്ത് തടഞ്ഞത് വാർത്തയായിരുന്നു. ആയുധഭാഗങ്ങൾ നിർമ്മിക്കുന്ന കമ്പനികളാണ് അയച്ചിരിക്കുന്നതെങ്കിലും സർക്കാരിന്റെ മൗനാനുവാദമില്ലാതെ അത് സംഭവിക്കില്ലല്ലോ! അതുപോലെതന്നെ, ഇസ്രയേൽ ആക്രമണത്തിനുപയോഗിക്കുന്ന ഡ്രോണുകളും മിസൈലുകളും അടക്കമുള്ളവയുടെ ഘടകങ്ങൾ ഇന്ത്യയിലുള്ള കൂട്ടുസംരംഭങ്ങൾ വഴി നിർമ്മിക്കുന്നതാണ്. അദാനി ഡിഫൻസ് ആൻഡ് എയറോസ്പേസും ഇസ്രയേലിന്റെ എൽബിത്ത് സിസ്റ്റംസും ചേർന്നുള്ള കൂട്ടുസംരംഭം ഇന്ത്യയിൽ നിർമ്മിക്കുന്ന പ്രതിരോധ ഉപകരണങ്ങൾ ഇസ്രയേലിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടെന്ന് അൽ ജസീറ പോലെയുള്ള അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

യുദ്ധം തുടങ്ങിയശേഷം, ഇസ്രയേലിലേക്ക് ഇന്ത്യയിൽനിന്ന് നിരവധി സാധാരണക്കാരായ തൊഴിലാളികളെ ജോലിക്കായി റിക്രൂട്ട് ചെയ്യുന്നു. വിദൂരഗ്രാമങ്ങളിൽനിന്നുപോലും രൂക്ഷമായ തൊഴിലില്ലായ്മമൂലം ജീവാപായസാദ്ധ്യത പരിഗണിക്കാതെ, യാതൊരു ജീവസുരക്ഷയും അവകാശപ്പെടാനില്ലാത്ത ഒരു രാജ്യത്തേക്കാണ് നിസ്സഹായരും ദരിദ്രരുമായ തൊഴിലാളികളുടെ ഈ ഗതികെട്ട യാത്ര.

ഒരുവശത്ത് മോദി സർക്കാർ ഗാസയിലെ ജീവനാശത്തെച്ചൊല്ലി കണ്ണീരൊഴുക്കുകയും വെടിനിർത്തലിനായി അപേക്ഷിക്കുകയും ചെയ്യുന്നു. മറുവശത്ത്, പലസ്തീൻ ജനതയ്ക്കെതിരെ വംശഹത്യക്കു തുല്യമായ കുറ്റകൃത്യം ചെയ്യുന്ന ഇസ്രയേലിന് അവർ എല്ലാവിധ രഹസ്യപിന്തുണയും നൽകുന്നു. സാമ്രാജ്യത്വ-മുതലാളിത്തത്തിന് പാദസേവ ചെയ്യുന്ന വിശ്വസ്തസേവകരായ മോദിസർക്കാരിന്റെ ഈ ഇരട്ടത്താപ്പ് കൂടി നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ■




കായംകുളം പാർക്ക് മൈതാനിയിൽ ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച പലസ്തീൻ ഐക്യദാർഢ്യ സമ്മേളനം ഡോ.ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു




ജൂൺ 28ന് മലപ്പുറം, തിരൂരിൽ നടന്ന പലസ്തീൻ ഐക്യദാർഢ്യ യുദ്ധവിരുദ്ധ തെരുവിന് മുന്നോടിയായി വിദ്യാർത്ഥികൾ സംഘടിപ്പിച്ച റാലി.

# രാജ്യത്തെ നടുക്കിയ ട്രെയിൻ അപകടം വീണ്ടും

**മോ**ദി ഭരണത്തിൽ പത്തു വർഷത്തിനിടയിൽ 23-ാമത്തേതാണ് കഴിഞ്ഞ ജൂൺ 17ന് പശ്ചിമബംഗാളിലെ ന്യൂ ജൽപായ്ഗുരിയിലുണ്ടായത്. 9 പേർ അപകടസ്ഥലത്തുവച്ചുതന്നെ മരിക്കുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്കുകളേൽക്കുകയും ചെയ്തു. നിർത്തിയിട്ടിരുന്ന കാഞ്ചൻജംഗ എക്സ്പ്രസിലേയ്ക്ക് ഗുഡ്സ് ട്രെയിൻ ഇടിച്ചുകയറുകയായിരുന്നു. ഈദ് ആഘോഷം ഒഴിവാക്കി നാട്ടുകാർ ഓടിയെത്തിയതുകൊണ്ടാണ് പലരുടെയും ജീവൻ രക്ഷിക്കാനായത്.

371 വിലപ്പെട്ട ജീവനുകളാണ് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ അപഹരിക്കപ്പെട്ടത്. ഒരുവർഷം ശരാശരി 80പേർ ട്രെയിൻ അപകടത്തിൽ മരിക്കുന്നുണ്ട്. ട്രെയിൻ യാത്രക്കൂലിയും മറ്റ് ചാർജ്ജുകളും നിരന്തം വർദ്ധിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന് യാത്രക്കാരുടെ സൗകര്യങ്ങളിൽ പോയിട്ട് ജീവനിൽപോലും ഒരു താൽപര്യവുമില്ലെന്നാണ് ആവർത്തിച്ചുണ്ടാകുന്ന ഈ അപകടങ്ങൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ ബാലസോർ അപകടത്തെത്തുടർന്ന് ട്രെയിൻ കൂട്ടിമുട്ടൽ ഒഴിവാക്കാനായി 'കവച്' എന്ന പേരിൽ ഒരു സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, അതിനിയും വേണ്ടവണ്ണം നിലവിൽ വന്നിട്ടില്ല. സിഗ്നൽ തെറ്റിച്ചാൽ ലോക്കോപൈലറ്റിന് മുന്നറിയിപ്പ് നൽകുന്നതും സ്പീഡ് കുറച്ചില്ലെങ്കിൽ ആട്ടോമാറ്റിക് ആയിട്ട് ബ്രേക് പ്രവർത്തിക്കുന്നതുമായ സംവിധാനമാണ് കവച്. റയിൽവേ സ്റ്റേഷനിലും ട്രാക്കിലും ട്രെയിനിലും ഏർപ്പെടുത്തുന്ന ത്രിതല സംവിധാനമാണിത്. റയിൽവേ ബജറ്റിന്റെ രണ്ടുശതമാനം മതി ഇത് രാജ്യത്താകമാനം നടപ്പിലാക്കുവാൻ. എന്നാൽ ട്രാക്കിന്റെ വെറും രണ്ടുശതമാനത്തിലും ട്രെയിനുകളിൽ വെറും ഒരു ശതമാനത്തിനും മാത്രമാണ് ഇതുവരെ ഇത് ഏർപ്പെടുത്തിയത്. ഇപ്പോഴത്തെ സ്ഥിതിയിൽപ്പോയാൽ റൂട്ടിൽ 46 വർഷവും എഞ്ചിനിൽ 100 വർഷവും എടുക്കും.

റെയിൽവേയിൽ ജീവനക്കാരുടെ എണ്ണം വൻതോതിൽ വെട്ടിക്കുറയ്ക്കുകയാണ്. ട്രാക്ക് പരിശോധന, സിഗ്നൽ സംവിധാനത്തിന്റെ മേൽനോട്ടം ഉടങ്ങി മർമ്മപ്രധാനമായ മേഖലകളിൽ



പ്പോലും ആവശ്യത്തിന് ജീവനക്കാരില്ല. പലമേഖലകളും സ്വകാര്യവത്ക്കരിച്ചുകൊണ്ടുമിരിക്കുന്നു. ബാലസോർ അപടകത്തെത്തുടർന്ന് പുറത്തുവന്ന ഞെട്ടിപ്പിക്കുന്ന വാർത്ത റയിൽവേയിലെ ഒഴിവുകൾ മൂന്നരലക്ഷത്തിന് മേലെയാണ് എന്നതായിരുന്നു. അപകടമുണ്ടാകുമ്പോൾ ജീവനക്കാരെ പഴിക്കുകയോ എന്തെങ്കിലും നഷ്ടപരിഹാരം നൽകുകയോ ചെയ്യുന്നതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാനാകില്ല. സുരക്ഷാ സംവിധാനങ്ങളും രക്ഷാപ്രവർത്തനത്തിനുള്ള സംവിധാനങ്ങൾപോലും അപര്യാപ്തമാണ്. റെയിൽവേയുടെ നേട്ടങ്ങളെല്ലാം സ്വന്തം നേട്ടങ്ങളായി അവതരിപ്പിക്കുന്ന, 49 അതിവേഗ ഭാരത് ട്രെയിനുകൾ ആരംഭിച്ചതിന്റെ പേരിൽ ഊറ്റംകൊള്ളുന്ന പ്രധാനമന്ത്രി എന്തുകൊണ്ട് നിരന്തരമുണ്ടാകുന്ന ഇത്തരം അപകടങ്ങളുടെയും കുറ്റകരമായ അനാസ്ഥയുടെയുമൊക്കെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ല?

ശക്തമായ ഒരു ജുഡീഷ്യൽ അന്വേഷണം ഈ വിഷയത്തിൽ നടത്തണമെന്നും അപകടത്തിനിരയായവർക്കും മരിച്ചവരുടെ കുടുംബങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകണമെന്നും അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സംവിധാനം ഉടനടി സ്ഥാപിക്കണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ആവശ്യപ്പെടുന്നു.

സംഭവം നടന്നയുടൻ എഐഡിഎസ്ഒ പ്രവർത്തകർ സ്ഥലത്തെത്തി രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി. സംഭവം നടന്ന രംഗപാണി എന്ന സ്ഥലത്തും അപകടത്തിൽപെട്ടവരെ കൽക്കത്തയിലേയ്ക്ക് കൊണ്ടുപോയ ട്രെയിനിലും ഉത്തരംബംഗാൾ മെഡിക്കൽ കോളജ് പടിക്കലുമൊക്കെ മെഡിക്കൽ സർവീസ് സെന്ററിന്റെ വിവിധ സംഘങ്ങളും പ്രവർത്തന നിരതമായിരുന്നു. അപകടത്തിൽപ്പെട്ടവരുടെ ചികിത്സയിലുള്ള ഉത്തരവാദിത്തം പൂർണമായും സർക്കാർ ഏറ്റെടുക്കണമെന്നും മെഡിക്കൽ സർവീസ് സെന്റർ ആവശ്യപ്പെട്ടിരുന്നു. ■

# നീറ്റ് പരീക്ഷ റദ്ദാക്കി ഉടൻ പുനഃപരീക്ഷ നടത്തുക ക്രമക്കേടുകൾക്ക് ഉത്തരവാദിയായ എൻടിഎ ചെയർമാനും മറ്റ് അധികാരികൾക്കുമെതിരെ നടപടി സ്വീകരിക്കുക

**മേ**യ് 5ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി(എൻടിഎ) നടത്തിയ നീറ്റ് പരീക്ഷയിലെ ഞെട്ടിപ്പിക്കുന്ന അഴിമതിയും കൃത്രിമങ്ങളും പരീക്ഷ എഴുതിയ 24 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും മാനസികമായി തകർത്തിരിക്കുന്നു. പരീക്ഷ കഴിഞ്ഞ ഉടൻതന്നെ ചോദ്യപേപ്പർ ചോർന്നുവെന്ന ആരോപണം വന്നിരുന്നു. ജൂൺ 4ന് രാജ്യം തിരഞ്ഞെടുപ്പ് ഫലം ശ്രദ്ധിച്ചു കൊണ്ടിരുന്നതിനിടയിൽ നേരത്തേ പ്രഖ്യാപിച്ചതിൽ നിന്നു 10 ദിവസം മുമ്പേ പരീക്ഷയുടെ റിസൽട്ട് വന്നു.

പരീക്ഷയ്ക്ക് വേണ്ടത്ര സമയം കിട്ടിയില്ല എന്ന ചില വിദ്യാർത്ഥികളുടെ പരാതിയെത്തുടർന്ന് പ്രോസ്പക്ടസിൽ ഇല്ലാത്ത മാനദണ്ഡം അനുസരിച്ച് 1563 പേർക്ക് ഗ്രേസ് മാർക്ക് നൽകി എന്നതും 67 പേർക്ക് 720ൽ 720 മാർക്കും ലഭിച്ചു എന്നതും ഇതിൽ 40 പേർക്ക് ഗ്രേസ് മാർക്ക് ലഭിച്ചിരുന്നു എന്നതും ഉടൻ വെളിവായി. ചോദ്യപേപ്പർ ചോർത്തിയെടുത്ത് ലക്ഷങ്ങൾ വാങ്ങി അവ വിറ്റഴിച്ചതിനും പരീക്ഷയിൽ കൃത്രിമം നടത്തിയതിനും തെളിവുകൾ ഒന്നിനുപുറകെ ഒന്നായി രാജ്യത്തെല്ലായിടത്തു നിന്നും പുറത്തു വന്നുകൊണ്ടേയിരുന്നു. വിവിധ കോടതികളിൽ എത്തിയ കേസുകൾ ഒന്നാകെ പരിഗണിച്ച സുപ്രീം കോടതി പരീക്ഷയുടെ വിശ്വാസ്യതയെപ്പറ്റി സംശയമുന്നയിച്ചുവെങ്കിലും അമ്പരപ്പിക്കുന്ന വിധത്തിൽ കൗൺസലിംഗ് നടപടികളുമായി മുന്നോട്ടു പോകാൻ അനുമതി നൽകി. മാസങ്ങളോളം, ചിലപ്പോൾ വർഷങ്ങളോളം അദ്ധ്വാനിച്ചു പഠിച്ചു പരീക്ഷയെഴുതിയ ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ അങ്ങനെ വലിയ നീതികേടിനിരയായിരിക്കുകയാണ്. എൻടിഎയുടെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും തെളിവെന്ന വിധത്തിൽ ജൂൺ 18ന് നടന്ന സിഎസ്ഐആർ-യുജിസി-നെറ്റ് പരീക്ഷയും വ്യക്തമാക്കാത്ത കാരണത്താൽ റദ്ദുചെയ്തിരിക്കുന്നു.




നീറ്റ് പരീക്ഷാക്രമക്കേടിനെതിരെ എഐഡിഎസ്ഒ ജൂൺ 23ന് കോട്ടയത്ത് നടത്തിയ പ്രതിഷേധമാർച്ച്.

മുമ്പ് മെഡിക്കൽ സീറ്റുകളിലേക്കുള്ള പ്രവേശന പരീക്ഷ സംസ്ഥാനങ്ങളായിരുന്നു നടത്തിയിരുന്നത്. അതിൽ അഴിമതി ഉണ്ടെന്ന കാരണം പറഞ്ഞാണ് 'ഒരു രാജ്യം, ഒരു പരീക്ഷ' എന്ന നയത്തിനനുസരിച്ച് 2013ൽ രാജ്യത്താകമാനം ബാധകമായ, കേന്ദ്രീകൃതമായ നീറ്റ് പരീക്ഷ ആവിഷ്ക്കരിച്ചത്. 2017 മുതൽ എൻടിഎയാണ് പരീക്ഷ നടത്തുന്നത്. ഫെഡറൽ തത്വങ്ങൾക്ക വിരുദ്ധമായതും ഇന്ത്യയുടെ വൈവിദ്ധ്യങ്ങളെ അവഗണിക്കുന്നതുമായ ഈ കേന്ദ്രനയത്തെ വിദ്യാഭ്യാസ വിചക്ഷണരും തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളും അന്നു മുതൽ തന്നെ എതിർക്കുകയാണ്. ലക്ഷക്കണക്കിനു വിദ്യാർത്ഥികളിൽ നിന്ന് കോടിക്കണക്കിനു രൂപ പരീക്ഷാഫീസായി പിരിക്കുന്ന എൻടിഎ പരീക്ഷാനടത്തിപ്പിൽ കുറ്റമറ്റ സംവിധാനങ്ങളൊന്നുമൊരുക്കിയിട്ടില്ല. മിക്കവാറും താല്ക്കാലിക ജീവനക്കാരാണ് ജോലികൾ ചെയ്യുന്നത്. തുടക്കം മുതൽ പരാതികൾ പ്രവഹിച്ചു കൊണ്ടിരുന്നു. കേന്ദ്ര ബിജെപി സർക്കാരിന്റെ പിന്തുണയുള്ളവരാണ് എൻടിഎയുടെ തലപ്പത്തുള്ളത്.

മോദി സർക്കാരിന്റെ അഴിമതിയുടെ ആഴവും പരപ്പും റാഫേൽ ഇടപാടു മുതൽ തിരഞ്ഞെടുപ്പു ബോണ്ട് വരെയുള്ള സംഭവങ്ങളിലൂടെ രാജ്യം കണ്ടതാണ്. എന്നാൽ വിദ്യാഭ്യാസരംഗത്തെ ഈ അഴിമതി ലക്ഷക്കണക്കിന് കൗമാരക്കാരുടെ സ്വപ്നങ്ങളും നീതിയിലുള്ള വിശ്വാസവും തകർത്തുകളഞ്ഞിരിക്കുന്നു.

ഓരോ സംസ്ഥാനത്തിനും അനുരൂപമായ വിധത്തിൽ പ്രവേശന പരീക്ഷ നടത്തുക എന്നതാണ് ഇന്ത്യയിൽ ശാസ്ത്രീയമായി സാധുവായ രീതി. അത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം അഴിമതിയെ കേന്ദ്രീകരിക്കുന്ന വിധത്തിൽ ആരോടും ബാധ്യതയില്ലാത്ത ഒരു ഏജൻസിയെ പരീക്ഷാനടത്തിപ്പ് ഏൽപ്പിച്ച്, രാജ്യത്തെ മുഴുവൻ വിദ്യാഭ്യാസ സംവിധാനങ്ങളെയും കേന്ദ്രസർക്കാരിന്റെ കാൽക്കീഴിലേക്ക് കൊണ്ടുവരാനാണ് ഈ കേന്ദ്രീകൃത നീറ്റ് പരീക്ഷ. സാധാരണക്കാരെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തു നിന്ന് ആട്ടിയകറ്റുന്ന തരത്തിൽ കോച്ചിംഗ് സെന്ററുകളിൽ ലക്ഷക്കണക്കിനു രൂപ ഫീസ് കൊടുത്തു പരിശീലനം തേടുന്നവർക്കു മാത്രം സീറ്റ് ലഭ്യമാകുന്ന തരത്തിൽ പ്രവേശന രീതി മാറിയിരിക്കുന്നു. കോച്ചിംഗ് കേന്ദ്രങ്ങൾ ലോബിയിംഗ് നടത്തി പ്രവേശനം അട്ടിമറിക്കുന്ന സ്ഥിതിയുമുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ കേന്ദ്രീകൃത പരീക്ഷാസമ്പ്രദായം അവസാനിപ്പിച്ച് സംസ്ഥാനങ്ങളിൽ പ്രവേശന പരീക്ഷ നടത്തണം.

ഇത്തവണത്തെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ എൻടിഎ ചെയർമാനും മറ്റ് അധികാരികൾക്കുമെതിരെ കേസെടുത്ത് ക്രിമിനൽ നടപടിക്കു വിധേയമാക്കണം. കഴിഞ്ഞ 5 വർഷം ഈ ക്രമക്കേടുകൾക്കു കൂട്ടുനില്ക്കുകയോ തടയാൻ നടപടികളെടുക്കാതിരിക്കുകയോ ചെയ്തു, വീണ്ടും വിദ്യാഭ്യാസമന്ത്രിയായി അധികാരത്തിലേറിയ ധർമേന്ദ്ര പ്രധാൻ ഉടനടി തൽസ്ഥാനം രാജിവയ്ക്കുകയും വേണം.

സുപ്രീം കോടതി ജൂലൈ 8ന് വിധി പറയുന്നതിനു മുമ്പു തന്നെ സർക്കാർ ഈ വർഷത്തെ നീറ്റ് പരീക്ഷ റദ്ദാക്കി പുനഃപരീക്ഷയ്ക്കു നടപടിയെടുത്താലേ വിദ്യാർത്ഥികൾക്ക് അല്പമെങ്കിലും നീതിലഭിക്കുകയുള്ളൂ. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2024 July
Price: Rs. 10.00

# ബിറ്റുമിൻ പ്ലാന്റിനെതിരെ നടന്ന സമരത്തിന് വിജയപരിസമാപ്തി

പത്തനംതിട്ട ജില്ലയിൽ, കോയിപ്രം പഞ്ചായത്തിലെ കടപ്ര, തട്ടക്കാട് പ്രവർത്തിച്ചിരുന്ന ബിറ്റുമിൻ ടാർ മിക്സിങ് പ്ലാന്റ് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് സമരസമിതിയുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന അനിശ്ചിതകാല സമരം വിജയം വരിച്ചു. പ്ലാന്റിനെതിരെ വർഷങ്ങളായി ജനങ്ങൾ പ്രതിഷേധത്തിലാണ്.

വിഷപ്പുക ശ്വസിച്ചും അന്തരീക്ഷത്തിലെ പാറപ്പൊടിമൂലവും പ്രദേശവാസികൾ അതിരൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നു എന്ന് ആരോഗ്യവകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. പ്ലാന്റ് പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷനും ഉത്തരവിട്ടിരുന്നു. പഞ്ചായത്ത് അധികാരികളുടെ നിരുത്തരവാദപരമായ നിലപാടിനെതിരെ അനിശ്ചിതകാല സമരവുമായി പ്രദേശവാസികൾ പ്ലാന്റിനുമുന്നിൽ പന്തൽ കെട്ടി പ്രതിഷേധം ആരംഭിച്ചു. സംസ്ഥാനമെമ്പാടുമുള്ള പരിസ്ഥിതി, സമരസംഘടനകളും വ്യക്തികളും പിന്തുണ അറിയിച്ചുകൊണ്ട് എത്തിച്ചേർന്നിരുന്നു.


കോയിപ്രം പഞ്ചായത്ത് ഓഫീസ് മാർച്ച് ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്യുന്നു.

സമരം ശക്തിപ്പെടുത്തിക്കൊണ്ട് ജൂൺ 22ന് നടന്ന പഞ്ചായത്ത് ഓഫീസ് മാർച്ച് ജോസഫ് സി. മാത്യു ഉദ്ഘാടനം ചെയ്തു. പ്രദേശവാസികളുടെ ശക്തമായ സമരത്തെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റി പ്ലാന്റിന് അനുമതി റദ്ദാക്കാൻ തീരുമാനിച്ചുവെങ്കിലും ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. തുടർന്നും പ്ലാന്റ് പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ട ജനങ്ങൾ പ്ലാന്റ് ഉപരോധിക്കുകയും ലോഡ് കയറ്റാനെത്തിയ വാഹനം തടയുകയും ചെയ്തു. ഉപരോധക്കാർ വഴിയിൽ അടുപ്പുകൂട്ടി സമര കഞ്ഞിവെക്കാനും ആരംഭിച്ചു. ഇതേത്തുടർന്ന് പഞ്ചായത്ത് അധികാരികൾ എത്തി സ്റ്റോപ്പ് മെമ്മോ കൈമാറുകയാണ് ഉണ്ടായത്. പ്ലാന്റ് അടച്ചുപൂട്ടുന്നതുവരെ സമരവുമായി മുന്നോട്ടുപോകുമെന്ന് ഭാരവാഹികൾ അറിയിച്ചു. ■

**ലഹരി - മദ്യമാഫിയയ്ക്കെതിരെ...**


അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 27ന് എഐഎംഎസ്എസ് കോഴിക്കോട് കാക്കൂരിൽ സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി കെ.എം.ബീവി പ്രസംഗിക്കുന്നു.

**ജങ്കാർ പുനഃരാരംഭിക്കുക...**



ആലപ്പുഴ ജില്ലയിൽ പുളിങ്കുന്ന് ജങ്കാർ സർവീസ് പുനഃരാരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൗരസമിതി നടത്തിയ ധർണയിൽ നന്ദനൻ വലിയപറമ്പിൽ പ്രസംഗിക്കുന്നു.



നാലുവർഷ ഡിഗ്രികോഴ്സിനെതിരെ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സെക്രട്ടേറിയറ്റിനുമുന്നിൽ സംഘടിപ്പിച്ച പ്രതിഷേധസംഗമത്തിൽ ഡോ.എം.ജ്യോതിരാജ് പ്രസംഗിക്കുന്നു.

# നാലുവർഷ ബിരുദത്തിനെതിരെ പ്രതിഷേധ സംഗമം

നിലനിൽക്കുന്ന ബിരുദ വിദ്യാഭ്യാസത്തെ ഇല്ലാതാക്കാൻ ലക്ഷ്യമിടുന്ന നാലു വർഷ ബിരുദ പരിപാടി സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ മരണമണിയാണെന്ന് മുൻ ഉന്നതവിദ്യാഭ്യാസ ഉപദേഷ്ടാവ് ഡോ.എം.ജ്യോതിരാജ് പറഞ്ഞു. ബിഎ, ബിഎസ്‌സി കോഴ്സുകളിലെ മെയിൻ വിഷയപഠനം പൂർണമായി ഒഴിവാക്കുന്നതാണ് നാലുവർഷ ഡിഗ്രി പ്രോഗ്രാം. ബഹുവിഷയാധിഷ്ഠിത പഠനം എന്ന പേരിൽ മുഖ്യവിഷയത്തെ മാറ്റി തൊഴിൽ നൈപുണീ പരിശീലനം മാത്രമാക്കുന്ന വികല പരിപാടി മാത്രമാണ് നാലുവർഷ ബിരുദ പരിപാടി. അക്കാദമിക പഠനത്തേക്കാൾ തൊഴിൽ പഠിക്കുന്നതിനാണ് ഇതിൽമുൻതൂക്കം. ഡോ.ജ്യോതിരാജ് കൂട്ടിച്ചേർത്തു. നാലുവർഷ ബിരുദ പരിപാടി നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ട് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സെക്രട്ടേറിയറ്റിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഡിപിഇപിയാണ് നാലു വർഷ ബിരുദ പ്രോഗ്രാമെന്ന് വിദ്യാഭ്യാസ പ്രവർത്തകൻ എം.ഷാജർഖാൻ പറഞ്ഞു. അക്കാദമിക രംഗത്തെ പ്രഗത്ഭരായ വ്യക്തിത്വങ്ങൾ നാലു വർഷ കോഴ്സ് നടപ്പാക്കരുത് എന്നാവശ്യപ്പെട്ട സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്നതിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് എം.ഷാജർഖാൻ അഭ്യർത്ഥിച്ചു.

പ്രൊഫ.എ.വി.ജോർജ്ജ്, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, കെ.ബാബുരാജ്, എം.കെ.ഷഹസാദ് എന്നിവർ പ്രസംഗിച്ചു. അഡ്വ. ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ചു. കെ.ശശാങ്കൻ സ്വാഗതവും ഡോ.വൈ.ജോൺസൺ നന്ദിയും പറഞ്ഞു. ■

# എഐഡിവൈഒ 59-ാം സ്ഥാപന ദിനം ആചരിച്ചു



എഐഡിവൈഒ 58-ാം സ്ഥാപനവാർഷികം ആചരിച്ചുകൊണ്ട് എറണാകുളത്ത് നടന്ന റാലി.

അതിരൂക്ഷമായ തൊഴിലില്ലായ്മക്കും സാംസ്കാരിക അധഃപതനത്തിനുമെതിരെ പൊരുതുന്ന വിപ്ലവ യുവജന പ്രസ്ഥാനമായ എഐഡിവൈഒ(ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ) 58-ാം സ്ഥാപന ദിനം ആചരിച്ചു. ആചരണത്തിന്റെ ഭാഗമായി എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ പലസ്തീൻ ഐക്യദാർഢ്യ പ്രകടനവും പൊതുയോഗവും നടത്തി. യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (യുഎൻഎ) ദേശീയ പ്രസിഡന്റ് ജാസ്മിൻഷാ യോഗം ഉദ്ഘാടനം ചെയ്തു.

എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, വൈസ് പ്രസിഡന്റ് കെ.ബിമൽജി എന്നിവർ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റ് എ.റജീന സ്വാഗതവും ജില്ലാ സെക്രട്ടറി ശിൽപ്പ മോഹൻ നന്ദിയും രേഖപ്പെടുത്തി.

മെയ് 31ന് വിരമിച്ച 16,000 സർക്കാർ ജീവനക്കാരുടെ ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക, വല്ലാർപാടം ടെർമിനൽ പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ട കുടുംബങ്ങളിലെ യുവതീ-യുവാക്കൾക്ക് മൂലമ്പള്ളി പുനഃരധിവാസ പാക്കേജ് ഉത്തരവ് (GO/62/08/RD) പ്രകാരം സർക്കാർ ജോലി ഉറപ്പാക്കുക, നഴ്സിംഗ് റാങ്ക് ലിസ്റ്റിൽ നിന്നും ഉടൻ നിയമനം നടത്തുക, റെയിൽവേ തസ്തികകൾ വെട്ടിക്കുറച്ച നടപടി പിൻവലിക്കുക, പൊതുമേഖലയുടെ സ്വകാര്യവത്കരണം അവസാനിപ്പിക്കുക, മദ്യശാലകൾ അടച്ചുപൂട്ടുക, മയക്കുമരുന്ന് മാഫിയയെ ഉന്മൂലനം ചെയ്യുക, പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുക, സ്ഥിരം തൊഴിൽ സമ്പ്രദായം ശക്തമാക്കുക, താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കുക, തൊഴിലില്ലായ്മ വേതനം 3000 രൂപ നൽകുക തുടങ്ങിയ ആവശ്യങ്ങൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

മേനകയിൽനിന്നും ആരംഭിച്ച പ്രകടനത്തിന് ടി.ഷിജിൻ, രജിത ജയറാം, എ.ഷൈജു, വി. അരവിന്ദ്, ആർ.രാഹുൽ, അനീഷ് തകഴി, പി.കെ.ധർമ്മജൻ, നന്ദഗോപൻ വെള്ളത്താടി, ഉണ്ണിമോൻ കാർത്തിക, വിവേക് അഗസ്റ്റി എന്നിവർ നേതൃത്വം നൽകി. ■

Volume: 51 No: 4 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.